9

# ക്രിസ്തുവിന്റെ സമ്പൂർണ്ണതയെ കുറിച്ചുള്ള പൗലൊസിന്റെ ചിത്രം, 2

## കൊലൊസ്സ്യർ 2:10-15

### ക്രിസ്തുവിലുള്ള പൂർണ്ണത (2:10, 11)

**[10]എല്ലാ വാഴ്ച്ചക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. [11]അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു.**

**"അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (2:10)**

**പരിപൂർണ്ണരായിരിക്കുന്നു** എന്നത് തർജിമ ചെയ്തത് *പെപ്ലെരോമെനോയി* എന്ന വാക്കാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന വ്യാകരണമനുസരിച്ച് ക്രിസ്ത്യാനികൾ യേശുവിൽ പൂർണ്ണരാകുകയും തുടർച്ചയായി പരിപൂർണ്ണരാകുകയും ചെയ്യും എന്നാണ് അർത്ഥമാക്കുന്നത്. വാക്യം 9 ലെ "സമ്പൂർണ്ണത" അർത്ഥമാക്കുന്നത് പ്രവചനം "നിറവേറുന്നത്" ആയിട്ടാണ് എങ്കിൽ, ഇവിടെ ആ വാക്ക് സൂചിപ്പിക്കുന്നത് കൊലൊസ്യയിലെ ക്രിസ്ത്യാനികൾ അവരുടെ ആവശ്യങ്ങളിൽ ഒന്നിലും കുറവില്ലാത്തവരായി തീർന്നു എന്നാണ്. കാരണം യേശു "സമ്പൂർണ്ണതയുടെ" മൂർത്തീഭാവമാണ്-ദൈവസ്വഭാവം, തന്റെ അനുയായികളെ മുഴുവനായും "പരിപൂർണ്ണരാക്കുവാൻ" അവനു കഴിയും. "അവന്റെ നിറവിൽനിന്നു നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" (യോഹ. 1:16).

അവനിൽ എന്ന പ്രയോഗം, ക്രിസ്ത്യാനികൾക്ക് പൂർണ്ണരാകുവാനാവശ്യമായ ആത്മിയ ബന്ധത്തെയാണ് പറയുന്നത്. ക്രിസ്തുവിലുള്ളവർക്ക് മാത്രമാണ് ദൈവത്തോട് ബന്ധപ്പെടുവാനാവശ്യമായതെല്ലാം ഉള്ളത്. എല്ലാ ആത്മികാനുഗ്രഹങ്ങളും അവനിലാണുള്ളത് (എഫെ. 1:3). ആ അനുഗ്രഹങ്ങളിൽ, വീണ്ടെടുപ്പ്, ശിക്ഷാവിധിയില്ലായ്മ, ദൈവസ്നേഹം, വിശുദ്ധീകരണം, കൃപ, പുതിയ സൃഷ്ടി, നിരപ്പ്, ദൈവനീതി, അവന്റെ രക്തത്തിന്റെ പ്രയോജനം, പാപമോചനം, രക്ഷ, നിത്യജീവൻ എന്നിവ ഉൾപ്പെടുന്നു![1] അവനോട് ചേരുവാൻ സ്നാനം ഏൽക്കുന്നവർ മാത്രമാണ് ക്രിസ്തുവിലാകുന്നത് (റോമ. 6:3; ഗലാ. 3:27).

ക്രിസ്തുവിനു പുറത്തുള്ളവർ "ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും, പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരുമാണ്" (എഫെ. 2:12). യേശുവിനു പുറത്ത്, ആളുകൾ അപൂർണ്ണരും

“ദൂരസ്ഥരും” ആണ്; “അവനിൽ” ആ അവസ്ഥക്ക് മാറ്റമുണ്ടാകുന്നു. “മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ, ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു” (എഫെ. 2:13).

“ക്രിസ്തുവിലായവർ” ഫലം പുറപ്പെടുവിക്കാതെയും, യേശുവിൽ നിലനിൽക്കാതെയുമിരുന്നാൽ, അവരെ പുറത്തുകളഞ്ഞു ചുട്ടുകളയും (യോഹ. 15:2, 6). ഒരു ക്രിസ്ത്യാനി യേശുവുമായുള്ള ബന്ധം ഉപേക്ഷിച്ചാൽ, അയാൾ നിത്യജീവൻ എന്ന ദൈവത്തിന്റെ ദാനം നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. ക്രിസ്തുവിലായിത്തീർന്ന എല്ലാവരും പരിപൂർണ്ണരാകുന്നു, എന്നാൽ അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല (യോഹ. 14:5). ക്രിസ്തുവിൽ നിലനിൽക്കുവാൻ ഒരാൾ അവന്റെ കൽപനകൾ പ്രമാണിക്കണം (1 യോഹ. 2:3-5).

ഒരാൾക്ക് ആത്മിയ ജീവൻ ഉണ്ടാകേണ്ടതിന്നും, ദൈവത്തെ സ്വീകാര്യമായി സേവിപ്പാനും ആവശ്യമായതെല്ലാം യേശു നൽകുന്നു. മറ്റൊരു ഗുരുവിനേയോ ഉപദേശത്തെയോ സ്വീകരിക്കുന്ന ഏതു മതമായാലും തെറ്റായ അടിസ്ഥാനത്തിന്മേൽ പണിയുന്നവരാണ്. സത്യത്തിൽ ഏക അടിസ്ഥാനം ക്രിസ്തു മാത്രമാണ് (1 കൊ. 3:11). അവനാണ് വഴിയും, സത്യവും, ജീവനും, പിതാവിന്റെ അടുക്കലേക്കുള്ള ഏക വഴി അവൻ മാത്രമാണ് (യോഹ. 14:6). മറ്റൊരു നാമത്തിലും രക്ഷയില്ല (പ്രവൃ. 4:12).

പരിശുദ്ധാത്മാവിനാൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും പുതിയ നിയമത്തിൽ, പുതിയ ഉടമ്പടിയിലെ സകല സത്യവും ഉൾപ്പെടുത്തിയിരിക്കുന്നു (യോഹ. 16:13; എഫെ. 3:5). അവന്റെ വാക്കുകൾ ഒരു നാളും ഒഴിഞ്ഞുപോകയില്ല എന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 24:35). ദൈവത്തിന്റെ വചനം എന്നേക്കുമുള്ളത് എന്നാണ് പത്രൊസ് എഴുതിയിരിക്കുന്നത് (1 പത്രൊ. 1:23, 25). അത് അങ്ങനെതന്നെയിരിക്കും-മാറ്റമില്ല, അതിൽനിന്ന് എന്തെങ്കിലും എടുത്തു മാറ്റുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ ഇല്ല. ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായിരിക്കുകയാൽ, അത് അനുസരിക്കുന്നവർ പരിപൂർണ്ണരാകുന്നു. ദൈവത്തെ അനുസരിച്ച് അവനെ സേവിക്കുവാൻ ആവശ്യമായതെല്ലാം ഉൾപ്പെടുത്തിയ വചനം ഒന്നാം നുറ്റാണ്ടിൽ പൂർണ്ണമാക്കി നൽകിയിരുന്നു (2 തിമൊ. 3:16, 17).

ബൈബിളിന്റെ പൂർണ്ണതയെ ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റ് ഓഫ് ദ ലാറ്റർ ഡേ സെയിന്റ്സ് (മൊർമോൻ) അവരുടെ എഴുത്തുകളിൽ നിഷേധിക്കുന്നവരാണ്. അങ്ങനെ അവർ യേശുവിന്റെ ഉപദേശത്തിന്റെ തികവിനെ നിഷേധിക്കുന്നു. ഉദാഹരണമായി മോർമോന്റെ പുസ്തകം പറയുന്നു, “ആകയാൽ, നിങ്ങൾക്ക് ബൈബിൾ ഉണ്ടെങ്കിലും, അതിൽ എന്റെ വാക്കുകളെല്ലാം അടങ്ങിയിരിക്കുന്നു എന്നു കരുതരുത്; കൂടുതലായി എഴുതരുത് എന്നു ഞാൻ പറഞ്ഞതായും കരുതരുത്” (2 നെഫി 29:10). അത് യേശുവിന്റെ ഉപദേശത്തിന് എതിരാണ്.

ഇതിനു പുറമെ മറ്റൊരു സത്യം നൽകുവാൻ മുഹമ്മദിനും സാധ്യമല്ല. പരിശുദ്ധാത്മാവിനെ അവരിൽ ഒരു കാര്യസ്ഥനായി അയക്കുമെന്ന് അപ്പൊസ്തലന്മാരോട് യേശു പറഞ്ഞിരുന്നു. മുഹമ്മദ് ജനിക്കുന്നതിനു ഏതാണ്ട് അറുന്നൂറ് വർഷങ്ങൾക്കു മുൻപായിട്ടായിരുന്നു അപ്പൊസ്തലന്മാർ ജീവിച്ചിരുന്നത്. മുൻപ് വെളിപ്പെടുത്താതിരുന്ന സത്യമൊന്നും ഖുറാനിൽകൂടെ മുഹമ്മദിന് നൽകുവാൻ കഴിഞ്ഞിട്ടില്ല. മനുഷ്യർക്ക് ആവശ്യമായ സകല

സത്യവും ബൈബിളിൽ അടങ്ങിയിരിക്കുകയാണ്.

ക്രിസ്ത്യാനികൾ ക്രിസ്തുവിൽ പരിപൂർണ്ണരാകുന്നതിനാൽ, അവർക്ക്, മറ്റു പ്രമാണങ്ങളോ, നിയമാവലികളോ, അച്ചടക്കങ്ങളോ, പിൽ-ക്കാല വെളിപ്പാടുകൾ എന്നറിയപ്പെടുന്നതോ, യിസ്രായേലിനു അന്നു കൊടുത്ത ന്യായപ്രമാണമോ അനുസരിക്കേണ്ട ആവശ്യമില്ല. യേശു അപ്പൊസ്തലന്മാർക്ക് കൊടുത്ത സത്യം ഇന്നും നിലനിൽക്കുകയാണ്. അന്ത്യകാലത്തുള്ളവർക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരുന്നു ദൈവം യേശു മുഖാന്തരം ലോകത്തിനു കൊടുത്ത വെളിപ്പാടുകൾ (എബ്രാ. 1:1, 2). ക്രിസ്തീയ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്നവരെ ന്യായം വിധിക്കുന്നത് പുതിയനിയമത്തിലെ വചനം അനുസരിച്ചായിരിക്കും, അല്ലാതെ മറ്റുപുസ്തകങ്ങൾ പ്രകാരം ആയിരിക്കുകയില്ല (യോഹ. 12:48).

### "എല്ലാ വാഴ്ച്ചക്കും അധികാരത്തിനും അവൻ തലയാകുന്നു" (2:10)

ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും യേശുവിൽ ഉള്ളതിനാൽ, അവന് ദൈവത്തിന്റെ അധികാരമാണുള്ളത്. ആ അധികാരം ഭാവിയിലേക്കുള്ളതല്ല, മറിച്ച് ഇപ്പോഴുള്ളതാണ്. സ്വർഗത്തിലേയും ഭൂമിയിലേയും സകല അധികാരം യേശുവിനാണുള്ളത് (മത്താ. 28:18), അത് അവന് ലഭിച്ചത് അവൻ സ്വർഗാരോഹണം ചെയ്തു പിതാവിന്റെ അടുക്കൽ ചെന്നപ്പോഴാണ് (എഫെ. 1:20-23; 1 പത്രൊ. 3:22). പിതാവൊഴിച്ച്, എല്ലാവരും, എല്ലാം അവന്നു കീഴ്പ്പെട്ടിരിക്കുകയാണ് (1 കൊ. 15:27; 1 പത്രൊ. 3:22).

"തല" എന്ന വാക്ക് (*കെഫലെ*)[2] നിയന്ത്രണത്തെയും, ആധിപത്യത്തെയുമാണ് കാണിക്കുന്നത്. ക്രിസ്തു **തലയായിരിക്കുന്നത് പ്രപഞ്ചത്തിലെ എല്ലാ അധികാരത്തിനും വാഴ്ച്ചക്കുമാണ്,** അത് സ്വർഗത്തിലും ഭൂമിയിലും അതെ. അക്കാരണത്താൽ, കൊലൊസ്യർ മറ്റു ആളുകളെയോ അല്ലെങ്കിൽ യേശുവിനും അവന്റെ ഉപദേശത്തിനും എതിരായ ശക്തികളെയോ ഭയപ്പെടരുതായിരുന്നു.

ഇപ്പോൾ, പ്രപഞ്ചത്തിന്റെ ഏക ഭരണാധികാരി യേശു മാത്രമാണ് (മത്താ. 28:18). യേശു ഭൂമിയിലേക്ക് വരുന്നതിനു മുൻപ്, അവൻ പിതാവിനോടൊപ്പം അധികാരം പങ്കിട്ടിരുന്നു (യോഹ. 17:5). അവൻ മടങ്ങി വരുമ്പോൾ, അവന്റെ ഏക ഭരണം അവസാനിക്കും (1 കൊ. 15:24). അന്നു രാജ്യം അവൻ പിതാവിന്നു സമർപ്പിക്കുകയും, പിന്നെ അവന്നു കീഴ്പ്പെട്ട് ഇരിക്കുകയും ചെയ്യും (1 കൊ. 15:28). യേശു ഭാവിയിൽ ഭൂമിയിൽ വന്നു വാഴുമെന്നുള്ള ഉപദേശം 1 കൊരി-ന്ത്യർ 15: 24-28 നും അതുപോലെ മറ്റു വേദഭാഗങ്ങൾക്കും എതിരാണ്.

സകല വാഴ്ച്ചമേലും അധികാരത്തിന്മേലും യേശു ഇപ്പോൾ വാണുകൊണ്ടിരിക്കുകയാണ്. അവന്റെ രാജ്യം ഇപ്പോൾ നിലവിലുണ്ട്. ക്രിസ്ത്യാനികൾ അതിലെ പൗരന്മാരാണ് (എഫെ. 2:19; കൊലൊ. 1:13). അവന്റെ ഭരണത്തിൻ കീഴിലുള്ളവരാണ് പരിപൂർണ്ണരാകുന്നത്.

### "അവനിൽ നിങ്ങൾക്ക് ക്രിസ്തുവിന്റെ കൈകൊണ്ടല്ലാത്തപരിഛേദനയും ലഭിച്ചു" (2:11)

വാക്യം 10 ൽ, ക്രിസ്ത്യാനികൾ ക്രിസ്തുവിൽ പരിപൂർണ്ണരാകുമെന്നു കാണിച്ചശേഷം, നമുക്ക് അവനിൽ ലഭ്യമാകുന്ന ചില അനുഗ്രഹങ്ങൾ പൗ

ലൊസ് പ്രത്യേകമായി പറഞ്ഞിരിക്കുന്നു. **കൈകൊണ്ടല്ലാത്ത പരിഛേദന** യാണ് ഈ ഭാഗത്ത് പറഞ്ഞ ആദ്യത്തെ അനുഗ്രഹം.

ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനങ്ങളിൽ പ്രത്യേക പ്രാധാന്യമുള്ളതായിരുന്നു പരിഛേദന. അവൻ പരിഛേദനക്കാരുടെ ദൈവം ആയിരിക്കുമെന്ന് ദൈവം യിസ്രായേലിനോട് പറഞ്ഞിരുന്നു (ഉല്. 17:7–13). ആ വാഗ്ദാനം പരിഛേദനയേൽക്കാത്ത എബ്രായ കുട്ടികളിലേക്കോ അല്ലെങ്കിൽ ജാതികളുടെ കുട്ടികളിലേക്കോ വ്യാപിപ്പിച്ചിരുന്നില്ല; അവർ വാഗ്ദാന ഉടമ്പടിയുടെ പുറത്തായിരുന്നു (എഫെ. 2:11–13). പരിഛേദനയേൽക്കാത്ത എല്ലാ എബ്രായരേയും യിസ്രായേലിൽനിന്നു ഛേദിച്ചുകളയണമായിരുന്നു (ഉല്. 17:14). പുതിയനിയമത്തിൻകീഴിൽ, ദൈവം, സ്നാനത്താൽ ആത്മിയ പരിഛേദനയേറ്റവരുടെ ദൈവമാണ്. സ്നാനം ഏൽക്കുമ്പോൾ, നാം ദൈവത്തിന്റെ മക്കളാകുകയും, അബ്രഹാമിന്നു ദൈവം കൊടുത്ത വാഗ്ദത്തത്തിന്റെ അവകാശികളായി തീരുകയും ചെയ്യുന്നു (ഗലാ. 3:26–29).

ആത്മികവും ഭൗതികവും തമ്മിലുള്ള രണ്ട് താരതമ്മ്യമാണ് വാക്യങ്ങൾ 11 മുതൽ 13 വരെയുള്ള ഭാഗത്ത് അടങ്ങിയിരിക്കുന്നത്. *ആദ്യം, പൗലൊസ് ഭൗതികവും ആത്മികവുമായ പരിഛേദന താരതമ്മ്യം ചെയ്തിരിക്കുന്നു.*

കൊലൊസ്യർ ക്രിസ്തുവിലായി തീർന്നത്, ക്രിസ്തുവിനാൽ ആത്മിയ പരിഛേദന ഏറ്റതിനാലായിരുന്നു, അത് “കൈകൊണ്ടല്ലാത്ത” പരിഛേദനയാണ്. ഇത് യിസ്രായേൽ കൈകൊണ്ട് ഏറ്റ പരിഛേദനക്ക് വിരുദ്ധമാണ്. കൊലൊസ്യർ സ്നാനം ഏറ്റ് ക്രിസ്ത്യാനികളായത് കൈകൊണ്ടല്ല എന്നു പൗലൊസ് പറഞ്ഞതായി മനസിലാക്കരുത്, മറിച്ച് അവരുടെ പാപസംബന്ധമായ ശരീരം ഉരിഞ്ഞു കളഞ്ഞത് കൈകൊണ്ടല്ല എന്നാണ് പൗലൊസ് അർത്ഥമാക്കിയത്. കൊലൊസ്യർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു അവനോടുകൂടെ അടക്കപ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തപ്പോൾ, ജഡശരീരം നീക്കം ചെയ്യുന്ന ദൈവത്തിന്റെ പ്രവൃത്തി അവൻ ചെയ്തു (കൂടുതൽ പഠനം: സ്നാനം 2:11–13 ലെ പരിഛേദനക്ക് പൂർണ്ണമായും സമാന്തരമാണോ?”)

ഇപ്പോൾ യെഹൂദ പരിഛേദനയായ അഗ്രചർമ്മം ഛേദിച്ചുകളയുന്നതിന്റെ ആവശ്യമില്ല, കാരണം കൊലൊസ്യർ ക്രിസ്തുവിൽ പൂർണ്ണരായിരുന്നു. ദൈവം യിസ്രായേലിനു കൊടുത്ത ന്യായപ്രമാണത്തിന് എന്തെങ്കിലും നൽകുവാൻ കഴിയുമായിരുന്നില്ല. പൗലൊസ് തന്റെ ലേഖനത്തിൽ മുൻപ് പറഞ്ഞതുപോലെ, ക്രിസ്തുവും അവന്റെ ഉപദേശങ്ങളുമായിരുന്നു അവർക്ക് ആവശ്യമുള്ളത് നൽകുവാൻ പര്യാപ്തമായിരുന്നത് (1:14; 2:10).

യെഹൂദ പരിഛേദന ജഡത്തിന്റെ അഗ്രചർമ്മമാണ് ഛേദിച്ചുകളഞ്ഞതെങ്കിൽ, ക്രിസ്തുവിന്റെ പരിഛേദനയായ സ്നാനം പാപത്തിന്റെ കുറ്റത്തെയാണ് നീക്കം ചെയ്യുന്നത്. “സ്നാനത്തിൽ അനുഭവപ്പെടുന്ന [ആത്മിയമായ പരിഛേദന] ദൈവത്തിന്റെ പ്രവൃത്തിയാണ് എന്നതായിരുന്നു പൗലൊസ് ഊന്നി പറഞ്ഞത്.”[3]

കൊലൊസ്യരുടെ മുൻപിലത്തെ മൂന്നു അവസ്ഥകളെയും, അവ എങ്ങനെ ദൈവം തിരുത്തുന്നു എന്നുമാണ് പൗലൊസ് അവതരിപ്പിക്കുന്നത്:

> *അവസ്ഥ 1*–കൊലൊസ്യരുടെ പാപത്തോടുള്ള അഭിനിവേശം നിമിത്തം പാപത്താൽ മലിനമായി തീർന്ന അവരുടെ ജഡത്തിൽ ആത്മിയ പരിഛേദന നടത്തി.

*തിരുത്തൽ*-സ്നാനത്തിൽ അവർ പരിഛേദന ചെയ്യപ്പെടുകയും അവരുടെ ജഡിക ഇഛകൾ നീക്കപ്പെടുകയും ചെയ്തു.

*അവസ്ഥ 2*-അവർ ആത്മിയമായി മരിച്ചിരുന്നു.

*തിരുത്തൽ*-അവർ ഭൗതികമായി സ്നാനത്തിൽ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളികളായി യേശുവിനോടുകൂടെ ഉയർത്തെഴുന്നേറ്റതിനാൽ ദൈവം അവരുടെ വിശ്വാസത്തിൽ പ്രവർത്തിച്ചു.

*അവസ്ഥ 3*-അവർ പാപത്തിൽ മരിച്ചിരുന്നു.

*തിരുത്തൽ*-അവർ സ്നാനമേറ്റപ്പോൾ, അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരെ ജീവിപ്പിക്കുകയും ചെയ്തു.

**കൊലൊസ്യയിലെ ക്രിസ്ത്യാനികളുടെ അവസ്ഥകൾ (2:11-13)**

| കഴിഞ്ഞ അവസ്ഥ | മാറ്റത്തിന്റെ കാരണം | ഫലം |
|---|---|---|
| ആത്മിയമായി ജഡത്തിൽ പരിഛേദന ഏൽക്കാതെ (ജഡിക ഇഛയിൽ; വാക്യം 13) | ജഡശരീരം ഉരിഞ്ഞു സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ അടക്കപ്പെട്ട് ഉയിർക്കപ്പെട്ടു (വാ. 11, 12) | ആത്മിയമായി സ്നാനം ഏറ്റപ്പോൾ ഇഛകൾ നീങ്ങി (വാ. 11) |
| ആത്മിയമായി മരിച്ചു (വാ. 13) | സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ ഉയിർത്തു (വാ. 12) | വിശ്വാസത്തിൽ ദൈവം പ്രവർത്തിച്ചതിനാൽ ക്രിസ്തുവിനോടുകൂടെ ജീവിച്ചു (വാ. 12, 13) |
| അതിക്രമങ്ങളിൽ മരിച്ചു (വാ. 13) | സ്നാനം ഏറ്റു (വാ. 11) | എല്ലാ ലംഘനങ്ങളും ക്ഷമിച്ചു (വാ. 13) |

### "ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞു" (2:11)

ഗ്രീക്ക് നാമം *അപെക്ഡുസിസ്* (തർജിമ ചെയ്തത് നീക്കം ചെയ്യൽ) ഇവിടെ മാത്രമാണ് കാണുന്നത്. ഈ വാക്കിന്റെ ക്രിയാരൂപം മറ്റൊരു സ്ഥലത്ത് പൗലൊസ് തന്നെ ഉപയോഗിച്ചത് തർജിമ ചെയ്തിരിക്കുന്നത് "ആയുധവർഗം വെപ്പിച്ചു" എന്നും (2:15), "ഉരിഞ്ഞുകളഞ്ഞു" എന്നുമാണ് (3:9). "സ്വാഗതം ചെയ്യാത്ത വസ്ത്രം ഉരിഞ്ഞു കളയുന്ന രൂപകാലങ്കാരം ഉപയോഗിച്ച്, പഴയ ജീവിതത്തെ മുഴുവനായി പാടേ ഉപേക്ഷിക്കുന്നതിനെ ആണ് പറയുന്നത്."[4] ക്രിസ്തുവിന്റെ പരിഛേദനയിൽ "ജഡശരീരം" ഉരിഞ്ഞു കളയുന്നത് അല്ലെങ്കിൽ പാപസ്വഭാവത്തെ ഉപേക്ഷിച്ചു കളയുന്നതും ഉൾപ്പെടുന്നു, ജഡിക ഇഛകളാണ് ആളുകളെ പരീക്ഷണങ്ങളിലേക്കും പാപത്തിലേക്കും നയിക്കുന്നത്.

കെജെവിയിലും, എൻകെജെവിയിലും ഒഴിച്ച് പിന്നീടു വന്ന മറ്റു തർജ്ജിമകളിലൊന്നിലും "പാപ ജഡശരീരം" എന്നില്ല. "പാപത്തിന്റ" എന്ന പ്രയോഗം പഴയ കയ്യെഴുത്തുപ്രതികളിലില്ല എന്ന് എൻകെജെവിയുടെ കുറിപ്പിൽ പറയുന്നു.

**ശരീരം** (*സോമാ*) എന്നു പറഞ്ഞിരിക്കുന്നത് ഭൗതികശരീരത്തെയല്ല, കാരണം സ്നാനപ്പെടുമ്പോൾ, ഭൗതിക ശരീരം നീങ്ങപ്പെടുന്നില്ല. ഇവിടെ "ശരീരം" എന്നു പറയുന്നത് റോമർ 6:6 ലേതുപോലെ "സത്ത" ആണ് ("പാപശരീരം"), 7:24 ("ഈ മരണ ശരീരം," മൂർത്തരൂപം). ഇതേ അർത്ഥമാണ് കൊലൊസ്യർ 2:17 ലേത്. സത്തയായ, ജഡിക ഇഛയുടെ മൂർത്തരൂപം പരിഛേദന ചെയ്യപ്പെട്ടു എന്നാണ് പൗലൊസ് പറഞ്ഞത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, **ക്രിസ്തുവിന്റെ പരിഛേദനയാൽ**, കൊലൊസ്യരുടെ ലൗകിക ഭ്രമം നീങ്ങപ്പെട്ടു എന്നർത്ഥം.

**ജഡം** (*സാർക്സ്*) പുതിയനിയമത്തിൽ വ്യത്യസ്തമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത് (നോക്കുക, "കൂടുതൽ പഠനത്തിന്: 'ജഡം' [*സാർക്സ്*] അർത്ഥമാക്കുന്നത് 'പാപസ്വഭാവത്തെ' ആണോ?"). ആ വാക്ക് ചിലപ്പോൾ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്യുവാൻ പ്രയാസമാണ്. "പാപസ്വഭാവം" എന്നു പറയുന്നതിനേക്കാൾ തെറ്റിദ്ധാരണ കുറക്കുന്നതാണ് പല തർജ്ജിമക്കാരും ചെയ്യുന്നതുപോലെ,[5] *സാർക്സിനു* വേണ്ടി "ജഡം" എന്നു (എൻഐവി) ഈ വേദഭാഗത്തും മറ്റു ഭാഗങ്ങളിലും തർജ്ജിമ ചെയ്തിരിക്കുന്നത്. സന്ദർഭം അനുസരിച്ച് വായനക്കാർക്ക് അതിലെ അർത്ഥം നിർണ്ണയിക്കാം. ആ വാക്കിനു താഴെ പറയുന്ന അർത്ഥങ്ങൾ വന്നേക്കാം ...

1. ജഡം, ശരീരത്തിലെ മാംസം (ലൂക്കൊ. 24:39; 1 കൊ. 15:39).
2. ഒരു വ്യക്തിയുടെ ശരീരം (പ്രവൃ. 2:31), അതിൽ ശരീരത്തിന്റെ ബലഹീനതയും ഉൾപ്പെടുന്നു (മത്താ. 26:41).
3. പൊതുവായി മനുഷ്യർ, മനുഷ്യവ്യക്തികൾ (മത്താ. 16:17; ലൂക്കൊ. 3:6; യോഹ. 17:2; പ്രവൃ. 2:17).
4. മനുഷ്യന്റെ അവരോഹണം എന്ത് (റോമ. 1:3; 11:14; പ്രവൃ. 2:30; ഗലാ. 4:23).
5. ജീവിതം, മനുഷ്യശരീരത്തിനു പരിമിതികളുണ്ട് (റോമ. 8:3).
6. ലോകനിലവാരമനുസരിച്ചുള്ള തത്വങ്ങൾ (1 കൊ. 1:26).
7. മനുഷ്യരിലുള്ള ജഡിമായ ഇഛകൾ (റോമ. 7:5).

പഴയ മനുഷ്യനെ ജഡിക ഇഛകളോട് സാമ്യപ്പെടുത്താവുന്നതാണ് (റോമ. 6:6; കൊലൊ. 3:9), അത് ക്രിസ്തുവിൽ പുതുതായി തീരുന്നതിനു മുൻപുള്ള അവസ്ഥയാണ് (2 കൊ. 5:17). മുമ്പ് കൊലൊസ്യർ തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ മനസുകൊണ്ട് ദൈവത്തോട് ശത്രുക്കളായിരുന്നു (കൊലൊ. 1:21). എഫെസ്യരെപോലെ അവരും തങ്ങളുടെ ഹൃദയ കാഠിന്യത്താൽ അജ്ഞരായിരുന്നു (എഫെ. 4:18). അവരുടെ മാനസികമായ അവസ്ഥയുടെ ഫലമായിരുന്നു അവരുടെ ദുഷ്ടത; അവർ തങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായിട്ട് പാപസ്വഭാവത്തിലേക്ക് തിരിഞ്ഞതായിരുന്നില്ല.

ക്രിസ്തുവിന്റെ പരിഛേദന "പാപസ്വഭാവം" നീക്കുമെങ്കിൽ, സ്നാനം ഏറ്റവർ പിന്നെ ഒരിക്കലും പാപം ചെയ്യുകയില്ലല്ലൊ. വിലക്കപ്പെട്ട ഫലം പറിച്ചു തിന്നശേഷം ആണ് പാപസ്വഭാവം ആദാമിലേക്കും ഹവ്വയിലേക്കും വന്ന

തെങ്കിൽ, ആ പാപസ്വഭാവം നീക്കിയാൽ ആദാമിനും ഹവ്വക്കും മുൻപ് ഉണ്ടായിരുന്ന നിഷ്ക്കളങ്കതയിലാകുവാൻ കഴിയും. അവർ പിന്നെ നഗ്നത അറിയുകയോ അവർക്ക് നാണം തോന്നുകയോ ഇല്ല ("കൂടുതൽ പഠനത്തിന്: നമുക്ക് പാപസ്വഭാവം ഉണ്ടോ?" എന്നത്  നോക്കുക).

*വാക്യങ്ങൾ 11 മുതൽ 13 വരെ ഭൗതികവും ആത്മികവും തമ്മിൽ രണ്ടാമതായി താരതമ്യം ചെയ്തിരിക്കുന്നത് യേശു തന്റെ പുനരുത്ഥാനത്തിനുശേഷമുള്ള പുതിയ ജീവിതവും സ്നാനശേഷമുള്ള ക്രിസ്ത്യാനിയുടെ പുതിയ ജീവിതവും തമ്മിലാണ്*. യേശു മരിച്ചശേഷം, അവൻ അടക്കപ്പെടുകയും ഉയർത്തെഴുന്നേറ്റ് ഭൗതികമായി പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കയും ചെയ്തു. സ്നാനത്തിൽ, ഒരാൾ പാപത്തിൽ മരിക്കുകയും വെള്ളത്തിൽ അടക്കപ്പെടുകയും, ഉയർത്തെഴുന്നേറ്റ് ആത്മിയമായി പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കയും ചെയ്യുന്നു.

സ്നാനത്തെ പരിഛേദന എന്ന ഭൗതികമായ ചടങ്ങിനോട് സാമ്യപ്പെടുത്തരുത്. ന്യായപ്രമാണത്തിൻകീഴിലുള്ളവർ പരിഛേദന ഏൽക്കുമ്പോൾ, അവരുടെ ഉള്ളിൽ പ്രത്യേകമായ പ്രതികരണമൊന്നും വരുത്തുന്നില്ല. മറ്റൊരാളുടെ രക്തത്തിലുള്ള വിശ്വാസം നിമിത്തം ശുദ്ധീകരണം കൽപിക്കുകയോ, ജീവിതമാറ്റം ആവശ്യപ്പെടുകയോ ചെയ്തിരുന്നില്ല. പൗലൊസ് തീർച്ചയായും അത്തരം ഒരു പൊള്ളയായ ചടങ്ങ് ചെയ്യുവാനായിരുന്നില്ല കൊലൊസ്യരോട് പറഞ്ഞത്. "സ്നാനം ഒരു വിശുദ്ധ കൂദാശയാണ്, അത് ആശയത്തിലും തത്വത്തിലും, പ്രവർത്തിച്ചിട്ടില്ലാത്തതോ, സംഭവിച്ചിട്ടില്ലാത്തതോ ആയ *ഒരു കാര്യത്തോട്* ഒരിക്കലും ബന്ധപ്പെടാതിരിക്കുന്നതുമല്ല."[6]

കൊലൊസ്യർ സ്നാനം മുഖാന്തരം ക്രിസ്തുവിനോട് ചേർന്നപ്പോൾ, ആത്മിയമായി പരിഛേദന ഏൽക്കുകയും ദൈവപ്രവൃത്തിയാൽ ആത്മിയമായി ജീവിച്ചു. എച്ച് സി. ജി. മൗൾ അവർ ആത്മിയമായി പരിഛേദന ഏറ്റതിനെ ശരിയായി നിരീക്ഷിച്ചിരിക്കുന്നു, "ക്രിസ്തുവിനോട് ചേരുന്നവർ, നന്നായി *പരിഛേദന ഏറ്റപ്പോൾ,* അവർക്ക് *ആ* ദൈവികയാഥാർത്ഥ്യം ലഭിച്ചു കഴിഞ്ഞു."[7]

കൊലൊസ്യർ ക്രിസ്തുവിന്റെ പരിഛേദനയാൽ അവരുടെ ജഡത്തിൽനിന്നു മുൻകഴിഞ്ഞ പാപങ്ങൾ നീങ്ങപ്പെട്ടു. സ്നാനത്തിൽ പാപങ്ങൾ നീങ്ങപ്പെടുമെങ്കിലും, സ്നാനമേറ്റവർ പിന്നീട് പാപം പരിശീലിക്കുന്നത് അവസാനിപ്പിക്കണമായിരുന്നു (കൊലൊ. 3:8, 9; 2 കൊ. 7:1).

കൊലൊസ്യർ സ്നാനം ഏറ്റപ്പോൾ,  അവർ ദൈവം ജീവിപ്പിക്കുവാൻ ചെയ്ത പ്രവൃത്തികളിൽ ആശ്രയിക്കുകയും, അവരുടെ അതിക്രമങ്ങൾ പരിഛേദനയാൽ നീക്കുമെന്നും അവർ വിശ്വസിക്കണമായിരുന്നു.

ഫലം ലഭിക്കുവാൻ ദൈവം പ്രവർത്തിച്ചതിൽ കൊലൊസ്യയിലെ സഹോദരന്മാർ വിശ്വാസം അർപ്പിച്ചിരുന്നില്ലെങ്കിൽ, അവരുടെ വിശ്വാസം വിലയില്ലാതായി തീരുമായിരുന്നു. ആ ഫലങ്ങളിൽ, ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡിക ഇഛകൾ നീക്കം ചെയ്യൽ, യേശുവിനോടുകൂടെ ഉയർത്തെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടക്കുന്നതും, പാപങ്ങളുടെ മോചനവും ഉൾപ്പെടുന്നു.

യെഹൂദ പരിഛേദന ശരീരത്തിന്റെ ഒരു ചെറിയ ഭാഗത്തെ മാത്രമായിരുന്നു ഛേദിച്ചുകളഞ്ഞത്, എന്നാൽ ക്രിസ്തുവിന്റെ പരിഛേദനയിൽ, പാപശരീരത്തെ മുഴുവനായും നിക്കം ചെയ്യുന്നു. അതിന്റെ ഫലം ഭൗതികമായ പ്ര

വൃത്തിയാൽ മാത്രം സംഭവിക്കുന്നതല്ല; ഭൗതികമായ പ്രവൃത്തിയോട് ഹൃദയത്തെ ആത്മിയമായി ബന്ധപ്പെടുത്തേണ്ടത് ആവശ്യമാണ് (റോമ. 6:17, 18). ആത് ഹൃദയ പരിഛേദനയാണ് (റോമ. 2:28, 29). ഒരാൾ പാപജഡത്തിൽനിന്നു സ്വതന്ത്രനാകുമ്പോഴാണ് ക്രിസ്തുവിനാൽ പരിഛേദന സംഭവിക്കുന്നത്, അങ്ങനെയാണ് അയാൾ പുതിയ സൃഷ്ടിയാകുന്നത് (റോമ. 6:6). ആത്മിയ പരിഛേദന നടത്തുന്നത് ദൈവമാണ് (കൊലൊ. 2:12).

ഹൃദയപരിഛേദനയാണ് ദൈവം എല്ലായ്പ്പോഴും ആഗ്രഹിക്കുന്നത്. ജനത്തിന്റെ ഹൃദയം പരിഛേദന ചെയ്യുവാൻ ദൈവം മോശെ മുഖാന്തരം അരുളിച്ചെയ്തിരുന്നു (ആവ. 10:16). യിരെമ്യാവിന്റെ കാലത്ത് യിരെമ്യാവിൽകൂടെയും ഇതേ ആവശ്യം ആവർത്തിച്ചു (യിരെ. 4:4; 9:25, 26). ഹൃദയ പരിഛേദന ഏൽക്കാത്തവരെ ദൈവം സ്വീകരിക്കുകയില്ല എന്നു യെഹസ്ക്കേൽ പറഞ്ഞിരുന്നു (യെഹെ. 44:7, 9).

ആത്മിയ പരിഛേദനയെ കുറിച്ച് പൗലൊസ് തുടർച്ചയായി പറഞ്ഞ്, അതിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളായ പുതിയ ജീവനെയും, പാപമോചനത്തെയും, ക്രിസ്തീയ സ്വാതന്ത്ര്യത്തെയും കുറിച്ചു വിവരിച്ചിരിക്കുന്നു.

### ക്രിസ്തുവിൽ ഉള്ള പാപമോചനവും ജീവനും (2:12, 13)

**12സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നും ഉയർത്തെഴുന്നേൽപിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. 13അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു.**

സ്നാനത്താൽ നാം ക്രിസ്തുവിനോട് ചേരുമ്പോഴാണ് ആത്മിയ പരിഛേദന സംഭവിക്കുന്നത് (2:11–13). രണ്ട് ഭൗതിക പ്രവൃത്തികളെയാണ് ലേഖകൻ താരതമ്യം ചെയ്യുന്നത്-പരിഛേദനയും വെള്ളത്തിലുള്ള അടക്കവും-സ്നാനത്തോടുകൂടെ നടക്കുന്ന ആത്മിയ യാഥാർത്ഥ്യങ്ങളാണ്. സ്നാനത്തിൽ ഒരാൾ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളിയാകുമ്പോൾ, ജീവിപ്പിക്കപ്പെടുന്നു. ഒരാൾ സ്നാനപ്പെടുമ്പോൾ, പാപത്തിൽ മരിച്ച അവസ്ഥയിൽനിന്നു, പാപങ്ങൾ ക്ഷമിക്കപ്പെട്ട് ആത്മിയമായി ജീവനുള്ള അവസ്ഥയിലേക്ക് മാറുകയാണ്. ആ മാറ്റം സംഭവിക്കുന്നത് സ്നാനപ്പെടുമ്പോഴാണ്. ആർ സി. ലൂക്കാസ് എഴുതി, "ക്രിസ്തുവിനോട് ചേരുക എന്നാൽ ക്രിസ്തുവിന്റെ മരണത്തിന്റേയും ഉയർപ്പിന്റേയും ഫലം അനുഭവിക്കുക എന്നാണ് അർത്ഥം."[8]

അടക്കമായ ഭൗതിക പ്രവൃത്തിയോടുകൂടെ പല ആത്മിയ യാഥാർത്ഥ്യങ്ങൾ ബന്ധപ്പെട്ടിരിക്കുന്നതായാണ് പൗലൊസ് പറയുന്നത്. കർത്തൃമേശയെ സംബന്ധിച്ച് അവൻ അതേ സമീപനമാണ് നടത്തിയിരിക്കുന്നത്. യേശുവിന്റെ ശരീരത്തിന്റേയും രക്തത്തിന്റേയും ഓർമ്മക്കായുള്ള ആത്മിയ കൂട്ടായ്മയായിട്ടാണ് അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും കഴിക്കുന്നത് (1 കൊ. 10:16). സ്നാനത്തിൽ യേശുവിന്റെ അടക്കത്തോടും ഉയർപ്പിനോടും പങ്കുചേരുമ്പോഴാണ് ആളുകൾ ആത്മിയ യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നത്,

അതിന്റെ ഫലമായി പഴയ മനുഷ്യനെ അടക്കം ചെയ്യുകയും, പുതിയ മനുഷ്യനായി ഉയർക്കുകയും ചെയ്യുമ്പോഴാണ് സ്നാനത്തിന് വിലയുണ്ടാകുന്നത്. ഫേ പറഞ്ഞു,

> സ്നാനത്തിൽ, കൊലൊസ്യരും മറ്റു വിശ്വാസികളും ഒരു ഉരിഞ്ഞുകളയൽ നടത്തുന്നു, അക്ഷരികമായി പഴയ വസ്ത്രം ഉരിഞ്ഞു കളയുന്നതുപോലെയാണ് ആലങ്കാരികമായി "ജഡ ശരീരത്തെ" ഉരിഞ്ഞു കളയുന്നു എന്നു പറയുന്നത് (2:11), അതായത് അവരുടെ "പഴയ മനുഷ്യനെ" (3:9) ഉപേക്ഷിക്കുന്നു. പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതിനാൽ, അവർ ജഡത്തിൽനിന്നും, മുൻപ് അവരെ നിയന്ത്രിച്ച ആത്മിയമായ വാഴ്ച്ചകളിൽനിന്നും അധികാരങ്ങളിൽനിന്നും സ്വതന്ത്രരായി, അഥവാ അവരെ പാപത്തിനു പരീക്ഷിക്കപ്പെട്ടവയിൽനിന്നു മുക്തരായി എന്നർത്ഥം.[9]

സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും ഉയർക്കപ്പെടുകയും ചെയ്യുമ്പോൾ, യാന്ത്രികമായി ഒന്നും സംഭവിക്കുന്നില്ല. ഹൃദയപൂർവ്വം അനുസരിക്കുമ്പോഴാണ് ജീവന്റെ പുതുക്കം സംഭവിക്കുന്നത് (റോമ. 6:4, 17, 18). സ്നാനപ്പെടുന്ന ആൾ യേശുവിനോടുകൂടെ അടക്കപ്പെടുകയും ഉയർക്കപ്പെടുകയും ചെയ്യുമ്പോൾ യേശുവിനെ തിരിച്ചറിയുന്നു. ശരീരവും ഹൃദയവും ഉൾപ്പെടുന്നതാണ് യേശുവിനോടുകൂടെ അടക്കപ്പെടുന്നതും ഉയർക്കപ്പെടുന്നതും. "അപ്പോൾ സംഭവിക്കുന്ന മാറ്റം മാനുഷിക ശക്തിയാലോ ഉൾക്കാഴ്ച്ചയാലോ ഉണ്ടാകുന്നതല്ല. യേശുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ച ദൈവത്തിന്റെ ശക്തിയുടെ വ്യാപാരശക്തിയാൽ നടക്കുന്നതാണ്."[10]

**"സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെട്ടു" (2:12)**

**അവനോടുകൂടെ അടക്കപ്പെട്ടു** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*സണ്ടാഫെന്റസ്*) ഒരു അയോറിസ്റ്റ് പാസിവ് പാർട്ടിസിപ്പിളാണ്, ഈ വാക്യത്തിൽ പിന്നീട് പറയുന്ന മുഖ്യ ക്രിയ "ഉയർപ്പിച്ചു" എന്നതിനു മുൻപ് നടന്നതായിട്ടാണ് അർത്ഥമാക്കുന്നത്. അത് പിന്നെ കാണുന്നത് റോമർ 6:4 ൽ മാത്രമാണ്. അത് ഒരു സംയുക്ത ക്രിയയാണ്, *സൺ* ("കൂടെ") എന്നും *തപ്റ്റോ* ("അടക്കുക") എന്നുമാണ്. *സൺ* എന്ന പ്രിപൊസിഷനോടുകൂടെ പൗലൊസ് സംയുക്ത ക്രിയ അടിക്കടി ഉപയോഗിച്ചിട്ടുണ്ട്. അത്തരം മൂന്നു വാക്കുകൾ വാക്യം 12 ലും 13 ലും ഉപയോഗിച്ചിരിക്കുന്നു.[11] **സ്നാനത്തിൽ** കൊലൊസ്യർ "യേശുവിനോടുകൂടെ" ഒരു-മിച്ച് അടക്കപ്പെട്ടിരുന്നു; ഒരുമി-ച്ച് "അവനോടുകൂടെ" ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു, അതിന്റെ ഫലമായി "ഉയർത്തെഴുന്നേറ്റ്" അവനോടുകൂടെ "ജീവിക്കുകയും" ചെയ്യുന്നു.

സ്നാനം നടത്തുമ്പോൾ, വെള്ളത്തിൽ അടക്കപ്പെടുന്നതിനും ഉയിർക്കപ്പെടുന്നതിനും മറ്റൊരാളുടെ സഹായം ആവശ്യമാണ്. അപ്രകാരം സ്നാനം ഏൽക്കുന്നയാൾ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കു ചേരുന്നു. യേശുവിനെ ആളുകൾ ക്രൂശിൽ തറച്ചു കൊല്ലുകയും, ശരീരം അടക്കുകയും ചെയ്തു, എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽപ്പിച്ചതുപോലെ (വാ. 12), സ്നാനപ്പെടുവാൻ ഒരാൾ മറ്റൊരാൾക്ക് ഏൽപിച്ചുകൊടുക്കുകയാണ്. യേശു ക്രൂശുണ്ടാക്കി തന്റെ ശരീരത്തെ കൂശിലേറ്റിയില്ല. ക്രൂശീകരണം മനുഷ്യരുടെ രക്ഷക്കുവേണ്ടിയായിരുന്നുവെങ്കി

ലും, അത് യേശു സ്വയമായി ചെയ്തതായിരുന്നില്ല. അതുപോലെ, സ്നാനം ഒരാൾ സ്വയമായി വെള്ളത്തിൽ മുങ്ങി പൊങ്ങുന്നതല്ല. അതുകൊണ്ട് ഒരാൾ സ്നാനം ഏൽക്കുമ്പോൾ രക്ഷക്കായി ഒരു പ്രവൃത്തിയും സ്വയമായി ചെയ്യുന്നില്ല എന്നു പറയാം (മർ. 16:16; 1 പത്രൊ. 3:21). "അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, ദൈവത്തിന്റെ കരുണാധിക്യപ്രകാരമത്രെ രക്ഷിച്ചത്" (തിത്തൊ. 3:5; എഫെ. 2:8, 9 നോക്കുക).

ഒരാൾ മറ്റൊരാളെ കൈകൊണ്ട് സ്നാനപ്പെടുത്തുമ്പോൾ, വെള്ളത്തിൽ അടക്കം ചെയ്യുകയും വെള്ളത്തിൽനിന്നു ഉയർത്തുകയുമാണ് ചെയ്യുന്നത്, അപ്പോൾ യേശു ആത്മിയമായി കൈതൊടാതെ ഹൃദയത്തെ പരിഛേദന കഴിക്കുകയുമാണ്.

> അതുകൊണ്ട് സ്നാനം ഒരാൾ മറ്റൊരാൾക്ക് *നൽകുന്ന*താണ്. നോഹ പെട്ടകം ഉണ്ടാക്കിയപ്പോൾ, ദൈവം അതിനെ വെള്ളത്തിൽകൂടെ കരക്ക് സുരക്ഷിതമായി എത്തിച്ചു; മോശെയും യോശുവയും ആളുകളെ വെള്ളത്തിൽകൂടെയാണ് നയിച്ചത്. "യെശയ്യാവിന്റെ കാലത്ത് നിങ്ങളെത്തന്നെ കഴുകി വെടിപ്പുള്ളവരാക്കുവിൻ" എന്നു പറഞ്ഞതിൽനിന്നു വ്യത്യസ്തമാണ് ക്രിസ്തീയ സ്നാനം, അത് യെഹൂദ ശുദ്ധീകരണത്തിൽനിന്നും വ്യത്യസ്തമാണ്. അത് ഖുമ്റാനിലെ വെടിപ്പാക്കലിൽനിന്നും, അല്ലെങ്കിൽ യെഹൂദമതാനുസാരിയാകുവാനുള്ള സ്നാനം പോലെയുമല്ല, അതുമല്ലെങ്കിൽ യോഹന്നാന്റെ സ്നാനം പോലെയുല്ല (യേശു ഏറ്റത് ആ സ്നാനം ആയിരുന്നു), അത് എല്ലായിടത്തും എല്ലാവരും ഏറ്റത് ആരെങ്കി*ലും* മറ്റൊരാൾക്ക് ചെയ്ത പ്രവൃത്തിയാണ്.[12]

തന്നെ സ്നാനപ്പെടുത്തുന്ന ആൾ, തന്നെ വെള്ളത്തിൽ അടക്കം ചെയ്ത് വിജയകരമായി കയറ്റുമെന്ന് സ്നാനം ഏൽക്കുന്നയാൾ വിശ്വസിക്കും. അയാളുടെ വിശ്വാസമാണ് അയാൾക്കു രക്ഷയും പാപമോചനവും ലഭിക്കുവാൻ സാഹചര്യമൊരുക്കിയത്, എങ്ങനെയായാലും, പക്ഷെ സ്നാനപ്പെടുത്തുന്ന ആളിലല്ല വിശ്വാസം അർപ്പിക്കുന്നത്. മറിച്ച്, "യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസമാണ്" (വാ. 12).

ഈ വാക്യത്തിൽ അടക്കം അന്തർലീനമാക്കിയിട്ടില്ല എന്നാണ് ചിലർ കരുതുന്നത്. വില്യം ഹെൻഡ്രിക്സൺ തന്റെ എതിർപ്പ് ഇങ്ങനെ പ്രകടമാക്കി:

> സ്നാനത്തിന്റെ *രീതിയെ* കുറിച്ചു പറഞ്ഞില്ലെങ്കിൽ ഈ ചർച്ച ഒരിക്കലും പൂർണ്ണമാകുകയില്ല, കാരണം സ്നാനത്തിനു നിമഞ്ചനം ചെയ്യുന്നവർ അവകാശപ്പെടുന്നത് മുങ്ങലായാൽ മാത്രമാണ് അത് സാധൂകരിക്കപ്പെടുന്നത് എന്നാണ്. "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും" എന്ന വാക്കുകളാണ് അവർ കാണുന്നത്. അത് വെള്ളത്തിലുള്ള അടക്കമാണെന്നും, അതിൽ "നിങ്ങൾ അവനോടുകൂടെ ഉയർക്കുകയും ചെയ്തിരിക്കുന്നു" എന്നത് വെള്ളത്തിൽനിന്നും കയറി വരുന്നതിനെ ഉറപ്പിക്കുന്നു. സഹോദരന്മാരോടുള്ള എല്ലാ സ്നേഹത്തോടും ബഹുമാനത്തോടും കൂടെ എനിക്ക് പറയുവാനുള്ളത്, എങ്ങനെയായാലും, തിരുവെഴുത്ത് സ്നാനത്തെ കുറിച്ച് മറ്റു വേദഭാഗങ്ങളിലെ പ്രയോഗങ്ങളും

> എടുത്താൽ സ്നാനത്തിന്റെ ശരിയായ *രീതിയെ* യാണ് അതിലെല്ലാം പറയുന്നത് എന്നു നമുക്ക് വിവേചിക്കുവാൻ കഴിയും. *ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുക* എന്നാൽ (കൊലൊ. 2:11, 12; റോമ. 6:4) സ്നാനം മുങ്ങൽ തന്നെയായിരിക്കണം എന്ന കാര്യത്തിൽ സംശയമില്ല, *എന്തുകൊണ്ട് ക്രൂശിക്കപ്പെടുന്നില്ല* (റോമ. 6:6), സ്നാനം ക്രിസ്തുവിനോടുകൂടെ ക്രൂശിൽ തറക്കപ്പെടൽ കൂടെയാണെന്നു സൂചിപ്പിക്കുന്നു, അതായത് *അവനോടുകൂടെ നടപ്പെടുന്നു* (ഏവിയിലും മൂലഭാഷയിലും റോമ. 6:5) അത് *ക്രിസ്തുവിനെ ധരിക്കേണ്ടതിനുള്ള* നട്ടുപിടിപ്പിക്കലാണ് (ഗലാ. 3:27), അതായത് വസ്ത്രം പോലെ ധരിക്കലല്ലേ?[13]

ഹെൻഡ്രിക്സന്റെ വാദത്തേക്കാൾ ശരിയായത് എന്തെന്നാൽ "സ്നാനം കഴിപ്പിക്കുക" (*ബാപ്റ്റിസോ*) എന്ന മൂലവാക്കിന്റെ അർത്ഥം "മുങ്ങൽ" തന്നെയാണ്. സ്നാനത്തിൽ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്ക് ചേരുന്നു എന്നു പൗലൊസ് പറയുന്നത് സ്നാനം നിമഞ്ചനം ആണെന്നു തെളിയിക്കുന്നത് തന്നെയാണ്.

പല അധികാരികളും മതത്തിനു പുറത്തുള്ളവർ പോലും ആ വാക്കിന് ഈ അർത്ഥമാണ് കൊടുക്കുന്നത്, *ദ അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി* "ബാപ്റ്റൈസ്" എന്നതിന് ഗ്രീക്കിൽ *ബാപ്റ്റെയിൻ* എന്നും നൽകുന്ന അർത്ഥം "മുക്കുക"[14] എന്നുമാണ്. മറ്റു മതപരമല്ലാത്ത, പക്ഷപാതപരമല്ലാത്ത ആളുകൾ നൽകുന്ന നിർവ്വചനം ഇതാണ്: "എഫ്ആർ. ഗ്രീക്ക്. *ബാപ്റ്റിസ്മാ*, 'വെള്ളത്തിൽ മുക്കൽ' ... അതിൽ വളരുന്ന അർത്ഥം മനസിലും വെള്ളത്തിലും [ആരംഭത്തിൽ] ജനിക്കുന്ന മുങ്ങൽ ആണ് നിലനിന്നത്."[15] മറ്റു ഉറവിടങ്ങൾ പറയുന്നത്,

> ഗ്രീക്ക് ക്രിയ "ബാപ്റ്റൈസ്" *ബാപ്റ്റിസെയിൻ,* രൂപപ്പെട്ടത് *ബാപ്റ്റെയിൻ*, "മുക്കുക,"എന്നും "അടിക്കടി മുക്കുക, നിമഞ്ചനം ചെയ്യുക, മുങ്ങൽ."[16]

> പുരാതനകാലത്തെ *ബാപ്റ്റെറീസ്* കാണിക്കുന്നത് സാധാരണ രീതി മുങ്ങൽ ആയിരുന്നു.[17]

> സ്നാനത്തിന്റെ രൂപം ഓർപ്പിക്കുവാൻ "മരിച്ചു" എന്നതിനു പകരം അപ്പൊസ്തലൻ പറയുന്നത് "അടക്കപ്പെട്ടു" എന്നാണ്, അതിനു സമാന്തരമെന്ന് കരുതി [തളിക്കൽ] സ്നാനം നൽകുന്നത് ആക്ഷേപകരമാണ്.[18]

> ഒരാളെ വെള്ളത്തിൽ താഴ്ത്തുമ്പോഴാണ് "അടക്കം" സംഭവിക്കുന്നത്, അതിനോടൊപ്പം "ഉയർത്തെഴുന്നേൽപും" സംഭവിക്കുന്നു.[19]

സ്നാനത്തിൽ ഒരു വ്യക്തിയുടെ ശരീരവും ആത്മാവും അടക്കം മുഴുവനും ഉൾപ്പെടുന്നു. അതിൽ ഒരു ഭാഗവും മാറ്റിനിർത്താവുന്നതല്ല. പഴയ മനുഷ്യനെ ത്യജിച്ച് വിശ്വാസത്തോടെ പുതിയ ജീവനിലേക്ക് പ്രവേശിക്കുവാൻ ആത്മാവിനെ പൂർണ്ണമായി യേശുവിന്നു ഏൽപിച്ചുകൊടുക്കണം. അങ്ങനെ സ്നാനം ഏൽക്കുന്ന ആൾ മരിച്ച അവസ്ഥയിൽനിന്ന് ആത്മിയമായി ജീവിക്കുകയാണ്. ശരീരം മുഴുവൻ വെള്ളത്തിൽ മുങ്ങുന്നതാണ് സ്നാനം. വെള്ളം

കോരി ഒഴിച്ചോ അല്ലെങ്കിൽ വെള്ളം തളിച്ചോ സ്നാനപ്പെടുത്തിയാൽ, യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളിയാകുന്നില്ല. അത് ശരീരം മുഴുവൻ സ്നാനത്തിൽ ഉൾപ്പെടുത്തി സ്നാനം ഏൽക്കുന്നതുപോലെ ആകുന്നില്ല. അതുകൊണ്ട് ശരീരം പൂർണ്ണമായി ഉൾപ്പെട്ട സ്നാനം മുഖാന്തരമെ പൂർണ്ണമായി ഒരു വ്യക്തിക്ക് അയാളെ ക്രിസ്തുവിനു സമർപ്പിക്കുവാൻ കഴിയുകയുള്ളു.

പാപമോചനത്തിനും, രക്ഷക്കും, പുതിയ ജീവിതത്തിനും ആവശ്യമായ സ്നാനത്തിൽനിന്നു ഒഴിവാകുവാനായി പല ന്യായവാദങ്ങളും ആളുകൾ നടത്തുന്നുണ്ട്. അത്തരം വാദഗതികളെല്ലാം തിരുവെഴുത്തു പഠിപ്പിക്കുന്ന സ്നാനത്തിനെതിരാണ് (മർ. 16:16; പ്രവൃ. 2:38; 22:16; 1 പത്രൊ. 3:21). വാരെൻ ഡബ്ലിയു. വിയേഴ്സ്ബെ പറഞ്ഞു,

> ... പുതിയനിയമത്തിൽ *ബാപ്റ്റൈസ്* എന്ന വാക്കിനും അക്ഷരികവും ആലങ്കാരികവുമായ അർത്ഥം ഉണ്ട്. അക്ഷരികമായ അർത്ഥം, “മുക്കുക,” അല്ലെങ്കിൽ “നിമഞ്ജനം” എന്നാണ്. ആലങ്കാരികമായി “കൂടെ തിരിച്ചറിയുന്നതിന്” എന്നാണ്. ഉദാഹരണത്തിന്, യെഹൂദജനം ചെങ്കടലിൽകൂടെ നടന്നു പോയപ്പോൾ “മോശെയോട് ചേരുവാൻ” അവർ സ്നാനം ഏറ്റു (1 കൊ. 10:1, 2). അവർ ഉണങ്ങിയ നിലത്തുകൂടെ പോയതിനാൽ അവർക്കു ചുറ്റുമായിരുന്നു വെള്ളം. ആ അനുഭവത്തിൽകൂടെ ദേശം മോശെയെ തിരിച്ചറിഞ്ഞു.[20]

യിസ്രായേൽ ജനം സ്നാനം ഏറ്റപ്പോൾ, അതിൽ മോശെ ഉൾപ്പെട്ടിട്ടില്ല എന്നു പറയുവാൻ സാധ്യമല്ല. അവർ കടലിൽകൂടെ കടന്നുപോയപ്പോൾ, അവർ വെള്ളത്താൽ മൂടപ്പെട്ടിരുന്നതായി നമുക്ക് കാണാം (യെശ. 4:5). അവർ ഉണങ്ങിയ നിലത്തുകൂടെ കടന്നുപോയി എന്നു പറയുമ്പോൾ, വെള്ളം അവരുടെ ഇരുവശത്തും മതിലായി നിൽക്കുകയും മുകളിൽ മേഘത്തിലും വെള്ളമായിരുന്നു എന്നു കാണാം–അപ്പോൾ വെള്ളത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു എന്നു വ്യക്തം.

വാക്യം 11 എടുത്ത് വേറെ ചിലർ വെള്ളത്തിലുള്ള സ്നാനം ക്രിസ്തുവിന്റെ പരിഛേദനയായിട്ടാണ് പറയുന്നത്, “അത് ഒരുപക്ഷെ പരിവർത്തനത്തെ കുറിച്ചായിരിക്കാം പറയുന്നത് (‘നിങ്ങൾ പരിഛേദനയേറ്റു’ അയോറിസ്റ്റ് ടെൻസ്), ഹൃദയ പരിഛേദന ആത്മാവിലാണ് സംഭവിക്കുന്നത് ...”[21] അപ്പോൾ പരിവർത്തനം വാക്യം 12 ലെ പരിശുദ്ധാത്മാവിനാലുള്ള സ്നാനം നിമിത്തമാണ് കാരണം പൗലൊസ് പറയുന്നു, “കൈ തൊടാത്ത പരിഛേദന” (വാ. 11).

കൊലൊസ്യയിലുള്ള സഭ സകലജാതികൾക്കും ഉദ്ദേശിച്ച സ്നാനമാണ് ഏറ്റിരുന്നത് (മത്താ. 28:19; മർ. 16:15, 16), അല്ലാതെ അത് അപ്പൊസ്തലന്മാർക്ക് മാത്രമായി വാഗ്ദാനം ചെയ്ത പരിശുദ്ധാത്മ സ്നാനമായിരുന്നില്ല (പ്രവൃ. 1:2–5; 2:4), അത് പിന്നീട് കൊർന്നെല്യോസിന്റെ ഭവനത്തിൽ വെച്ച് ലഭിക്കുകയും ചെയ്തു (പ്രവൃ. 11:15, 16). കൈകൊണ്ടല്ലാത്ത പരിഛേദന ഏറ്റു എന്നു പറഞ്ഞിരിക്കുന്നത് അർത്ഥമാക്കുന്നത് അവരുടെ പാപങ്ങൾ നീക്കിയത് മനുഷ്യരല്ല ദൈവമാണ് അതിനു പ്രവർത്തിച്ചത് എന്നാണ്. അത് സംഭവിക്കുന്നത് സ്നാനപ്പെടുമ്പോഴാണ്. ആൽബ്രെറ്റ് ഒയെപ്കെ ശരിയായി നിരീക്ഷിച്ചു,

സന്ദർഭം മറ്റൊരുവിധത്തിൽ പറയുന്നില്ലെങ്കിൽ, പുതിയനിയമത്തിൽ സ്നാനത്തെ കുറിച്ച് പറഞ്ഞിട്ടുള്ളതെല്ലാം വെള്ളത്തിലുള്ള സ്നാനമാണ്. സ്നാനം സാങ്കേതികമായി അർത്ഥമാക്കുന്നത് "വെള്ളത്തിലുള്ള സ്നാനമാണ്." അതുകൊണ്ട് മുഖാന്തരം പറയേണ്ടത് ആവശ്യമാണ്.[22]

ഈ സന്ദർഭത്തിൽ പരിശുദ്ധാത്മ സ്നാനത്തെ ഉദ്ദേശിച്ചതായി ഒന്നും കാണാത്തതിനാൽ, പൗലൊസിന്റെ മനസിൽ വെള്ളത്തിലുള്ള സ്നാനമായിരുന്നു ഉണ്ടായിരുന്നത് എന്നു സ്പഷ്ടം.

**"സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയർത്തെഴുന്നേറ്റിരിക്കുന്നു" (2:12)**

സ്നാനത്തിൽ, കൊലൊസ്യയിലുള്ള സഹോദരന്മാർ അവനോടുകൂടെ അടക്കപ്പെടുകയും, അവനോടുകൂടെ **ഉയിർത്തെഴുന്നേൽക്കുകയും** ചെയ്തിരുന്നു. "അവനോടുകൂടെ ഉയർത്തെഴുന്നേറ്റു" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*സുനെഗെർതെറ്റെ*), ഒരു അയോറിസ്റ്റ് പാസിവ് ഇന്റിക്കേറ്റിവ് ആണ്, അത് ഒരു പ്രവൃത്തി പൂർത്തിയാക്കിയതിനെയാണ് സൂചിപ്പിക്കുന്നത്. അതേ വാക്ക് 3:1 ലും, എഫെസ്യർ 2:6 ലും കാണാം. ആ സഹോദരങ്ങൾ സ്നാനം മുഖാന്തരം ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും പങ്കുകാരായതുപോലെ, അവന്റെ ഉയർത്തെഴുന്നേൽപിലും പുതിയ ജീവിതത്തിലും അവനോടുകൂടെ പങ്കുകാരായി തീർന്നിരുന്നു.

അവരുടെ **വിശ്വാസം** (*പിസ്റ്റിസ്*) മൂലമാണ് അത് സംഭവിച്ചത്. കൊലൊസ്യലേഖനത്തിൽ പൗലൊസ് അവസാനമായിട്ടാണ് ഇവിടെ "വിശ്വാസം" എന്ന വാക്ക് ഉപയോഗിച്ചത് (അത് 1:4, 23; 2:5, 7 ലും കാണാം.) ഇവിടെ പറയുന്ന വിശ്വാസത്തെ കുറിച്ച് പല ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതായിട്ടുണ്ട്.

(1) **ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസം** എന്ന പ്രയോഗത്തിൽ, *പിസ്റ്റിസ്* ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള "ഫെയിത്" എന്നതിനു പകരം "വിശ്വസ്തത" എന്നാണോ തർജിമ ചെയ്തിരിക്കുന്നത്? *പിസ്റ്റിസ്* എന്ന വാക്ക് ഒരിക്കലും "വിശ്വസ്തത" എന്നു തർജിമ ചെയ്തിട്ടില്ല. കെജെവിയിൽ 239 പ്രാവശ്യം "ഫെയിത്ത്" എന്നും ഓരോ പ്രാവശ്യം, "ഉറപ്പ്," "ആത്മാർത്ഥത," "വിശ്വസിക്കുക" എന്നിങ്ങനെയാണ് തർജിമ ചെയ്തിരിക്കുന്നത്, ഒരിക്കലും "വിശ്വസ്തത എന്ന് തർജിമ ചെയ്തിട്ടില്ല. മത്തായി 23:23 ലും, റോമർ 3:3 ലും; ഗലാത്യർ 5:22 ലും എൻഎഎസ്ബിയിൽ 238 പ്രാവശ്യം "വിശ്വാസം" എന്നു ഒരിക്കൽ "തെളിവ്" എന്നും മൂന്നു പ്രാവശ്യം "വിശ്വസ്തത" എന്നും തർജിമ ചെയ്തിരിക്കുന്നു. മത്തായി 23:23 ലും ഗലാത്യർ 5:22 ലും "വിശ്വാസം" എന്നതിനു പകരം "വിശ്വസ്തത" നല്ല തർജിമ ആകുവാൻ കാരണം എന്താണ്? ഈ വേദഭാഗത്തിലെ "വിശ്വാസം" എന്നത്, 2 പത്രൊസ് 1:5 ലേതുപോലെ ക്രിസ്തീയ ഗുണമായിട്ടല്ലേ പറയുന്നത്?

ഇനി നമുക്ക് റോമർ 3:3 നോക്കാം. അവരുടെ അവിശ്വാസം ദൈവത്തിന്റെ വിശ്വസ്തതയെ നീക്കം വരുത്തുന്നതാണോ? ഈ വാക്യത്തിൽ, ഗ്രീക്ക് ക്രിയ "വിശ്വസ്തത" എന്നു തർജിമ ചെയ്തിരിക്കുന്നത് നീതീകരിക്കാവുന്നതാണ്. എങ്ങനെയായാലും, "വിശ്വാസം" എന്നതിനു വേണ്ടി ധാരാളം കാര്യങ്ങൾ

തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. ബാർക്ക്‌ലേ എം.ന്യൂമാനും നിഡയും എഴുതി, "അക്കാരണത്താലാണോ 'ദൈവത്തിലുള്ള വിശ്വാസം പ്രയോജനപ്രദമാകുന്നത്' എന്നു ചോദിക്കുന്നതാകാൻ സാധ്യതയുണ്ട്. എന്നാൽ ആധുനിക തർജിമക്കാരാരും പൗലൊസ് പറഞ്ഞ അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല."[23] ഒരുപക്ഷെ, 1973 ൽ ന്യൂമാനും നിഡയും എഴുതിയപ്പോൾ, 1971 ലെ തർജിമയിലെ റോമർ 3:3 ന്റെ തർജിമ "അവരുടെ അവിശ്വാസം, ദൈവത്തിലുള്ള വിശ്വാസം പ്രയോജനമില്ലാത്തത്'' ആയിരിക്കുമെന്ന് അറിഞ്ഞുകൂടായിരുന്നോ? (എൽബി).

"വിശ്വസ്തത" എന്ന് റോമർ 3:3 തർജിമ ചെയ്തത് നല്ല ർജിമയല്ല. "വിശ്വാസത്തിന്റെ" എന്നത് വ്യാകരണപ്രകാരം "വിശ്വാസത്തിൽ" എന്നാണ് തർജിമ ചെയ്യേണ്ടത്. "അക്കാരണത്താലല്ലേ ദൈവത്തിലുള്ള അവരുടെ വിശ്വാസം നിഷ്ഫലമായി തീരുന്നത്?" എന്നതിൽനിന്നു വ്യത്യസ്തമായ അർത്ഥത്തിൽ അത് പറയുന്നില്ല. ചിലരുടെ അവിശ്വാസം മറ്റുള്ളവരുടെ ദൈവത്തിലുള്ള വിശ്വാസത്തെ വിലയില്ലാതാക്കുകയില്ല എന്നാണ് പൗലൊസ് പറയുന്നത്.

പൊതുവായ നിയമം അനുസരിച്ച്, സന്ദർഭത്തിൽ ഒഴികഴിവില്ലെങ്കിൽ, ഒരു വാക്ക് സാധാരണ തർജിമ ചെയ്യുന്നത് അതിന്റെ അർത്ഥം നിലനിർത്തിക്കൊണ്ടായിരിക്കണം. *പിസ്റ്റിസ്* എന്ന വാക്കിന് "വിശ്വാസം" എന്നല്ലാതെ മറ്റൊരു വാക്കിൽ തർജിമ ചെയ്യുവാൻ സാധ്യമല്ല. 2:12 ന്റെ തർജിമ "വിശ്വസ്തത" എന്നത് നാം തർജിമ ചെയ്യുന്നത് *പിസ്റ്റിസ്* എന്നായിരിക്കണം എന്നു സന്ദർഭം പറയുന്നില്ല. അതുകൊണ്ട്, "ദൈവത്തിന്റെ വ്യാപാരശക്തിയിലായിരിക്കണം വിശ്വാസം" എന്ന് നിലനിർത്തണം. വാക്യം 12-ൽ പുരാതന തർജിമക്കാരോ ആധുനിക തർജിമക്കാരോ ചിലർ *പിസ്റ്റിസ്* എന്ന വാക്ക് "വിശ്വസ്തത" എന്നു തർജിമ ചെയ്തിട്ടുണ്ട്.

(2) യേശുവിന്റെ ഉയർത്തെഴുന്നേൽപിനെ "ദൈവത്തിന്റെ വ്യാപാരശക്തിയുമായി ബന്ധിപ്പിച്ചിരിക്കുകയാണോ (ഒന്നു ആവർത്തിച്ചുകൊണ്ട്)" (ഒന്ന് ആവർത്തിച്ചുകൊണ്ടോ, അഥവാ മറ്റൊന്നിനെ നിർവചിച്ചുകൊണ്ടോ)? അങ്ങനെയെങ്കിൽ, വിശ്വാസമാണ് ദൈവത്തിന്റെ വ്യാപരശക്തിക്കു പകരം, സ്നാനപ്പെടുന്നയാളെ യേശുവിന്റെ പുനരുത്ഥാനത്തോട് ഏകീഭവിക്കുമാറാക്കുന്നത്. ഏഎസ്. പീക്ക് പറഞ്ഞു,

ഏ.എസ്.പീക്ക് പറഞ്ഞു,

> ...മറ്റൊരു ഭാഗത്ത് പിസ്റ്റിസിനു ശേഷം സംബന്ധികാ വിഭക്തിയാണ് വരുന്നത്. വിശ്വസിക്കുന്ന വ്യക്തിയെയല്ല പറയുന്നതെങ്കിൽ, വിശ്വാസവസ്തുവിനെയാണ് പറയുന്നത്. ഹോഫ്മാന്റെ കാഴ്ച്ചപ്പാട് അനുസരിച്ച് ടി.എനെർ, സംയോജനത്തിന്റെ സംബന്ധികാ വിഭക്തിയാണ്. "വിശ്വാസത്തിൽ, ദൈവം പ്രവർത്തിക്കുന്നു" എന്നു പറയുന്നത്. ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചവന്റെ പ്രവൃത്തിയിലേക്ക് നയിക്കുന്നതാണ് വിശ്വാസം. ഒ.വാ. റോമർ. 4:24. ദൈവസ്വഭാവം വെളിപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിനെ ഉയർത്ത അതേ ശക്തി നമ്മുടെ ആത്മിയ അനുഭവങ്ങളിലും നമുക്ക് ഉണ്ടാകും. ആകയാൽ, നമ്മുടെ സ്നാനം ഒന്നിന്റേയും അടയാളം അല്ല, യഥാർത്ഥത്തിൽ വെള്ളത്തിലുള്ള അടക്കവും ക്രിസ്തുവിനോടുകൂടെ ആത്മിയമായി ഉയർത്തെഴുന്നേൽക്കലുമാകുന്നു.[24]

പീക്ക് പറഞ്ഞതനുസരിച്ച്, വാക്യം 12 "വിശ്വാസവും" "ദൈവത്തിന്റെ വ്യാപാരശക്തിയും" വേറിട്ടു പ്രവർത്തിക്കുന്നതായിട്ടല്ല പറയുന്നത്. പകരം, "ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസമായിട്ടാണ് പറയുന്നത്." വിശ്വാസം വെച്ചിരിക്കുന്നത് ദൈവത്തിന്റെ പ്രവൃത്തിയിലാണ്. "ക്രിസ്തുവിനെ ഉയർപ്പിച്ച ദൈവശക്തി നമ്മുടെ ആത്മിയ അനുഭവത്തിലും വ്യാപരിക്കുന്നു."

(3) *ടെസ് പിസ്റ്റെയിസ്* തർജിമ ചെയ്യേണ്ടത് "വിശ്വാസത്തിന്റെ" എന്നോ അതോ "വിശ്വാസത്തിൽ" എന്നാണോ? സംബന്ധികാ വിഭക്തിക്ക് ഉദാഹരണമായി തേയർ 2:12 ഉം ഉൾപ്പെടുത്തിയിരിക്കുന്നു. സംബന്ധികാ [വിഭക്തിയും] "വസ്തു [വിശ്വാസത്തിൽ] എന്നതാണ്."[25]

എഫ്. വിൽബർ ജിഞ്ച്റിച്ചും ഫ്രെഡറിക് ഡബ്ലിയു. ഡാങ്കറും പൗലൊസിന്റെ പ്രയോഗത്തെ വ്യാഖ്യാനിച്ചിരിക്കുന്നത് "*വിശ്വാസം, ആശ്രയം, ദൈവത്തിലുള്ള ആത്മവിശ്വാസം ആണ്*." പിന്നെ അതിനെ കുറിച്ചുള്ള വേദഭാഗങ്ങളും കാണാം (ഉദാഹരണമായി, മർ. 11:22), അവർ കൊലൊസ്യർ 2:12 ന് ഈ വ്യാഖ്യാനമാണ് നൽകിയിരിക്കുന്നത്: "*... അവനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസം*."[26] 2000 ത്തിലെ റെവിഷനിൽ ഡാങ്കർ ഇതിനോടു തുല്യമായിട്ടാണ് ഈ വാക്യത്തിലെ ആ ഭാഗം തർജിമ ചെയ്തത്.[27]

*ഡയാ ടെസ്* പിസ്റ്റെഓസ് എന്ന പ്രയോഗം കർമ്മവിഭക്തിയുടെ സംബന്ധികാവിഭക്തിയായിട്ടാണ് മിക്ക വ്യാഖ്യാതാക്കളും കാണുന്നത്.[28] അതിനാൽ ആ പ്രയോഗത്തെ "വിശ്വാസം മുഖാന്തരം" എന്നു തർജിമ ചെയ്യണം.

(4) ആളുകൾ സ്നാനം ഏൽക്കുമ്പോൾ ദൈവം ചെയ്ത പ്രവൃത്തികളിൽ അവരുടെ വിശ്വാസം സമർപ്പിക്കേണ്ടതുണ്ടോ? ഉവ്വ്. ദൈവത്തിന്റെ ശക്തമായ പ്രവൃത്തിയിലാണ് സ്നാനം എൽക്കുന്നവർ വിശ്വസിക്കേണ്ടത്-യേശുവിനെ ഉയർപ്പിച്ച അതേ ശക്തി-അയാൾക്ക് പുതിയ ആത്മിയ ജീവിതം നൽകും. സ്നാനത്തിൽ, അയാൾ യെശുവിന്റെ അടക്കത്തിലും, ഉയർപ്പിലും പങ്കാളിയാകുകയാണ്. അയാളെ ക്രിസ്തു ആത്മിയ പരിഛേദനയാൽ പുതു മനുഷ്യനാക്കും എന്ന വിശ്വാസം ഉണ്ടാകുമ്പോഴാണ് അങ്ങനെ സംഭവിക്കുന്നത്. ദൈവത്തിന് അങ്ങനെ ചെയ്യുവാൻ കഴിയുമെന്ന് യേശുവിനെ ഉയർപ്പിച്ചതിലുടെ ആ ശക്തി കാണിച്ചു. മാർവിൻ വിൻസെന്റ് പറഞ്ഞു, "ദൈവത്തിന്റെ പ്രവൃത്തിയിലുള്ള വിശ്വാസം" ആണ്, 'ദൈവം പ്രവർത്തിക്കുന്നതിന്റെ വിശ്വാസം' അല്ല, പിന്നെയോ, 'ക്രിസ്തുവിന്റെ ഉയർപ്പിൽ ദൈവം പ്രവർത്തിച്ചതിലുള്ള "നിങ്ങളുടെ വിശ്വാസം' ആണ് അവിടെ പറയുന്നത്."[29]

സ്നാനം ഏൽക്കുന്ന ആൾക്ക് "ദൈവത്തിന്റെ ശക്തിയിൽ" മാത്രമല്ല വിശ്വാസം ആവശ്യമായിരിക്കുന്നത്, എൻഐവിയിൽ തർജിമ ചെയ്തിരിക്കുന്നതുപോലെ, ദൈവത്തിന്റെ "പ്രവൃത്തിയിലും" (*എനെർജെയിയ*) വിശ്വാസം ആവശ്യമാണ്.[30] പൗലൊസ് ഉദ്ദേശിച്ചത് "ശക്തി" ആണെങ്കിൽ, ഗ്രീക്കിൽ *എക്സൗസൊസിയ* എന്ന വാക്ക് ആയിരിക്കും ഉപയോഗിച്ചിരിക്കുക ("ശരിയായ, അല്ലെങ്കിൽ പ്രവർത്തിക്കുവാൻ അധികാരമുള്ള") അല്ലെങ്കിൽ *ഡുനാമിസ്* ("ശക്തി" അല്ലെങ്കിൽ "പ്രവർത്തിക്കുവാനുള്ള കഴിവ്") പകരം അവൻ ഉപയോഗിച്ചത് *എനെർജെയിയ* ആണ്, അതിന്റെ അർത്ഥം, പ്രവർത്തിക്കുന്ന ശക്തി, മിക്കവാറും അത് തർജിമ ചെയ്തിരിക്കുന്ന "പ്രവർത്തിക്കുന്ന" എന്നാണ്. ജെ. ഇതേൽ ജോൺസ് പറഞ്ഞു, "അത് ദൈവ പ്രവൃത്തിയിലുള്ള വിശ്വാ

സം മൂലമാണ്" (ആർഎസ്‌വി) എന്നതിനർത്ഥം ആ "പ്രവൃത്തിക്കാണ് വില എന്നാണ്."[31] വില്യം ബാർക്ക്‌ലേ അത് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ദൈവത്തിന്റെ പ്രവൃത്തിയിൽ ഒരാൾ യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവനിൽ വിശ്വസിക്കുമ്പോൾ മാത്രമാണ് അതിന്റെ ഫലം അയാൾക്ക് ലഭിക്കുന്നത്."[32]

ഹെർബർട്ട് എം. കഴ്‌സൺ പറഞ്ഞു:

> വിശ്വാസിക്ക് വിശ്വസിക്കുവാനായി ക്രിസ്തുവിനെ ഉയർപ്പിച്ചതിനാൽ ദൈവം പ്രദർശിപ്പിച്ചുകഴിഞ്ഞു. അപ്പോൾ പിന്നെ വാദം ഇതായിരിക്കാം: അവർ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് സ്വീകരിച്ചു. അത് ദൈവം തന്റെ ശക്തി പ്രദർശിപ്പിച്ചു എന്നതിന്റെ തെളിവാണ്. ആ വിശ്വാസത്തിന്മേൽ അവർക്ക് ക്രിസ്തുവിനോടുകൂടിയുള്ള ആത്മിയമായ ഉയർപ്പ് ആസ്വദിക്കുവാൻ കഴിഞ്ഞു.[33]

മറ്റു വ്യാഖ്യാതാക്കൾ അതിനോട് യോജിക്കുന്നു:

> ക്രിസോസ്റ്റം അഭിപ്രായപ്പെടുന്നു: "ദൈവത്തിനു നിങ്ങളെ ഉയർത്തുവാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിച്ചതിനാൽ, നിങ്ങൾ ഉയർത്തെഴുന്നേറ്റു" ... അത് ക്രിസ്തുവിനെ ദൈവം ഉയർപ്പിച്ചതിലുള്ള വിശ്വാസം മാത്രമല്ല, മനുഷ്യരിൽ ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചതുപോലെ തങ്ങളെയും ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ പ്രവർത്തിക്കുമെന്ന വിശ്വാസം കൂടെയാണ്.[34]
>
> ക്രിസ്തീയ സ്നാനം ഏൽക്കുന്നവർ ക്രിസ്തു വ്യക്തിപരമായി വീണ്ടെടുക്കുമ്പോൾ, ആത്മിയ പരിഛേദന നടത്തുമെന്ന് സമ്മതിച്ചുകൊണ്ട് അത് സ്വീകരിക്കണം. ഒഴിച്ചുകൂടാനാവാത്ത വിശ്വാസം ഏൽക്കുന്ന പ്രവൃത്തിയിൽ മാത്രമല്ല, മറിച്ച് ആ "വിശുദ്ധ കൽപനയിൽ" ക്രിസ്തുവിന്റെ അടക്കത്തിലും ഉയർപ്പിലും ദൈവം പ്രവർത്തിച്ചതിൽ വിശ്വസിക്കുകയും, അയാൾ മരിച്ച്, അടക്കപ്പെടുകയും ഉയർക്കുകയും ചെയ്യുന്നു, അങ്ങനെ പാപത്തെ കീഴ്പ്പെടുത്തി ദൈവിക ജീവൻ ലഭിക്കുയും ചെയ്യുന്നു (റോമ. 6:7, 9–11).[35]
>
> വാക്യം 12 ന്റെ കേന്ദ്രഭാഗം ഒരുപക്ഷെ ഇങ്ങനെ പറയാം "നിങ്ങൾ സ്നാനം ഏറ്റപ്പോൾ, അവന്റെ അതേ ശക്തിയാൽ ദൈവം നിങ്ങളെ വീണ്ടും ജീവിപ്പിച്ചു, അവൻ ക്രിസ്തുവിനോടുകൂടെയാണ്, നിങ്ങളെ ജീവിപ്പിച്ചത്. നിങ്ങൾ ദൈവശക്തിയിൽ വിശ്വസിച്ചതു നിമിത്തമാണ് അങ്ങനെ സംഭവിച്ചത്."[36]
>
> മനുഷ്യന്റെ മനോഭാവം എന്തായാലും, അല്ലെങ്കിൽ ദൈവം സ്നാനത്തിൽ പ്രവർത്തിക്കുന്നത് മനസിലാക്കിയാലും ഇല്ലെങ്കിലും, അല്ലെങ്കിൽ സ്നാനശേഷം എടുക്കേണ്ടതായ ശരിയായ നിലപാട് എടുക്കാതെ വിശ്വാസ പ്രവൃത്തി മാത്രം കണക്കിലെടുത്ത് സ്നാനം ആവശ്യപ്പെടുന്നത് തെറ്റാണ്.[37]
>
> പിന്നെ ദൈവത്തിന്റെ സ്വഭാവം വ്യക്തമാക്കി: അവനെ മരിച്ചവരിൽനി

ന്നും ഉയർപ്പിച്ചവൻ, കാരണം അനുമാനപ്രമാണം പറയുന്നു: ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചുവെങ്കിൽ, എന്നെയും അവൻ ജീവന്റെ പുതുക്കത്തിലേക്ക് കൊണ്ടുവരും (എഫെ. 1:19, 20 താരതമ്യം ചെയ്യുക). ഇത് അനുഭവിക്കുവാൻ കഴിയുന്നത് "ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വശ്വാസം മുഖാന്തരമാണ്."[38]

സ്നാനം കൊടുക്കുന്ന വ്യക്തിയിലല്ല സ്നാനം ഏൽക്കുന്ന ആൾക്ക് വിശ്വാസം ഉണ്ടാകേണ്ടത്, ആ പ്രവൃത്തിയിലോ വെള്ളത്തിലോ അല്ലെങ്കിൽ, യേശുവിന്റെ ഉയർത്തെഴുന്നേൽപിൽ മാത്രമോ ആകരുത്. ക്രിസ്ത്യാനിയായി തീരുന്ന ആളിൽ ദൈവം പ്രവർത്തിക്കുന്നതിലാണ് ഒരാളുടെ വിശ്വാസം തിരിയേണ്ടത്. യേശുവിനെ ഉയർപ്പിച്ചതിൽ ദൈവം കാണിച്ച ആ ശക്തിയുടെ അടിസ്ഥാനത്തിലാണ് ദൈവം വ്യക്തികളിൽ മാറ്റം ഉണ്ടാകുവാൻ പ്രവർത്തിക്കുന്നത്. അത്തരം വിശ്വാസം ഒരാളിൽ വരാതെ ദൈവം അങ്ങനെ അയാളിൽ പ്രവർത്തിക്കുകയില്ല.

ദൈവത്തിലുള്ള വിശ്വാസം നിമിത്തം യേശുവിനോടുകൂടെ ഒരാൾ അടക്കപ്പെടുകയും ഉയർക്കപ്പെടുകയും ചെയ്യുമ്പോൾ ദൈവം മൂന്നു ഫലങ്ങൾ പുറപ്പെടുവിക്കുന്നു: പരിഛേദന, ജീവന്റെ പുതുക്കം, പാപമോചനം. 12 മുതൽ 13 വരെയുള്ള വാക്യങ്ങളിലെ പൗലൊസിന്റെ ചിന്തയെ കുറിച്ച്, എഡ്വേർഡ് സ്ക്കീസർ ശരിയായി നിരീക്ഷിച്ചു, "അവർക്ക് ലഭിച്ചു കഴിഞ്ഞ ഉയർത്തെഴുന്നേൽപ് ജീവിതം എന്താണെന്നു അടുത്ത വാക്യത്തിൽ വിവരിച്ചിരിക്കുന്നു: അത് അഗ്രചർമ്മത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ് നൽകുന്നത്, അത് പാപങ്ങളുടെ മോചനത്തിന്റെ അടിസ്ഥാനത്തിലാണ്."[39]

### "അതിക്രമത്തിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും" (2:13)

ക്ഷമിക്കപ്പെടുന്നതിനുമുൻപ് കൊലൊസ്യർ പാപത്തിലായിരുന്നു ജീവിച്ചിരുന്നത്. പൗലൊസ് റോമാക്കാരോട് പറഞ്ഞു, "കൽപന വന്നപ്പോൾ പാപം വീണ്ടും ജീവിക്കയും ഞാൻ മരിക്കയും ചെയ്തു; ... പാപമോ അവസരം ലഭിച്ചിട്ട് കൽപനയാൽ എന്നിൽ പലവിധ മോഹത്തെയും ജനിപ്പിച്ചു. കൽപന വന്നപ്പോൾ പാപം വീണ്ടും ജീവിക്കുകയും ഞാൻ മരിക്കുകയും ചെയ്തു" (റോമ. 7:9, 11). യാക്കൊബ് എഴുതി, "പാപം മരണത്തെ പെറുന്നു" (യാക്കൊ. 1:15). എല്ലാവരേയും പോലെ, കൊലൊസ്യരും പാപം ചെയ്തപ്പോൾ, അവർ പാപത്തിൽ മരിച്ചിരുന്നു (റോമ. 3:23). പാപങ്ങളിൽനിന്നുള്ള മോചനവും, പുതിയ ജീവിതവും അവർ ദൈവത്തിന്റെ വ്യാപാരശക്തിയിൽ വിശ്വസിച്ച് സ്നാനമേറ്റപ്പോൾ, അവരുടെ അവസ്ഥക്ക് മാറ്റമുണ്ടായി.

തീർച്ചയായും പൗലൊസ് ഭൗതിക മരണത്തെ കുറിച്ചല്ല പറഞ്ഞത്. **അതിക്രമങ്ങളിൽ നിങ്ങൾ മരിച്ചിരുന്നു** എന്നു പറഞ്ഞതിനർത്ഥം, അവർ പാപം നിമിത്തം ക്രിസ്തുവിലുള്ള ആത്മിയ ജീവനിൽനിന്നു വേർപെട്ടിരുന്നു എന്നാണ് (എഫെ. 4:18). ആത്മിയ ജീവന്റെ ഉറവിടം ക്രിസ്തുവാണ് (1 യോഹ. 5:12), അവനിൽ ആയി തീരാത്തവർ മരിച്ചവരാണ്. ക്രിസ്തുവിലുള്ള ജീവൻ ലഭിക്കുവാൻ (1 യോഹ. 5:11), ഒരു വിശ്വാസി ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കണം (റോമ. 6:4; ഗലാ. 3:27). ഒരു വ്യക്തിയുടെ ആത്മിയ ജീവനില്ലായ്മ ഒഴിവാക്കുവാനും ക്രിസ്തുവിനോടു ചേർന്ന് ജീവന്റെ പുതുക്കം

ലഭിക്കുവാനും സ്നാനം ഏൽക്കണം എന്ന് പൗലൊസ് വാക്യം 12 ലും 13 ലും പഠിപ്പിച്ചിരുന്നു.

വാക്യം 12 നേയും 13 നേയും ബന്ധിപ്പിച്ചുകൊണ്ട് *കയി ലുമാസ്* എന്നു പറഞ്ഞുകൊണ്ടാണ് വാക്യം 13 ആരംഭിക്കുന്നത്. വിഷയം തുടരുകയാണെങ്കിൽ പുതിയ ഖണ്ഡികയുടെ ആവശ്യമില്ല. എൻഐവിയും ടിഎൻഐവിയും ന്യായീകരിക്കാനാവാത്ത വിധത്തിൽ വാക്യം 12 ഉം 13 ഉം വേർപെടുത്തി വാക്യം 12 ന്റെ അവസാനം ഖണ്ഡിക അവസാനിപ്പിക്കുകയാണ്. അത് ഒരു വ്യാഖ്യാനപരമായ തീരുമാനമാണ്; അല്ലാതെ ആ വേദഭാഗത്തിന്റെ ഗ്രീക്കു ഘടനപ്രകാരമല്ല. ഗ്രീക്ക് വേദപുസ്തകത്തിൽ വാക്യം 12 ന്റെ അവസാനം വരിയുടെ മുകളിൽ ഒരു കുത്തിട്ടിരിക്കുകയാണ്. "വരിയുടെ മുകളിലെ കുത്ത് ആണ് രണ്ടു കുത്തും സെമികോളനുമായിട്ടാണ് ... ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്നത്."[40]

വാക്യം 12 ലെയും 13 ലെയും പൗലൊസിന്റെ ചിന്തയെ വേർപിരിച്ച് പുതിയ ഖണ്ഡിക തുടങ്ങിയാൽ, പ്രസ്താവനകൾ തമ്മിലുള്ള ബന്ധം ഇല്ലാതാകുകയാണ്. മറ്റു തർജിമക്കാർ ഇത്തരത്തിൽ പുതിയ ഖണ്ഡികയായി തുടങ്ങിയിട്ടില്ല (എൻഏഎസ്ബി; കെജെവി; എൻകെജെവി; ഏഎസ്വി; ആർഎസ്വി; എൻആർഎസ്വി നോക്കുക). ആ രണ്ടു വാക്യങ്ങളും തമ്മിൽ ശക്തമായി ബന്ധിപ്പിച്ചിരിക്കുകയാണ് എൻഏബി, അതിൽ തർജിമ ചെയ്തിരിക്കുന്നത്, "... നിങ്ങൾ പാപത്തിൽ മരിച്ചവരായിരുന്നപ്പോൾ തന്നെ ദൈവം അവനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചിരുന്നു ... ."

യേശു "അതിക്രമങ്ങൾ" (*പാരാപ്റ്റോ മാറ്റാ*) എന്ന വാക്ക് വിവിധ രൂപത്തിൽ ഉപയോഗിച്ചിട്ടുണ്ട് (മത്താ. 6:14, 15), പൗലൊസും ഉപയോഗിച്ചിരിക്കുന്നു (റോമ. 4:25).[41] ആ വേദഭാഗങ്ങളിൽ തർജിമ ചെയ്തിരിക്കുന്നത് "അതിക്രമങ്ങൾ" എന്നാണ് (ചിലതിൽ "പാപങ്ങൾ" അല്ലെങ്കിൽ "അകൃത്യങ്ങൾ" എന്നാണ്). പുതിയ നിയമത്തിനു പുറത്ത് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് "ഒരാൾ അടി തെറ്റി വീഴുന്ന ഭാവനയെ കാണിക്കുവാനാണ്."[42] പൗലൊസ് "അതിക്രമങ്ങൾ" എന്ന് ബഹുവചനത്തിലാണ് പലപ്പോഴും പറഞ്ഞിരിക്കുന്നത്.

പൗലൊസ് വാക്യം 13 ആരംഭിക്കുന്നത് നിങ്ങൾ എന്ന സർവ്വനാമം ഉപയോഗിച്ചുകൊണ്ടാണ്, എന്നാൽ അവസാനിപ്പിക്കുന്നത്, "*നമ്മുടെ അതിക്രമങ്ങളെല്ലാം* മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് (എംഫസിസ് ആഡഡ്). ആ പ്രയോഗം പുരാതന ഗ്രീക്ക് കയ്യെഴുത്തുപ്രതികളെയാണ് ഉറപ്പിക്കുന്നത് (കെജെവിയിലും എൻകെജെവിയിലും "നിങ്ങളുടെ അതിക്രമങ്ങളെല്ലാം ക്ഷമിച്ചിരിക്കുന്നു") സ്നാനത്തിൽ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളിയായപ്പോൾ താനും ക്ഷമിക്കപ്പെട്ടു എന്നു സൂചിപ്പിച്ചുകൊണ്ടാണ് "നമുക്ക്" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അവൻ എന്തു ചെയ്യണമെന്നറിയുവാൻ യേശു അനന്യാസിനെ ശൗലിന്റെ അടുക്കൽ അയച്ചു (പ്രവൃ. 9:6); അനന്യാസ് അവനോട്, "എഴുന്നേറ്റ് കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച്, സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളക" എന്നു പറഞ്ഞു (പ്രവൃ. 22:16). ഒരേ രീതിയിലാണ് പൗലൊസും കൊലൊസ്യരും പാപക്ഷമാപണവും പുതിയ ജീവനും പ്രാപിച്ചത്.

കൊലൊസ്യർ സ്നാനത്താൽ യേശുവിൽ പരിപൂർണ്ണരായിരുന്നു (2:10), അവർ ആത്മിയമായി പരിഛേദന ചെയ്യപ്പെട്ടപ്പോൾ, അവർ ആത്മിയമായി ജീവിക്കുകയും എല്ലാ അതിക്രമങ്ങളിൽനിന്നും മോചിക്കപ്പെടുകയും ചെയ്തു. അവർ സ്നാനമേറ്റപ്പോൾ അവർക്ക് ദൈവം യേശുവിനെ ഉയർപ്പിച്ച ആ

അത്ഭുത പ്രവൃത്തിയിലുള്ള വിശ്വാസമായിരുന്നു ഉണ്ടായിരുന്നത്. യേശുവിന്റെ ശരീരത്തിനു പുതു ജീവൻ നൽകുവാൻ ദൈവത്തിനു കഴിയുമെങ്കിൽ തങ്ങളുടെ ആത്മിയ മരണം നീക്കി പുതുജീവൻ നൽകുവാൻ ദൈവത്തിനു കഴിയുമെന്നതായിരുന്നു അവരുടെ വിശ്വാസം. സ്നാനത്തിൽ അവർ യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളികളായപ്പോൾ അതാണ് സംഭവിച്ചത്.

യെഹൂദ കാലത്ത്, പരിഛേദന കഴിക്കാത്ത യെഹൂദന്മാരും ജാതികളും ദൈവത്തിൽനിന്നു വേർപെട്ടവരും, പ്രത്യാശയില്ലാത്തവരായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് (എഫെ. 2:11, 12). അവരെ ദൈവജനമായി യെഹൂദന്മാർ സ്വീകരിച്ചിരുന്നില്ല. ക്രിസ്തീയകാലത്ത്, ആത്മിയമായി പരിഛേദനയേൽക്കാത്തവർ ദൈവജനമല്ല. സ്നാനപ്പെടുമ്പോഴാണ് ആത്മിയ പരിഛേദന സംഭവിക്കുന്നത് എന്നതിനാൽ, ഒരാളുടെ ആത്മിയ ജീവിതം മാറുന്നത് സ്നാനം ഏൽക്കുമ്പോഴാണ്. വിശ്വാസത്താലും സ്നാനത്താലുമാണ് ഒരാൾ ദൈവപൈതലായി തീരുന്നത് (ഗലാ. 3:26, 27).

### "നിങ്ങളുടെ അതിക്രമങ്ങൾ ക്ഷമിക്കുകയും നിങ്ങളെ അവനോടുകൂടെ ജീവിപ്പിക്കയും ചെയ്തു" (2:13)

സ്വീകരിക്കുന്നവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സ്നാനത്തിന്റെ വില എന്ന് കൊലൊസ്യരോടുള്ള പൗലൊസിന്റെ പ്രസ്താവന തെളിയിക്കുന്നു. യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച ശക്തിയിലുള്ള വിശ്വാസമാണ് അയാളുടെ പാപങ്ങളെ മോചിക്കുവാനും ജീവന്റെ പുതുക്കം ലഭിക്കുവാനും സാധ്യമാക്കിയത്. യേശുവിനെ ഉയർപ്പിക്കുവാൻ ദൈവം ചെയ്തതിലും, സ്നാനം ഏൽക്കുമ്പോൾ അവൻ ചെയ്യുന്നതിൽ വിശ്വാസിക്കാതെ, ഭൗതികമായ സ്നാനം ഏൽക്കുകയാണെങ്കിൽ അത് വിലയില്ലാത്തതാകും. ദൈവം ചെയ്യുന്നതിൽ ഒരാൾക്ക് വിശ്വാസം ഉണ്ടാകുവാൻ, ദൈവം എന്താണ് ചെയ്യുന്നതെന്ന് അയാൾ സ്നാനപ്പെടുമ്പോൾ അറിഞ്ഞിരിക്കണം. ഈ നടപടിയിൽ ദൈവം എന്താണ് ചെയ്യുന്നത്? അവൻ **നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, അവനോടുകൂടെ നിങ്ങളെ ജീവിപ്പിക്കയും ചെയ്തു** എന്നാണ് പൗലൊസ് വിശദീകരിച്ചത്. സ്നാനം ഏൽക്കുന്ന വ്യക്തിയുടെ ജഡിക ഇഛകളെ നീക്കം ചെയ്ത് പാപങ്ങൾ മോചിച്ചുകൊടുക്കുകയും ആത്മിയമായി ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും ചെയ്തു.

വാക്യങ്ങൾ 11 മുതൽ 13 വരെ നോക്കുമ്പോൾ, കൊലൊസ്യരിൽ ചില മാറ്റങ്ങൾ സംഭവിച്ചതായി കാണാം. (ഈ പുസ്തകത്തിൽ [2:11–13] "കൊലൊസ്യയിലെ ക്രിസ്ത്യാനികളുടെ അവസ്ഥ" എന്ന ചാർട്ട് നോക്കുക.) യേശുവിനെ ഉയർപ്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള കൊലൊസ്യരുടെ വിശ്വാസം നിമിത്തമാണ് അവരുടെ ജഡാഭിലാഷം മാറിയതിനും, പാപങ്ങൾ ക്ഷമിച്ചു കിട്ടിയതിനും, പുതുജീവൻ ലഭിച്ചതിനും കാരണം.

"ഒരുമിച്ച് ജീവിപ്പിച്ചു" (*സുനേസൂജോയിയെസെൻ*) എന്നത് അർത്ഥമാക്കുന്നത് "ഒരുമിച്ച് ജീവിപ്പിക്കുക" എന്നാണ്.[43] ഈ വാക്ക് പുതിയ നിയമത്തിൽ വെറെ ഉപയോഗിച്ചിരിക്കുന്നത് എഫെസ്യർ 2:5–ൽ മാത്രമാണ്. ഈ വാക്കിന്റെ പ്രത്യേക രൂപം ഉപയോഗിച്ചുകൊണ്ട്, മുൻപ് പൂർത്തിയാക്കിയ ഒരു പ്രവൃത്തിയെയാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. പീറ്റർ ടി. ഓ'ബ്രിയെൻ എഴുതി,

> ക്രിസ്തുവിനോടുകൂടെയുള്ള കൊലൊസ്യരുടെ ഉയർപ്പ് സംഭ

> വിച്ചു *കഴിഞ്ഞിരുന്നു*: അതിന് ഉപയോഗിച്ചത് അയോറിസ്റ്റ് ടെൻസാണ്, *സിനെഗെർതെറ്റെ* ("നിങ്ങൾ ഉയർത്തെഴുന്നേറ്റു"). ഇത് കൊലൊസ്യർ വർജ്ജിക്കേണ്ടത് എന്തെന്നു പറയുവാനുള്ളതല്ല എന്ന് അവർ നന്നായി തിരിച്ചറിയണമായിരുന്നു ...; ദൈവത്തോടുകൂടെ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നതും ഭാവിയിൽ വെളിപ്പെടുവാനിരിക്കുന്നതുമായതിനെയാണ് പറയുന്നത് (3:3, 4), അത് മരിച്ചവരുടെ പുനരുത്ഥാനം പോലെയല്ല.[44]

വാക്യം 12 ലും 13 ലും, *സൺ* എന്ന വാക്ക് ഉപയോഗിച്ച്, പൗലൊസ് മൂന്നു സംയുക്ത ക്രിയ ഉപയോഗിച്ചിരിക്കയാണ് (അർത്ഥം "ഒരുമിച്ച്" എന്നാണ്). കൊലൊസ്യർ സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെടുകയും "ഉയർക്കുകയും ചെയ്തു." ഇപ്പോൾ നാം ആമുഖമായി മൂന്നാമത് *സൺ* എന്നു ഉപയോഗിച്ചിരിക്കുന്ന സ്ഥാനത്താണ് എത്തിയിരിക്കുന്നത്. ആദ്യ രണ്ടിന്റേയും ഗുണഫലമാണ് ഇതിൽ ലഭിക്കുന്നത്. "അവരും ... അവനോടുകൂടെ ഉയർത്തിരിക്കുന്നു." സ്നാനത്തിൽ അവർ ഭൗതികമായി യേശുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളിയായതിനാൽ-ആത്മിയ അർത്ഥത്തിൽ, അവനോടുകൂടെ അവർക്ക് ജീവന്റെ പുതുക്കം ലഭിച്ചു. ഒരിക്കൽ അവർ ആത്മിയമായി അഗ്രചർമ്മികളായിരുന്നു, പാപത്തിൽ മരിച്ചവരായിരുന്നു, ദൈവത്തിൽനിന്നു വേർപെട്ടിരുന്നു; സ്നാനശേഷം, അവർ അവരുടെ പാപങ്ങൾ നീക്കുവാൻ ആത്മിയ പരിഛേദന നടത്തി. അപ്പോൾ പാപം നിമിത്തമുള്ള അവരുടെ വേർപാട് അവസാനിച്ചു. "ബൈബിൾ സംബന്ധമായ അർത്ഥത്തിൽ, പാപമോചനം സംഭവിക്കുന്നത് പാപത്താൽ ദൈവത്തോടുള്ള വിഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിക്കപ്പെടുമ്പോഴാണ്."[45]

ഇവിടെ പറയുന്ന ഉയർത്തെഴുന്നേൽപ് ഭാവിയിൽ വരുവാനിരിക്കുന്ന പുനരുത്ഥാനമല്ല, പക്ഷെ കൊലൊസ്യർ സ്നാനത്തിൽ യേശുവിന്റെ പുനരുത്ഥാനത്തോട് പങ്കാളിയായി തീർന്നതിനെയാണ് പറയുന്നത്. ക്രിസ്തുവിനോടുകൂടെ ജീവിക്കുവാൻ അവർ അവന്റെ അടക്കത്തിലും ഉയർപ്പിലും പങ്കുകാരാകണമായിരുന്നു. അപ്പോൾ അവർക്ക് അവനോടുകൂടെ ഒരു പുതിയ ജീവിതം നയിക്കുവാൻ കഴിഞ്ഞു. യേശുവിന്റെ മരണത്തിൽ പങ്കാളിയാകുന്ന പാപസംബന്ധമായി മരിക്കാതെ ആർക്കും പുതിയ ആത്മിയ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ സാധ്യമല്ല (റോമ. 6:3, 4). സ്നാനത്തിൽ ഹൃദയപൂർവ്വം അനുസരിക്കുന്നതിന്റെ ഫലമായിട്ടാണ് പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത് (റോമ. 6:4, 17, 18). ഒരാൾ സ്നാനത്താൽ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കുമ്പോൾ, പുതിയ ജീവിതം യാഥാർത്ഥ്യമാകുന്നു.

വാക്യം 13 ന്റെ സന്ദർഭത്തിൽ, പൗലൊസ് സ്നാനവും പാപങ്ങളുടെ മോചനവും വ്യക്തമായി ബന്ധപ്പെടുത്തിയിരിക്കുന്നു, എന്നാൽ ചിലർ അതിനെ രണ്ടിനേയും വേർപെടുത്തിയിരിക്കുകയാണ്. ആ ശ്രമം നീതീകരിക്കാവുന്നതല്ല, കാരണം സ്നാനവും പാപമോചനവും വേർപിരിക്കാവുന്നതല്ല. ആ ബന്ധം പ്രവൃത്തികൾ 2:38 ൽ പ്രത്യേകമായി കാണാം, അവിടെ പറഞ്ഞിരിക്കുന്നത്, "പാപങ്ങളുടെ മോചനത്തിനായുള്ള [*എയിസ്*] സ്നാനം" എന്നാണ്. ചില ആളുകൾ പ്രവൃത്തികൾ 2:38 ലെ *എയിസ്* എന്നതിന്റെ അർത്ഥം "കാരണത്താൽ" എന്നാണെന്ന് പറയുന്നു. എങ്ങനെയായാലും, വിവിധ വ്യാകരണങ്ങളും ലെക്സിക്കനും പറയുന്നത് "*എയിസ്*" എന്നതിന്റെ

അർത്ഥം, ഇവിടെയും, മർക്കൊസ് 1:4 ലും, ലൂക്കൊസ് 3:3 ലും-ഉദ്ദേശത്തെ യാണ് കാണിക്കുന്നത്. അടുത്ത കാലത്ത് പ്രസിദ്ധീകരിച്ചതും, ബഹുമാനിക്കു ന്നതുമായ വാൾട്ടർ ബാവറുടെ ലെക്സിക്കനെ കുറിച്ച് വില്യം ഡാങ്കർ വിവ രിച്ച് പറഞ്ഞത്, "അതിൽ ഉൾപ്പെട്ട ഫലപ്രദമായ/സംഗ്രഹിക്കൽ/യോജിപ്പുള്ള കാര്യങ്ങൾ, *ഇൻടു, ടു, ... ആകയാൽ പാപം മോചിച്ചുകിട്ടേണ്ടതിന്* മത്താ. 26:28; സിപി. മർ. 1:4; ലൂക്കൊ. 3:3; പ്രവൃ. 2:38."[46]

നിർവ്വചനപ്രകാരം ഗ്രീക്ക് വാക്ക് *എയിസ്*, സ്നാനവും പാപമോചനവും ബന്ധപ്പെടുത്തി സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നതിനർത്ഥം, "ആകയാൽ," "ഉദ്ദേശം" നൽകപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ "ലഭിക്കേണ്ടതിന്നു." ആളുകൾ സ്നാനമേൽക്കുമ്പോൾ, അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു എന്നാണ് തീർച്ചപ്പെടുത്താവുന്നത്. രക്ഷ ലഭിക്കുന്നതിനു സ്നാനം ആവശ്യമാണെന്നു മറ്റു വാക്യങ്ങൾ തെളിയിക്കുന്നു (മർ. 16:16; 1 പത്രൊ. 3:21). തന്റെ ജനത്തിന്റെ പാപങ്ങൾ അവരിൽനിന്നു മോചിക്കുമെന്നാണ് ദൂതൻ പറഞ്ഞത്. "രക്ഷിക്കും" എന്നു പറഞ്ഞിരിക്കുന്നത് പാപമോചനത്തെയാണ് കാണിക്കുന്നത്. പാപമോ ചനത്തിനുള്ള സ്നാനം ഏൽക്കുമ്പോഴാണ് ആളുകൾ രക്ഷിക്കപ്പെടുന്നത്. സ്നാനമേൽക്കുമ്പോൾ സകല അകൃത്യങ്ങളും മോചിച്ചുകൊടുക്കുമെന്ന ആശയം, മറ്റു വേദഭാഗങ്ങളിലും വെളിപ്പെടുത്തിയിരിക്കുന്നത് പാപമോചന ത്തിന് സ്നാനം അത്യാവശ്യമാണ് എന്നത്രെ.

കൊലൊസ്യരുടെ തെറ്റുകളെല്ലാം ക്ഷമിക്കപ്പെട്ടിരിക്കുന്നു. യേശുവിന്റെ ക്ഷമാപണം ഭാഗികമല്ല, പൂർണ്ണമാണ്, അവരിൽ സംഭവിച്ചതായ എല്ലാ ദോ ഷവും നീങ്ങപ്പെട്ടു. യേശുവിന്റെ രക്തം സകല പാപങ്ങളെയും ക്ഷമിക്കും (1 യോഹ. 1:7), അവനെ അനുസരിക്കുമ്പോഴാണ് അത് സംഭവിക്കുന്നത് (എബ്രാ. 5:9). പെന്തെകൊസ്തുനാളിൽ പത്രൊസ് യഹൂദന്മാർക്ക് വാഗ്ദാനം ചെയ്തത് ഇതാണ് (പ്രവൃ. 2:38), ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്ന നിഷ്ഠൂ രനായിരുന്ന ദമസ്ക്കോസിലേക്ക് യാത്ര ചെയ്ത ശൗലിനോട് വാഗ്ദാനം ചെയ്തതും ഇതായിരുന്നു (പ്രവൃ. 22:16). കൊലൊസ്യരുടെ കഴിഞ്ഞകാല പാ പങ്ങളെല്ലാം ക്ഷമിച്ചുകൊടുത്തതുകൊണ്ട്, പിന്നീടു നീതിയുള്ള ജീവിതം നയിക്കാതെ കഴിഞ്ഞകാല ശുദ്ധീകരണത്തിൽ ഊറ്റം കൊള്ളണമെന്നല്ല പറയുന്നത്. സ്നാനശേഷം വരുന്ന ഏതൊരു പാപത്തിനും ക്രിസ്ത്യാനികൾ പാപക്ഷമാപണം അന്വേഷിക്കണം.

പുതിയ ജീവനിലേക്ക് പ്രവേശിക്കുന്നത് യേശുവിനുവേണ്ടി വിശുദ്ധജീ വിതം നയിക്കുവാനാണ്. ദൈവകൃപയാൽ പാപങ്ങൾ ക്ഷമിക്കപ്പെടും എന്ന കാരണത്താൽ ക്രിസ്ത്യാനികൾ തുടർച്ചയായി പാപം ചെയ്യരുത് (റോമ. 6:1–6). പാപത്തിൽ തുടർന്നു ജീവിക്കുന്നവർ കൃപയുടെ ആത്മാവിനെ (ഒരുപക്ഷെ "ആത്മാവ്") നിന്ദിക്കുകയാണ് ചെയ്യുന്നത്. ക്രിസ്ത്യാനികളിലേക്ക് കൃപ വ്യാപിപ്പിക്കുന്നത് പാപത്തെ പ്രോൽസാഹിപ്പിക്കുവാനല്ല; അത് പാപം കൂടാതെ ജീവിക്കുവാൻ ശ്രമിക്കുന്നവർക്കു വേണ്ടിയാണ് (1 യോഹ. 2:1, 2). ഉയരമുള്ള വടത്തിൽകൂടെ നടക്കുന്നയാളുടെ സുരക്ഷക്കായി താഴെ വല വിരിച്ചിരിക്കും. അയാൾ വീഴുവാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ വീണാൽ പ രിക്ക് പറ്റാതിരിക്കുവാനാണ് അത്. അതുപോലെ, ദൈവം ക്രിസ്ത്യാനികളുടെ സുരക്ഷക്കായി നൽകിയിരിക്കുന്ന കൃപ, നാം പാപത്തിൽ വീണുപോയാലും, പാപമില്ലാതെ ജീവിക്കുവാനാണ്.

## ന്യായപ്രമാണ ചട്ടങ്ങളിൽനിന്ന്
## ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം (2:14)

**[14]അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറെച്ച് നടുവിൽനിന്നു നീക്കി കളഞ്ഞു.**

### "നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് കളഞ്ഞു" (2:14)

**നീക്കി കളഞ്ഞത്** എന്താണെന്നു, "മായിച്ചു കളഞ്ഞത്" എന്താണെന്നു മനസിലാക്കുവാൻ, **വിരോധവും പ്രതികൂലവുമായ കയ്യെഴുത്ത്** എന്താണെന്ന് അറിയണം. *ചെരോഗ്രാഫോൺ* എന്ന വാക്ക് ("കയ്യെഴുത്ത്") നിർവ്വചിച്ചിരിക്കുന്നത് "കൈ കൊണ്ടെഴുതിയ രേഖയാണ്, [പ്രത്യേകിച്ച്] യാതൊരു കടവും അവശേഷിക്കാത്ത, വിവരണം, *കടപ്പെട്ട രേഖ.*"[47] *ഡോഗ്മിയ* എന്ന വാക്കിൽനിന്നാണ് "ചട്ടങ്ങൾ" എന്ന വാക്ക് വരുന്നത്. "പ്രമാണിക്കേണ്ടതിന്നു തയ്യാറാക്കിയ പ്രസ്താവനകളും നിയമാവലികളുമാണ് ... അത് *തീരുമാനമായും, ചട്ടമായും, ഔപചാരികമാക്കി* മാറ്റി."[48]

പല വ്യാഖ്യാതാക്കളും തർജിമക്കാരും "കയ്യെഴുത്ത്" എന്നു പറയുന്നത് "ചട്ടങ്ങളാണെന്നു" സമ്മതിക്കുന്നു. അത് ശരിയാണെങ്കിൽ, "കയ്യെഴുത്ത്" ചട്ടങ്ങൾ അഥവാ നിയമാവലികളായി കാണുന്നത് കൈകൊണ്ട് എഴുതിയതാണ്, അതിനാൽ എൻഏഎസ്ബിയിലെ "ചട്ടങ്ങളായ കയ്യെഴുത്ത്" എന്നു പറഞ്ഞിരിക്കുന്നത് വളരെ ശരിയാണ്.

ഈ പ്രയോഗം വ്യാഖ്യാതാക്കൾ വ്യാഖ്യാനിക്കുന്നത് പല വിധത്തിലാണ്. കാഴ്ച്ചപ്പാടുകളിൽ, അഞ്ചു മുഖ്യമായ വ്യാഖ്യാനങ്ങളാണുള്ളത്: (1) കൊലൊസ്യർക്കെതിരായിരുന്ന പാപക്കടങ്ങളുടെ രേഖയെ കുറിച്ചാണ് പൗലൊസ് പറയുന്നത്. (2) അവൻ പറയുന്നത് നിബന്ധനകൾ എഴുതി ഒപ്പിട്ട ഒരു ഉഭയസമ്മതത്തെ കുറിച്ചാണ്. (3) കൊലൊസ്യർക്കെതിരായി "എന്നെന്നും നിലനിന്ന പാപക്കടം ഏറ്റു പറഞ്ഞ് ഒപ്പിട്ടതിനെയാണ് അവൻ സൂചിപ്പിച്ചത്."[49] (4) യിസ്രായേൽ ജനത്തിന് സിനായ് മലയിൽ വെച്ച് ദൈവം കൊടുത്ത ന്യായപ്രമാണമാണ് അവൻ അർത്ഥമാക്കിയത്–അല്ലെങ്കിൽ, ആലങ്കാരികമായി, ക്രൂശിൽ തറെച്ച്, അത് നീക്കം ചെയ്തു. (5) അവൻ വ്യത്യസ്തമായ രണ്ട് ആശയങ്ങളെയാണ് വിവരിച്ചത്.

നാലാമത്തെ വ്യാഖ്യാനത്തെ കുറിച്ച് ഹെൻഡ്രിക്സൺ എഴുതി, "ഈ കയ്യെഴുത്ത് അല്ലെങ്കിൽ കൈകൊണ്ടെഴുതിയ രേഖ തീർച്ചയായും ന്യായപ്രമാണമാണ് (ഒ. വാ. എഫെസ്യർ 2:15)."[50] അവൻ വിശദമാക്കി, "ക്രൂശിനാൽ നീക്കം ചെയ്തത് നമ്മുടെ കയ്യൊപ്പുള്ള കടമെഴുത്തായിരുന്നില്ല, 'മറിച്ച്' 'ആവശ്യമായ ന്യായപ്രമാണ കൽപ്പനകളായിരുന്നു'. "[51]

കർസൺ അതേ തീർപ്പിലാണ് എത്തിയത്: "ദൈവനിയമങ്ങളിലെ പ്രത്യേക ചട്ടങ്ങൾ നമ്മുടെ കടങ്ങൾക്കായുള്ള അവന്റെ പ്രസ്താവനകളാണ് ... ദൈവനിയമം നമ്മുടെ കുറ്റങ്ങളെ മാത്രമല്ല പറയുന്നത്, അത്തരം കുറ്റങ്ങൾക്കുള്ള ശിക്ഷയെയും വിവരിക്കുന്നതാണ്. ആകയാൽ ആ ചട്ടം നമ്മുടെ ശത്രുവായി തീർന്നു."[52]

പൗലൊസ് താഴെ 15 മുതൽ 17 വരെയുള്ളവാക്യങ്ങളിൽ പറയുന്നതും

അത് ന്യായപ്രമാണമാണെന്നാണ്. വാക്യം 16 ലെ "ആകയാൽ" (*ഔൺ*) എന്നു പറയുന്നത് വാക്യം 15-ൽ സൂചിപ്പിക്കുന്നതും, പൗലൊസ് വിവരിക്കുന്ന അർത്ഥവും വാക്യം 14 ലെ "ചട്ടങ്ങളാണ്." ആ "ചട്ടങ്ങൾ" യേശു ക്രൂശിൽ തറെച്ചു നീക്കി കളഞ്ഞു. അധികാരങ്ങളെയും വാഴ്ച്ചകളെയും യേശു പിടിച്ചടക്കി. ആ സത്യത്തിന്റെ അടിസ്ഥാനത്തിൽ, അതുകൊണ്ട്, ന്യായപ്രമാണത്തിലെ ചട്ടങ്ങൾ സംബന്ധിച്ച് ആരും കൊലൊസ്യരെ വിധിക്കരുതായിരുന്നു. വാക്യം 16 അനുസരിച്ച്, അതിൽ ആഹാരം, പാനിയം, അമാവാസി, ശബ്ബത്ത്-ആചരിക്കൽ എന്നിവയും ഉൾപ്പെട്ടിരുന്നു. ദൈവം മോശെ മുഖാന്തരം നൽകിയതായ ന്യായപ്രമാണത്തിലെ (അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ചട്ടങ്ങളല്ല) ചട്ടങ്ങൾ അന്നത്തെ ആളുകൾ ആചരിക്കണമായിരുന്നു.[53] വരുവാനുള്ളവയുടെ നിഴലായിരുന്നു ആ മതപരമായ പരിശീലനങ്ങളെല്ലാമെന്നാണ് വാക്യം 17 പറയുന്നത്. അന്യദേവന്മാരെ നമസ്കരിക്കുന്നവരുടെ നിയമാവലികൾ വരുവാനുള്ളവയുടെ നിഴൽ ആയിരുന്നില്ല, എന്നാൽ ന്യായപ്രമാണം വരുവാനുള്ള പുതിയ നിയമ യാഥാർത്ഥ്യങ്ങളുടെ നിഴലായിരുന്നു (എബ്രാ. 10:1).

പൗലൊസ് ഇവിടെ പറയുന്നത് ന്യായപ്രമാണത്തെയാണെന്ന് പല വ്യാഖ്യാതാക്കളും വിശ്വസിക്കുന്നു. ദൈവം മോശെയോട് എഴുതുവാൻ കൽപിച്ച പ്രമാണങ്ങളായിരുന്നു മോശെയുടെ ന്യായപ്രമാണം (പുറ. 34:27, 28). ന്യാപ്രമാണത്തിൽ എഴുതിയിരിക്കുന്നതെല്ലാം അനുസരിപ്പാൻ യിസ്രായേൽ കടപ്പെട്ടിരുന്നു (ആവ. 28:58; 30:10; യോശു. 1:8). പുതിയനിയമം അപ്പോൾ എഴുതപ്പെടാതിരുന്നതിനാൽ, പഴയനിയമമായിരുന്നു അന്നു യഹൂദന്മാരെ ബാധിച്ചിരുന്നത്.

ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചിരുന്നവർക്ക് അത് ഒരു അളവുകോലായിരുന്നു. പരിഛേദന ഏറ്റവരെല്ലാം ന്യായപ്രമാണം മുഴുവൻ അനുസരിപ്പാൻ കടപ്പെട്ടിരുന്നു (ഗലാ. 5:3). ന്യായപ്രമാണത്തിൻകീഴിൽ ജീവിച്ചിരുന്നവരുടെ "കടം" പാപമായിരുന്നില്ല. പിന്നെയോ, "കടം" എന്നു പറയുന്നത് കടമയായിരുന്നു, ന്യായപ്രമാണത്തിലെ ചട്ടങ്ങൾ ഓരോന്നും തെറ്റു കൂടാതെ ആചരിക്കുവാൻ അവർ കടപ്പെട്ടിരുന്നു. ന്യായപ്രമാണത്തിൻ കീഴിലായിരുന്നവരെല്ലാം തങ്ങളുടെ പാപം നിമിത്തം മരണ യോഗ്യരായി തീർന്നിരുന്നു (റോമ. 6:23; യാക്കൊ. 1:13–15). മരണത്തിന്നു ഓഹരിക്കാരായി തീരുകയും ചെയ്തു (2 കൊ. 3:7–9), അതിനു ജീവിപ്പിക്കുവാൻ കഴിയുമായിരുന്നുവെങ്കിലും, പാപം നിമിത്തം എല്ലാവരും പാപത്തിൻകീഴിലാകുകയും, ന്യായപ്രമാണ ലംഘിയാവുകയും ചെയ്തു (റോമ. 7:9–11). മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, എല്ലാവരെയും പാപത്തിൽ അടെച്ചുകളഞ്ഞു (ഗലാ. 3:22). ന്യായപ്രമാണം അനുസരിക്കുക എന്നത് ദൈവജനത്തിനുള്ള കടമയാണ് (ഗലാ. 3:22). ന്യായപ്രമാണ ചട്ടങ്ങൾ അനുസരിപ്പാൻ ദൈവജനത്തിനുള്ള കടമയാണ് "കടം."

### "അത് നമുക്ക് ശത്രുതയായിരുന്നു" (2:14)

ഏതു വിധത്തിലാണ് ന്യായപ്രമാണം നമുക്ക് ശത്രുതയാകുന്നത്? "ശത്രുത" എന്ന വാക്ക് (*ഹുപെനാൻടിയോസ്*) "തീവ്രമായ എതിർപ്പിനെയാണ്" കാണിക്കുന്നത്, അത് ഇവിടെയും എബ്രായർ. 10:27 ലും കാണാം, അവിടെ തർജിമ ചെയ്തിരിക്കുന്നത് "ശത്രു" എന്നാണ്. ന്യായപ്രമാണം നല്ലതാ

യിരുന്നു (റോമ. 7:12); എന്നാൽ മനുഷ്യരെല്ലാവരും പാപികളായി തീർന്നു. അക്കാരണത്താൽ, ന്യായപ്രമാണത്തിന്റെ ആ നല്ല നിലവാരം മനുഷ്യരുടെ പാപത്തെയാണ് വെളിപ്പെടുത്തിയത് (റോമ. 7:8–11). അത് പ്രമാണിക്കാത്തവരെ കരുണ കൂടാതെ കല്ലെറിഞ്ഞു കൊല്ലുമായിരുന്നു (എബ്രാ. 10:28). ഒരു തെറ്റും കൂടാതെ അനുസരിക്കുവാൻ പറഞ്ഞത് യിസ്രായേലിനു സഹിക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു (യാക്കൊ. 2:10). അതുകൊണ്ട് ന്യായപ്രമാണം ന്യായപ്രമാണത്തിൻ കീഴിലുള്ളവർക്ക് ശാപമായി തീർന്നു (ഗലാ. 3:10). യെരുശലേമിലെ യെഹൂദ ക്രിസ്ത്യാനികളോട് പൗലൊസ് തറപ്പിച്ചു പറഞ്ഞത് ന്യായപ്രമാണം, "നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിയാത്ത നുകമായിരുന്നു" എന്നായിരുന്നു (പ്രവൃ. 15:10). ന്യായപ്രമാണത്താൽ നീതീകരിക്കുവാൻ ശ്രമിക്കുന്നവരെല്ലാം ക്രിസ്തുവിനോട് വേറിട്ടുപോയി, കൃപയിൽനിന്നു വീണുപോയി (ഗലാ. 5:4).

ന്യായപ്രമാണം ലംഘിച്ചാൽ മിക്കവാറും മരണമാണ് ശിക്ഷ. പത്തിൽ ഏഴു കൽപനകളും ലംഘിച്ചാൽ മരണമാണ് ശിക്ഷ. യിസ്രായേൽ ജനം സത്യദൈവത്തെ വിട്ട് അന്യദൈവത്തെ സേവിച്ചാൽ അവർക്ക് മരണമായിരുന്നു നേരിടുവാനിരുന്നത് (ആവ. 17:2–5). നാലാമത്തെ കൽപനയായ ശബ്ബത്ത് ലംഘിച്ചാലും അതേ ശിക്ഷ തന്നെയാണുള്ളത് (പുറ. 31:15), അഞ്ചാമത്തെ കൽപനയായ അമ്മയപ്പന്മാരെ ബഹുമാനിക്കുന്നതിനു പകരം, അടിക്കുകയോ ശപിക്കുകയോ ചെയ്താലും ശിക്ഷ അതു തന്നെയായിരുന്നു (പുറ. 21:15, 17), അല്ലെങ്കിൽ, ആറാമത്തെ കൽപനയായ കുല ചെയ്യരുത് എന്നത് ലംഘിച്ചാലും മരണം അനുഭവിക്കണമായിരുന്നു (സംഖ്യാ. 35:30, 31) ഏഴാമത്തെ കൽപയായ വ്യഭിചാരം ചെയ്യരുത് എന്നത് ലംഘിച്ചാലും കല്ലെറിഞ്ഞു കൊല്ലുമായിരുന്നു (ആവ. 22:22–25).

അബ്രഹാമിന്റെ സന്തതി മുഖാന്തരം ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ ലഭിക്കുന്നതിനു പകരം (ഉല്. 22:18; ഗലാ. 3:16), ന്യായപ്രമാണത്തിൻകീഴിലുള്ളവർക്ക് അത് പാലിക്കുവാൻ കഴിയാഞ്ഞതിനാൽ അവർ ശപിക്കപ്പെട്ടവരായി (ഗലാ. 3:10). "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നുവെങ്കിൽ, രണ്ടാമത്തേതിന് ഇടം അന്വേഷിക്കയില്ലായിരുന്നു" (എബ്രാ. 8:7). അതിന്റെ "ബലഹീനതയും നിഷ്പ്രയോജനവും" നിമിത്തം അതിനു കഴിയാതിരുന്നതിനെയാണ് കാണിക്കുന്നത് (എബ്രാ. 7:18, 19). അതിനു ആളുകളെ സ്വതന്ത്രരാക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 13:39), നീതീകരിക്കുവാൻ കഴിഞ്ഞില്ല (റോമ. 3:20; ഗലാ. 2:16; 3:11), അവകാശം നൽകുവാൻ കഴിഞ്ഞില്ല (ഗലാ. 3:18; 1 പത്രൊ. 1:3, 4), ജീവൻ നൽകുവാൻ കഴിഞ്ഞില്ല (ഗലാ. 3:21), ഒരു മനുഷ്യനെ അത് നീതിമാനാക്കിയില്ല (ഗലാ. 3:21), കൃപയും അതിൽ ഇല്ലായിരുന്നു (ഗലാ. 5:4), ആളുകളെ അത് അവകാശികളാക്കിയില്ല (റോമ. 4:14), ആളുകളെ അതു പൂർണ്ണരുമാക്കിയില്ല (എബ്രാ. 7:19), പാപങ്ങളെ പൂർണ്ണമായി അത് ക്ഷമിക്കുകയോ (എബ്രാ. 10:4), അല്ലെങ്കിൽ ആളുകളോട് കരുണ കാണിക്കയോ ചെയ്തില്ല (എബ്രാ. 10:28).

### ''നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറെച്ചു നീക്കി കളഞ്ഞു" (2:14)

ന്യായപ്രമാണം അതിന്റെ ഉദ്ദേശം നിറവേറ്റിയെങ്കിലും, അതിനു ചെയ്യുവാൻ കഴിയാതിരുന്ന പലതുണ്ടായിരുന്നു. അതുകൊണ്ട് ദൈവപദ്ധതിയനുസ

രിച്ച് പൗലൊസ് പറഞ്ഞു, **അവൻ അത് ക്രൂശിൽ തറെച്ചു നീക്കി കളഞ്ഞു.** "അവൻ" എന്നു പറഞ്ഞത് ദൈവത്തെയാണ്, ക്രൂശ് മുഖാന്തരം അവനാണ് ന്യായപ്രമാണത്തെ നീക്കുവാൻ പ്രവർത്തിച്ചത്. "ദൈവം" (വാ. 12) വാക്യം 13 മുതൽ 15 വരെയുള്ള വേദഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന "അവൻ" എന്നു പറഞ്ഞവന്റെ പൂർവ്വഗാമിയാണ്. "അവന്റെ ക്രൂശ്," എന്നു കെജെവിയിലുള്ള ത്, സൂചിപ്പിക്കുന്നത് "അവൻ" (എൻഏഎസ്ബി) "നീക്കി കളഞ്ഞിരിക്കുന്നു" എന്നു പറഞ്ഞത് യേശുവിനെയാണ് ഉദ്ദേശിച്ചത്. എങ്ങനെയായാലും, "കൂശ്," എന്നത് മിക്ക ആധുനിക തർജ്ജിമകളിൽ കാണുന്ന "അവന്റെ ക്രൂശ്" എന്നതി നേക്കാൾ നല്ല തർജ്ജിമയാണ്.

ദൈവത്തിൽനിന്നു പൗലൊസ് ക്രിസ്തുവിലേക്ക് മാറിയാണ് "അവൻ" എന്നു വാക്യം 14-ൽ ഉപയോഗിച്ചതെന്നാണ് ജെ. ബി. ലൈറ്റ്ഫുട്ട് വിശ്വസി ക്കുന്നത്.[54] കർസൺ അതിനെ ശരിയായി എതിർത്തിരിക്കുന്നു:

> ആ വേദഭാഗത്ത് ഉടനീളം ഒരേ വിഷയത്തെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുമ്പോൾ, ബോധിച്ചതുപോലെ വിഷയം മാറുന്നതായി സങ്കൽപിക്കുന്നത് വ്യാകരണപ്രകാരം തെറ്റാണ്. ക്രിസ്തുവിനോടുകൂടെ ഉയർത്തി എന്നു വാക്യം 13-ൽ പറയുന്നത് "ദൈവം" ആണ്. എന്നാൽ വാക്യം 13 ലെ ക്രിയാബന്ധം വാക്യം 14 ലേതിനു സമാന്തരമാണ്, അവിടെ സ്വാഭാവികമായും ഒരേ വിഷയമാണ് പറയുന്നത്. കൂടാതെ എടുത്ത് മായ്ക്കുന്നതിനു മുൻപ് *ഉം* എന്നു പറഞ്ഞിരിക്കുന്നത്, മുമ്പിലത്തെ വാക്യവുമായി *എർകെൻ* ബന്ധിപ്പിക്കുന്നതും, രണ്ടിലേയും വിഷയം ഒന്നാണെന്നു കാണിക്കുകയുമാണ് ചെയ്യുന്നത്.[55]

ന്യായപ്രമാണം നീക്കം ചെയ്തു എന്ന് അതിനെ കുറിച്ചു പറയുന്ന മിക്ക വാറും എല്ലാ വാക്യങ്ങളും വ്യക്തമാക്കിയിരിക്കുന്നു. ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരെ ചില യെഹൂദ ക്രിസ്ത്യാനികൾ ന്യായപ്രമാണത്തിലെ ചില കാര്യങ്ങൾ ചെയ്യിക്കുവാൻ ശ്രമിച്ച് പറഞ്ഞു, "അവരെ പരിച്ഛേദന കഴിക്കേണ്ടതും മോശെയുടെ ന്യായപ്രമാണം അനുസരിപ്പിക്കേണ്ടതുമാണ്" (പ്രവൃ. 15:5). അതിനു യെരുശലേമിലെ മൂപ്പന്മാരുടെയും അപ്പൊസ്തലന്മാരുടേയും പ്രതികരണം, "ഞങ്ങൾക്ക് അതിനെ കുറിച്ച് ഉപദേശമില്ല" എന്നായിരുന്നു (പ്രവൃ. 15:24). സ്പഷ്ടമായും, ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരുടെ ആൺമക്കളെ പരിച്ഛേദന ചെയ്യിക്കുവാനോ, ന്യായപ്രമാണം അനുസരിപ്പിക്കുവാനോ അവർക്ക് കൽപന ലഭിച്ചിരുന്നില്ല.

ക്രിസ്ത്യാനികൾ ന്യായപ്രമാണത്തിൻകീഴിലല്ല എന്നു പഠിപ്പിക്കുന്ന മറ്റു വേദഭാഗങ്ങൾ:

- "നിങ്ങൾ ന്യായപ്രമാണത്തിനല്ല അധീനരായിരിക്കുന്നത്" (റോമ. 6:14).
- "നാം ന്യായപ്രമാണത്തിനല്ല അധീനരായിരിക്കുന്നത്" (റോമ. 6:15).
- "നിങ്ങൾ ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കുന്നു" (റോമ. 7:4).
- "നാം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കകൊണ്ട്, ന്യായപ്രമാണത്തിൽനിന്നും ഒഴിവുള്ളവരായിരിക്കുന്നു" (റോമ. 7:6).
- "കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന ഉടമ്പടി തേജസില്ലാത്തതായി തീർന്നു" (2 കൊ. 3:7-13).

- “ഞാൻ ന്യായപ്രമാണസംബന്ധമായി മരിച്ചു” (ഗലാ. 2:19).
- “നാം ഇനി ശിശുപാലകന്റെ [ന്യായപ്രമാണം] കീഴിലല്ല” (ഗലാ. 3:25).
- “നാം ദാസിയുടെ മക്കളല്ല” (ഗലാ. 4:31, “സിനായ് പർവ്വതത്തിൽ ലഭിച്ച ഉടമ്പടി”; വാ. 24).
- “... വേർപാടിന്റെ നടുച്ചുവർ [ക്രിസ്തു] ഇടിച്ചുകളഞ്ഞു, ന്യായപ്രമാണ ചട്ടങ്ങളായ ശത്രുത അവൻ തന്റെ ജഡത്താൽ നീക്കി കളഞ്ഞു ...” (എഫെ. 2:14, 15).
- ‘‘മുമ്പിലത്തെ കൽപനക്ക് [ന്യായപ്രമാണം] നീക്കം സംഭവിച്ചു’’ (എബ്രാ. 7:18, 19).
- ‘‘അവൻ ആദ്യത്തെ [ഉടമ്പടിയെ] നീക്കി’’ (എബ്രാ. 8:13, വാ. 7 നോക്കുക).
- “അവൻ ഒന്നാമത്തെ കൽപനയെ [ന്യായപ്രമാണം] നീക്കി കളഞ്ഞു” (എബ്രാ. 10:9).

‘‘നീക്കം ചെയ്ത’’ ന്യായപ്രമാണത്തേക്കാളധികം പഴയ നിയമത്തിലുണ്ടായിരുന്നു. ന്യായപ്രമാണം പുറപ്പാട്, സംഖ്യാപുസ്തകം, ലേവ്യാപുസ്തകം ആവർത്തനപുസ്തകം എന്നീ പുസ്തകങ്ങളിൽ കാണാം. ന്യായപ്രമാണത്തിന്റെ പ്രായോഗികത ശേഷമുള്ള പഴയനിയമപുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നു. ന്യായപ്രമാണപുസ്തകങ്ങൾക്ക് പുറമെ, പഴയനിയമത്തിൽ ചരിത്രപുസ്തകങ്ങളും, സങ്കീർത്തനങ്ങളും, ജ്ഞാനവാക്കുകളും, പ്രവചനവും അടങ്ങിയിരിക്കുന്നു. അതിലെല്ലാം വിലയേറിയ നിർദ്ദേശങ്ങളും (റോമ. 15:4) ക്രിസ്ത്യാനികൾക്കുള്ള മാതൃകയും ഉൾപ്പെട്ടിരിക്കുന്നു (1 കൊ. 10:6, 11). ക്രിസ്ത്യാനികൾക്ക് പ്രയോജനപ്രദമായ വിഭവങ്ങൾ ഇയ്യോബിന്റെ പുസ്തകത്തിലുണ്ട്, കൂടാതെ സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, പ്രവചനങ്ങൾ എന്നിവയും തിരുവെഴുത്തിൽ അടങ്ങിയിരിക്കുന്നു. ആ പുസ്തകങ്ങൾ പലപ്പോഴും ക്രിസ്ത്യാനികളെ ഉപദേശിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും ഇടക്കിടക്ക് ഉദ്ധരിച്ചിട്ടുണ്ട്. യേശു ക്രിസ്തുവാണെന്നു തെളിയിക്കുന്നവയാണ് ന്യായപ്രമാണവും പ്രവാചകന്മാരും, സങ്കീർത്തനങ്ങളും (ലൂക്കൊ. 24:44; പ്രവൃ. 28:23), കാരണം മിക്ക പ്രവചനങ്ങളും പുതിയനിയമത്തിൽ നിറവേറിയതായി കാണാം (1 പത്രൊ. 1:10–12). എങ്ങനെയായാലും, ന്യായപ്രമാണവും അതിലെ ചട്ടങ്ങളും നിയമാവലികളും, ആചാരങ്ങളും, മതപരമായ ആരാധനാപരിശീലനങ്ങളും നീങ്ങപ്പെട്ടു. പ്രവചനങ്ങളെല്ലാം പൂർണ്ണമായി നിറവേറിയതിനാൽ, അവയും നീങ്ങപ്പെട്ടു (മത്താ. 5:17, 18).

പ്രാരംഭസഭ ന്യായപ്രമാണം ആചരിച്ചിരുന്നില്ല, അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലായിരുന്നു ഉറ്റിരുന്നത് (പ്രവൃ. 2:42). പരിശുദ്ധാത്മാവ് മുഖാന്തരം യേശു ശിഷ്യന്മാരെ എല്ലാ സത്യവും പഠിപ്പിച്ചു (യോഹ. 14:25, 26; 16:12, 13). പിന്നീട് അവർ അവരോട് പറഞ്ഞത്, “ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” എന്നാണ് (മത്താ. 28:20). ശിഷ്യന്മാരെ പഠിപ്പിക്കേണ്ടതും അവർ അനുസരിക്കേണ്ടതും ന്യായപ്രമാണമല്ല, യേശുവിന്റെ ഉപദേശമാണ്.

ന്യായപ്രമാണത്തിലെ വിവിധ വശങ്ങൾ ക്രിസ്ത്യാനികൾ പ്രമാണിക്കണം, എന്നാൽ അത് മതപരമാകുന്നതിനോ, അല്ലെങ്കിൽ നീതീകരിക്കപ്പെടുവാനോ അല്ല (പ്രവൃ. 13:39; ഗലാ. 2:16, 21). രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യ

ണമെന്ന് പൗലൊസിനോട് പറയുവാൻ അനന്യാസിനെയാണ് യേശു അവന്റെ അടുക്കൽ അയച്ചത് (പ്രവൃ. 9:10, 11; 22:12–16), അവൻ ന്യായപ്രമാണത്തിൽ വളരെ പ്രാഗത്ഭ്യമുള്ളവനായിരുന്നു. "താൻ ന്യായപ്രമാണപ്രകാരമാണ്" നടന്നതെന്നു തെളിയിക്കുവാൻ ദൈവാലയത്തിൽ ചെന്നു ശുദ്ധീകരണം നടത്തി (പ്രവൃ. 21:24). എങ്ങനെയായാലും വ്യത്യാസം എന്തെന്നാൽ, ന്യായപ്രമാണം പുതിയനിയമകാലത്ത്, ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരടക്കം ആരെയും ബാധിക്കുന്നില്ല. ആ കാര്യത്തെ സംബന്ധിച്ച് തീരുമാനിക്കുവാൻ യെരുശലേമിൽ മൂപ്പന്മാരും അപ്പൊസ്തലന്മാരും ഒത്തു ചേർന്നപ്പോൾ പരിഹരിച്ചിരുന്നു (പ്രവൃ. 15:19, 24).

ഇന്നും ന്യായപ്രമാണം നീങ്ങപ്പെട്ടില്ല, നിലവിലുണ്ട് എന്ന് അവകാശപ്പെടുന്നവർ എടുക്കുന്ന വേദഭാഗം മത്തായി 5:17, 18 ആണ്. അവിടെ യേശു ന്യായപ്രമാണത്തെ മാത്രമല്ല, പ്രവാചകന്മാരെയും കുറിച്ച് പറയുന്നുണ്ട്. ന്യായപ്രമാണത്തിലെ പ്രവചനങ്ങളോ, തന്നെ കുറിച്ചുള്ള പ്രവചനങ്ങളോ നിറവേറുന്നതിനുമുൻപ് ഒഴിഞ്ഞുപോകയില്ല എന്നാണ് യേശു അവിടെ പറഞ്ഞത്. തന്നെ കുറിച്ചുള്ള പ്രവചനങ്ങൾ യേശു നിറവേറ്റിക്കഴിഞ്ഞപ്പോൾ, വീണ്ടും നിറവേറ്റേണ്ടതില്ലല്ലൊ; അതിനാൽ അവൻ അതു പൂർത്തിയാക്കി നീക്കം ചെയ്തു. തന്നെക്കുറിച്ചുള്ള എല്ലാ പ്രവചനങ്ങളും യേശു പൂർണ്ണമായും നിറവേറ്റി (ലൂക്കൊ. 24:44–48).

യേശു പറഞ്ഞത് താഴെ ചിത്രീകരിക്കുന്നു. കടയിൽനിന്നു കുറെ സാധനങ്ങൾ ഒരാൾ കടം വാങ്ങിയതായി വിചാരിക്കുക. അയാൾ ബില്ലുമായി കടയിൽ ചെന്ന് ഉടമസ്ഥനോട്, "ഞാൻ ബില്ല് നശിപ്പിക്കുവാനല്ല, പണം തന്നു തീർക്കുവാനാണ് വന്നത്. ബില്ലിലെ ഒരു പൈസ പോലും തന്നു തീർക്കാതെ ബില്ല് നശിപ്പിക്കുകയില്ല" എന്നു പറയുന്നു. അത്തരം പ്രസ്താവന പറയുമ്പോൾ, ആ ബില്ലിലെ സംഖ്യയെല്ലാം അയാൾ കൊടുത്തു തീർക്കുവാനുണ്ടെന്ന് തെളിയുന്നു. ആ കടമെല്ലാം കൊടുത്തു തീർത്തതിനാൽ, വീണ്ടും കൊടുത്തു തീർക്കേണ്ട ബാധ്യത അയാൾക്ക് ഇല്ല.

അതേ തത്വമാണ് യേശുവിന്റെ വാക്കുകളിലും അടങ്ങിയിരിക്കുന്നത്. ന്യായപ്രമാണത്തിലോ അല്ലെങ്കിൽ പ്രവചനങ്ങളിലോ അവനെ കുറിച്ച് പറഞ്ഞിരിക്കുന്ന എന്തെങ്കിലും നിറവേറുന്നതിനു മുൻപ് നീങ്ങി പോകുമെന്ന് പറഞ്ഞിട്ടില്ല. ഒരിക്കൽ ക്രിസ്തു അതു നിറവേറ്റി കഴിഞ്ഞാൽ പിന്നീട് ആ പ്രവചനങ്ങൾക്ക് പ്രസക്തിയില്ല. അവ പിന്നെ ഒരു രേഖ മാത്രമായി അവശേഷിക്കും. അവൻ പിന്നെ അത് നിറവേറ്റേണ്ട ആവശ്യമില്ല.

ന്യായപ്രമാണം "നീങ്ങപ്പെട്ടതായി" പൗലൊസ് മൂന്നു പ്രസ്താവനകൾ നൽകിയിരിക്കുന്നു. "അത് ക്രൂശിൽ തറെച്ചു ... നീക്കി," "മായിച്ചു ... കളഞ്ഞു." ആ വാക്കുകളെല്ലാം ഒരേ സത്യത്തെയാണ് വെളിപ്പെടുത്തുന്നത്. "മായിച്ചു" (*എക്സാലെയിപാസ്*) അർത്ഥം, "തുടച്ചു, മായിച്ചു." ഈ വാക്യത്തിൽ പറഞ്ഞ ആ വാക്കിനെ ബാവർ നിർവ്വചിച്ചു പറഞ്ഞു, "നീക്കം ചെയ്യുക, അടയാളം പോലും *കാണാത്ത വിധത്തിലാക്കുക, നശിപ്പിക്കുക, ബാധ്യതയില്ലാതാക്കുക*."[56] "വഴിയിൽ നിന്നു മാറ്റുക," (*എർക്കെൻ, എയിറോ* യിൽനിന്ന്) അർത്ഥം "നീക്കം ചെയ്യുക, നീക്കുക, അല്ലെങ്കിൽ ഉയർത്തുന്നു എന്നു പറയാതെ തന്നെ *മാറ്റുക*. ഇല്ലാതാക്കുക [വാ. 14–ൽ പ്രായോഗിമാക്കിയത് അതാണ്]."[57] പൂർണ്ണമായും നീക്കുക എന്നാണ് അത് അർത്ഥമാക്കുന്നത്. "ക്രൂശിൽ തറെച്ചു" എന്നത് സൂചിപ്പിക്കുന്നത് ന്യായപ്രമാണത്തിന്റെ നീക്കത്തെയാണ്. ആ മൂന്നു

പ്രസ്താവനകളും ഊന്നി പറയുന്നത് ന്യായപ്രമാണം ഇനി പ്രാബല്യത്തിലുള്ള ഒരു രേഖയല്ല എന്ന രീതിയിൽ അത് മായിച്ചു കളഞ്ഞു എന്നാണ്.

വാക്യം 14-ൽ, "ക്രൂശിൽ തറെച്ചു" എന്നു പറയുന്നത് അക്ഷരികമായി എടുക്കരുത്. ന്യായപ്രമാണം എഴുതിയ പേജുകളായിരുന്നില്ല ക്രൂശിൽ തറെച്ചത്. മറിച്ച്, ആലങ്കാരികമായി ന്യായപ്രമാണം *നീങ്ങപ്പെട്ടതും* അതിന്റെ *സമയത്തെയുമാണ്* അതിൽ അന്തർലീനമാക്കിയിരിക്കുന്നത്. യേശു ക്രൂശിൽ തറെക്കപ്പെട്ടപ്പോൾ, ന്യായപ്രമാണം മരിക്കുകയും, പിന്നീട് അതിനു സാധുത ഇല്ലാതാകുകയും ചെയ്തു. യേശുവിന്റെ മരണത്താൽ പുതിയനിയമം സ്ഥാപിക്കപ്പെട്ടപ്പോൾ, അതിനെ നീക്കം ചെയ്തു (എബ്രാ. 9:16–18; കൂടാതെ മത്താ. 26:28). "അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കം ചെയ്തു" (എബ്രാ. 10:9).

| **എഫെസ്യർ 2:14, 15** | **കൊലൊസ്യർ 2:14** |
|---|---|
| "അവൻ ... വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു" | "കയ്യെഴുത്ത് മായിച്ചു" ("അവൻ നീക്കിക്കളഞ്ഞു") |
| "അവന്റെ ജഡത്തിൽ ശത്രുത നീക്കി കളഞ്ഞു" | ("ക്രൂശിൽ തറെച്ചു") |
| "അതിൽ ന്യായപ്രമാണ ചട്ടങ്ങളും കൽപനകളും അടങ്ങുന്നു [*ഡോഗ്മാസിൻ*]" | "നമുക്ക് വിരോധവും പ്രതികൂലവുമായ ചട്ടങ്ങൾ [*ഡോഗ്മാസിൻ*]" |

(സാമ്യങ്ങളെ ഊന്നി പറയുന്നതിനാണ് പ്രയോഗങ്ങളെ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്.)

എഫെസ്യലേഖനത്തിൽ, പൗലൊസ് അതേ ഉപദേശമാണ് പറയുന്നത്. യെഹൂദന്മാർക്കും ജാതികൾക്കും ഇടയിലുണ്ടായിരുന്ന മതിൽ ഇടിച്ചുകളഞ്ഞു എന്നു വ്യക്തമാക്കി അവൻ പറഞ്ഞു, "ന്യായപ്രമാണത്തിന്റെ ചട്ടങ്ങളും കൽപനകളും" നീക്കം ചെയ്തു (എഫെ. 2:14, 15). "ചട്ടങ്ങൾ" എന്നതിന്റെ വാക്ക് *ഡോഗ്മാറ്റ* എന്നാണ്, അത് തന്നെയാണ് കൊലൊസ്യർ 2:14-ൽ "കൽപനകൾ" എന്ന വാക്കിനും ഉപയോഗിച്ചിരിക്കുന്നത്. രണ്ട് വേദഭാഗത്തും അവൻ ഒരേ ചിന്തയാണ് ബോധ്യമാക്കുന്നതെന്ന് കാണിക്കുവാൻ പൗലൊസ് എഫെസ്യലേഖനത്തിലും കൊലൊസ്യലേഖനത്തിലും *ഡോഗ്മാറ്റ* എന്ന വാക്ക് തന്നെയാണ് ഉപയോഗിച്ചത്. ഇപ്പോൾ, ന്യായപ്രമാണം ക്രൂശിൽ തറെച്ചു മായിച്ചു കളഞ്ഞതിനാൽ, അതിനു നീക്കം വന്നു.

ആ രണ്ട് വേദഭാഗങ്ങളിലേയും സമാന ആശയങ്ങൾ നോക്കുക:

"അവന്റെ ജഡത്തിൽ" എന്ന പ്രയോഗം (എഫെ. 2:15) "ക്രൂശിൽ" തറെക്കുന്നതിനെയാണ് പറയുന്നത് (കൊലൊ. 2:14). അവന്റെ ശരീരം ക്രൂശിൽ തറെച്ചതുപോലെ, ന്യായപ്രമാണത്തെയും അവനോടൊപ്പം ക്രൂശിൽ തറെച്ചു. അവൻ ക്രൂശിൽ മരിച്ചപ്പോൾ, ന്യായപ്രമാണം ആവശ്യപ്പെട്ട പാപപരിഹാരയാഗം പൂർണ്ണമാക്കി. അങ്ങനെ–"അവന്റെ ജഡത്തിൽ," പറയുകയാണെ

ങ്കിൽ-അവൻ ക്രൂശിൽ മരിച്ചപ്പോൾ, ന്യായപ്രമാണത്തെ നിറവേറ്റി, മായിച്ചു, നീക്കം ചെയ്തു. അതുകൊണ്ട്, യേശു ക്രൂശിൽ മരിച്ചപ്പോൾ, ന്യായപ്രമാണത്തിലെ ചട്ടങ്ങളും കൽപനകളും അവസാനിച്ചു.

ആ വാക്യങ്ങളിലെ വാക്കുകളെല്ലാം സൂചിപ്പിക്കുന്നത് എന്തെന്നാൽ, ന്യായപ്രമാണം നീക്കിയത് "നടുച്ചുവർ ഇടിച്ചുകളഞ്ഞുകൊണ്ടാണ്." "ജഡത്താൽ" നീക്കി "വഴിയിൽനിന്നു നീക്കി" എന്നും "ക്രൂശിൽ തറെച്ചു" എന്നും പറഞ്ഞിരിക്കുന്നു. ക്രിസ്തു മുഖാന്തരം കൊലൊസ്യർ സ്വതന്ത്രരായി തീർന്നു എന്നും തുടർന്നും അവർ ന്യായപ്രമാണത്തിൽനിന്നും സ്വതന്ത്രരായിരിക്കുന്നു എന്നും പൗലൊസ് അറിയിക്കുവാൻ ആഗ്രഹിച്ചു. അതുകൊണ്ടാണ്, സകല ജ്ഞാനവും വിവേകവും ക്രിസ്തുവിൽ ആണെന്ന് പൗലൊസ് പറഞ്ഞത് (2:3), അല്ലാതെ ന്യായപ്രമാണത്തിലല്ല. ന്യായപ്രമാണത്തോട് ബാധ്യതയില്ലാതെ അവർ യേശുവിനെ അനുഗമിക്കണമായിരുന്നു.

ക്രിസ്ത്യാനികൾ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രരായി എന്നു പൗലൊസ് പറഞ്ഞതുകൊണ്ട്, മനുഷ്യനിർമ്മിതമായ മറ്റു മതപരമായ സ്ഥാപനങ്ങൾക്ക് അധികാരമില്ല എന്നു പറയേണ്ട ആവശ്യമില്ല. മൃഗമാംസം അടക്കം ചില ആഹാരത്തെയും വിവാഹത്തെയും വിലക്കിയിരുന്ന ചില സംഘങ്ങൾ കൊലൊസ്യരുടെ കാലത്ത് ഉണ്ടായിരുന്നു. മതപരമായ നിയമാവലികൾ പശ്ചാത്തലത്തിലുണ്ടെങ്കിലും, കൊലൊസ്യർ യേശുവിനെ മാത്രം ശ്രദ്ധിക്കുവാനായിരുന്നു കടപ്പെട്ടിരുന്നത്. അവർ മനുഷ്യരുടെ നിയമാവലികളോ അല്ലെങ്കിൽ ന്യായപ്രമാണമോ ആയിരുന്നില്ല അനുസരിക്കേണ്ടിയിരുന്നത്, കാരണം യേശുവായിരുന്നു അവരെ സ്വതന്ത്രരാക്കിയത്.

## ക്രിസ്തു എതിർപ്പ് വെളിപ്പെടുത്തി
## (2:15)

**15വാഴ്ച്ചകളെയും അധികാരങ്ങളെയും ആയുധവർഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോൽസവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ച്ചയാക്കി.**

### "വാഴ്ച്ചകളെയും അധികാരങ്ങളെയും ആയുധവർഗം വെപ്പിച്ചു" (2:15)

യേശു "വാഴ്ച്ചകളെയും അധികാരങ്ങളെയും" **ആയുധവർഗം വെപ്പിച്ചു** എന്ന ഗ്രീക്ക് സാഹിത്യത്തിലെ ആ വാക്ക് ആദ്യമായിട്ടാണ് പൗലൊസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അക്കാരണത്താൽ, അർത്ഥം മനസിലാക്കുവാൻ ആനുകാലിക സന്ദർഭം ലഭ്യമല്ല. അനുബന്ധ ക്രിയയായിട്ട് അപ്പൊസ്തലൻ ആ വാക്ക് മറ്റൊരു ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ട്, അത് തർജിമ ചെയ്തിരിക്കുന്നത് "ഉരിഞ്ഞു കളഞ്ഞു" എന്നാണ് (3:9), ഒരിക്കൽ അത് നാമരൂപത്തിൽ ഉപയോഗിച്ചിരുന്നു ("ഉരിഞ്ഞുകളയൽ"; 2:11). "ആയുധവർഗം വെപ്പിച്ചു" (*അപെക്ഡുവോമാൻ*) അർത്ഥം "എടുത്തു മാറ്റുക," "ഉരിഞ്ഞുകളയുക," എന്നു പറയുന്നത് വസ്ത്രം അഴിച്ചുമാറ്റുന്നതുപോലെയാണ്. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, ഏറ്റവും നല്ല പ്രയോഗം "ആയുധവർഗം വെപ്പിച്ചു" എന്നത് ദുഷ്ടശക്തിയെ ദൈവം ക്രിസ്തു മൂലം നിഷ്ഫലമാക്കി എന്നു വ്യക്തമാക്കുന്നു.

**വാഴ്ച്ചകളും അധികാരങ്ങളും** ആരാണ്? അവരെ എങ്ങനെയാണ് ആയു

ധവർഗം വെപ്പിച്ചത്? എച്ച്. ഡെർമോട്ട് മെക്ഡൊണാൾഡ് പറഞ്ഞു, "ഇത് കൊലൊസ്യലേഖനത്തിലെ വ്യാഖ്യാനിക്കുവാൻ പ്രയാസമുള്ള വാക്കാണ്,"[58] മൂന്നു ചോദ്യങ്ങൾ ഉയർന്നിരിക്കുന്നു. (1) പൗലൊസ് എന്തുകൊണ്ടാണ് മദ്ധ്യശബ്ദം (*അപെക്ഡുസാമെനോസ്*, "ആയുധവർഗം വെപ്പിച്ചു") ഉപയോഗിച്ചത്? "ഞാൻ അവനെ കുളിപ്പിച്ചു" എന്നു പറയുന്നതിനെതിരാണ് മദ്ധ്യശബ്ദമായ "ഞാൻ കുളിച്ചു" എന്നു പറയുന്നത്. അതിനർത്ഥം ദൈവവും യേശുവും അവരിൽനിന്നും എന്തെങ്കിലും ഉരിഞ്ഞു കളഞ്ഞു എന്നാണോ, അതോ അവർ മറ്റുള്ളവരുടെ ആയുധവർഗം വെപ്പിച്ചു എന്നാണോ? (2) അവിടെ വിഷയം ദൈവമാണോ അതോ യേശുവാണോ? (3) ഏത് വാഴ്ച്ചകളെയും അധികാരങ്ങളെയുമാണ് ആയുധവർഗം വെപ്പിച്ചത്?

മെക്ഡൊണാൾഡ് ചുരുക്കി പറഞ്ഞു:[59]

1. തന്റെ ജഡത്തെ നീക്കം ചെയ്ത് യേശു അധികാരങ്ങളെയും വാഴ്ച്ചകളെയും പരസ്യമായ കാഴ്ച്ചയാക്കി.
2. മുൻപ് ബാധിക്കപ്പെട്ടിരുന്ന ദുഷ്ടശക്തികൾ നിമിത്തം ഉണ്ടായ ശത്രുത അവൻ *തന്നിൽനിന്നു* ഉരിഞ്ഞുകളഞ്ഞു, അവസാനം ക്രൂശിൽ തറെച്ചു എന്നേക്കുമായി ക്രിസ്തു ഇല്ലാതാക്കി.
3. ക്രൂശിലെ പ്രവൃത്തിയാൽ ദൈവം നമ്മിലുളവാക്കിയ ദുഷ്ടശക്തിയു ടെ ശത്രുത ഉരിഞ്ഞുകളഞ്ഞു.
4. മുൻനിർണ്ണയപ്രകാരമുള്ള ദൈവേഷ്ടപ്രകാരം അവൻ അധികാരങ്ങളേയും വാഴ്ച്ചകളേയും നീക്കി (1 പത്രൊ. 3:22), ദൈവം അവരെ പരസ്യകാഴ്ച്ചയാക്കി, അവയെ ക്രിസ്തുവിന്നു കീഴ്പ്പെടുത്തി ജയം നേടി.
5. അധികാരങ്ങളുടെയും വാഴ്ച്ചകളുടെയും ദുഷ്ടശക്തി ക്രിസ്തുവിന്റെ ജഡത്താൽ നീക്കി മനുഷ്യരിൽ അവ ചെലുത്തിയിരുന്ന ശത്രുത നീക്കി അവരെ പരസ്യമായ കാഴ്ച്ചയാക്കി ക്രൂശിൽ അവൻ അവരെ വിജയിക്കുകയായിരുന്നു.

"ആയുധവർഗം വെപ്പിച്ചു" എന്നു പറയുന്നത് അനുബന്ധക്രിയയായതിനാൽ, അതിന്റെ മദ്ധ്യശബ്ദമാണ് ഊന്നി പറയുന്നത്, അതിന്റെ അർത്ഥം, "ഒരാളിൽനിന്നു എന്തെങ്കിലും ഉരിഞ്ഞുകളയുന്നതാണ്." അക്കാരണത്താൽ, ഡൊണാൾഡ് പറഞ്ഞതുപോലെ, പൗലൊസ് വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണെന്ന് ചിലർ വിശ്വസിക്കുന്നു, (ഉം) ഉപരിയായി, ക്രിസ്തു തന്റെ ശരീരത്തിൽ, അധികാരികളുടെ ദുഷ്ടശക്തികളുടെ ശത്രുതയെയും, ന്യായപ്രമാണത്തെയും, നീക്കം ചെയ്യുവാൻ പ്രവർത്തിച്ചു (പ്രവൃ. 7:35; ഗലാ. 3:19; എബ്രാ. 2:2). ക്ലിന്റൺ ഈ. ആർണോൾഡ് സൂചിപ്പിച്ചതുപോലെ അതായിരിക്കണമെന്നില്ല തീർപ്പ്:

> ഇവിടെ ഉപയോഗിച്ച അനുബന്ധത്തിന്റെ പ്രാധാന്യം നാം മനസിലാക്കേണ്ടത്, ദൈവം വിഷയമായും അധികാരങ്ങളും വാഴ്ച്ചകളും കർമ്മപദമായും എടുക്കണം. പിന്നീടു പറയുന്ന വിജയാഘോഷവുമായി

> ഇത് യോജിക്കുന്നതാണ്, അതിൽ ശത്രുക്കളുടെ പരാജയം മാത്രമല്ല, ആയുധവർഗം വെപ്പിക്കുന്നതും അന്തർലീനമാക്കിയിരിക്കുന്നു. അതേ രീതിയിലുള്ള അനുബന്ധമാണ് 3:9 ൽ ഉപയോഗിച്ചിരിക്കുന്നത് ... അതും പ്രവർത്തിക്കുന്നതായിട്ടാണ് വിവരിച്ചിരിക്കുന്നത്: "പഴയത് ഉരിഞ്ഞു കളഞ്ഞു."[60]

പൗലൊസ് വിഷയം മാറ്റുന്നില്ലെങ്കിൽ, ഇവിടെ പ്രവർത്തിക്കുന്നത് ദൈവം ആയിരിക്കണം. പൗലൊസിന്റെ ചിന്ത വളർന്നു വരുന്നതിനാൽ, വാക്യങ്ങൾ 13 മുതൽ 15 വരെ "അവൻ" എന്നു പറഞ്ഞിരിക്കുന്ന സർവ്വനാമം ദൈവത്തെ യാണ് സൂചിപ്പിക്കുന്നത് (വാ. 12), എന്നാൽ "അവനെ" എന്നു പറഞ്ഞിരിക്കു ന്നത് യേശുവിനെയാണ്:

- ''ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസം'' (വാ. 12; എംഫസിസ് ആഡഡ്).
- "അവൻ [ദൈവം] അവനോടുകൂടെ [യേശു] നിങ്ങളെ ജീവിപ്പിച്ചു" (വാ. 13).
- "അവൻ [ദൈവം] വഴിയിൽനിന്നു നീക്കി കളഞ്ഞു" (വാ. 14).
- "അവൻ [ദൈവം] ... അധികാരികളെ ആയുധവർഗം വെപ്പിച്ചു ... അവൻ [ദൈവം] ... അവൻ [യേശു] മുലം അവരെ ജയിച്ചു" (വാ. 15).

"വാഴ്ച്ചകൾ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ആർച്ചെ* എന്നാണ്, അർത്ഥം, "ആരംഭം," "പ്രഥമ സ്ഥാനം," "ഉറവിടം" എന്നാണ്. "അധികാരി കൾ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*എക്സൗസിയ*) പറയുന്നത് അധികാരം നടത്തുന്നവരെയാണ് (1:11 ന്റെ പരാമർശം നോക്കുക). ആ ഗ്രീക്ക് വാക്കുകൾ ഒരുമിച്ച് പൗലൊസിന്റെ മറ്റു എഴുത്തുകളിൽ കാണാം (1 കൊ. 15:24; എഫെ. 1:21; 3:10; 6:12; കൊലൊ. 1:16; 2:10; തിത്തൊ. 3:1). മനുഷ്യരിൽ സ്വാധീനം ചെലുത്തുവാൻ അധികാരം ഉപയോഗിക്കുന്നവരെയാണ് പ ൗലൊസ് അർത്ഥമാക്കിയത് (എഫെസ്യർ 6:12 ൽ ദുഷ്ടശക്തികളും മോശമായ സർക്കാരും ഉൾപ്പെടുന്നു). അവർ മനുഷ്യരുടെ നാശത്തിനും ദൈവത്തിനെ തിരായിട്ടുമാണ് പ്രവർത്തിക്കുന്നത്, അവർ രക്ഷക്കും രക്ഷകനും എതിരാണ്. അവർ ന്യായപ്രമാണം നൽകിയ ദൂതന്മാരാണെന്ന് പറയുന്നവർ (പ്രവൃ. 7:38; ഗലാ. 3:19), പൗലൊസ് സാധാരണ ഉപയോഗിച്ച വാക്കുകളിൽനിന്നു വ്യത്യ സ്തമായാണ് ഉപയോഗിക്കുന്നത്.

അധികാരങ്ങളെയും വാഴ്ച്ചകളെയും ദൈവം എങ്ങനെ ആയുധവർഗം വെപ്പിച്ചു കീഴടക്കി എന്നതിനെ സംബന്ധിച്ച് വേറൊരു പ്രശ്നം ഉയരുന്നു. യേശുവിന്റെ മരണവും ഉയർത്തെഴുന്നേൽപും മുഖാന്തരമാണ് അവയെ കീഴ്പ്പെടുത്തി ജയിച്ചത്. അത്തരം ശക്തികളെ കീഴ്പ്പെടുത്തിയതിൽ, നല്ലതും, മൽസരിക്കാ-ത്തതുമായ ദൂതന്മാരെ ആയുധവർഗം വെപ്പിച്ചില്ല എന്നോർക്കുക.

യേശുവിന്റെ മരണവും ഉയർപ്പും മൂലം ദൈവം തന്റെ പദ്ധതിക്കെതിരാ യവയെ എല്ലാം തോൽപിച്ചു. തന്റെ ഉയർപ്പിനാൽ യേശു, യെഹൂദാദ്ധ്യക്ഷ ന്മാരെയും എല്ലാ ദുഷ്ടശക്തികളെയും ജയിക്കുകയായിരുന്നു, അങ്ങനെ അവർക്ക് അവന്റെ മേൽ യാതൊരു അധികാരവുമില്ലാതായി (മത്താ. 26:53). ഈ ലോകത്തിൽ സാമ്രാജ്യ ശക്തിയായിരുന്ന ദേശത്തിനു പോലും തന്റെ

മേൽ അധികാരമില്ല എന്നാണ് യേശു പിലാത്തൊസിനോട് പറഞ്ഞത് (യോഹ. 19:11). തന്റെ മരണത്താലും ഉയർപ്പിനാലും മരണത്തിനു തന്റെ മേൽ അധികാരമില്ല എന്നു യേശു തെളിയിച്ചു (പ്രവൃ. 2:24). അവന്റെ മരണത്താൽ അവൻ പിശാചിന്റെ ശക്തിയെ നശിപ്പിച്ചു (എബ്രാ. 2:14; കൂടാതെ 1 കൊ. 15:55–57 നോക്കുക), ദുഷിച്ച സന്ദേശവാഹകരായ ഭൂതങ്ങൾക്കും അവന്റെ മേൽ അധികാരമില്ല (മത്താ. 25:41).

ഈ വേദഭാഗത്ത് പറഞ്ഞ "അധികാരികൾ" എന്ന വാക്കാണ് പൗലൊസ് കൊലൊസ്യരെ "ഇരുട്ടിന്റെ ... അധികാരത്തിൽ [*എക്സൗസിയ* എന്ന അതേ വാക്കു തന്നെയാണ് വാ. 15–ൽ "അധികാരികൾ" എന്നു തർജിമ ചെയ്തിരിക്കുന്നത്] നിന്നു വിടുവിച്ചു എന്നു പറയുമ്പോഴും ഉപയോഗിച്ചിരിക്കുന്നത്" (1:13; കൂടാതെ ലൂക്കൊ. 22:53). അതുകൊണ്ട്, യേശു മുഖാന്തരം ദൈവം "ഇരുട്ടിന്റെ അധികാരത്തെ" യും "ആധിപത്യത്തെയും" നീക്കം ചെയ്തു കൊലൊസ്യരെ അവരിൽനിന്നു വിടുവിച്ചു. അവന്റെ ക്രൂശിലെ മരണത്താലും ഉയർപ്പിനാലും, യേശു തന്നെ എതിർത്ത എല്ലാ ശക്തികളെയും പരാജയപ്പെടുത്തി പരസ്യമായ കാഴ്ച്ചയാക്കി (യോഹ. 12:31). അവന്റെ വിജയം തന്നെ പിൻപറ്റുന്ന ഏവരുടേയും വിജയമായി മാറി (1 കൊ. 15:57; 2 കൊ. 2:14).

യേശുവിനെ എതിർക്കുവാനായി സാത്താൻ ആളുകളിൽ പ്രേരണ ചെലുത്തും. വിതെക്കാരന്റെ ഉപമയിൽ, യേശു വചനം കേട്ടവർ വിശ്വസിക്കാതിരിക്കുവാനായി കേട്ട വചനം ആളുകളുടെ ഉള്ളിൽനിന്ന് പിശാച് എടുത്തുകളയും എന്നു പറഞ്ഞിരിക്കുന്നു (മത്താ. 13:19; മർ. 4:15; ലൂക്കൊ. 8:12). യേശുവിനോട് തെറ്റായ പ്രസ്താവന പറയുവാൻ സാത്താൻ പത്രൊസിനെ ഉപയോഗിച്ചു (മത്താ. 16:22, 23) കോതമ്പു പാറ്റുന്നതുപോലെ പാറ്റുവാൻ പിശാച് യേശുവിനോട് അനുവാദം ചോദിച്ചു (ലൂക്കൊ. 22:31). അവൻ യൂദായുടെ ഉള്ളിൽ പ്രവേശിച്ച് യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പ്രചോദിപ്പിച്ചു (ലൂക്കൊ. 22:3, യോഹ.13:2, 27). തന്നെ എതിർത്ത യെഹൂദന്മാരെ യേശു, പിശാചെന്ന പിതാവിന്റെ മക്കൾ എന്നാണ് വിളിച്ചത്, അവർ ചെയ്യുന്നത് പിശാചിന്റെ പ്രവൃത്തികളാണെന്നും അവൻ പറഞ്ഞു (യോഹ. 8:44). അവന്റെ ഇഷ്ടം ചെയ്യുന്നവരെ സാത്താൻ തന്റെ അടിമയാക്കുകയാണ് ചെയ്യുന്നത് (2 തിമൊ. 2:26).

യോഹന്നാൻ എഴുതി, "പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനത്രെ യേശു പ്രത്യക്ഷനായത്" (1 യോഹ. 3:8). വരുവാനിരുന്ന ക്രൂശീകരണത്താൽ ലോകശക്തികളെ കീഴ്പ്പെടുത്തുവാനിരുന്നപ്പോൾ, യേശു പറഞ്ഞു, "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും" (യോഹ. 12:31). "ഈ ലോകത്തിന്റെ പ്രഭു" എന്നാണ് യേശു സാത്താനെ മറ്റൊരു ഭാഗത്ത് പറഞ്ഞത് (യോഹ. 16:11; 14:30 നോക്കുക). സാത്താന്റെ ശക്തികളെയും, പിശാചിന്റെ സകല പരിശ്രമങ്ങളെയും യേശു പരാജയപ്പെടുത്തി.

എല്ലാ ദുരാത്മാക്കളുടേയും ഭൂതങ്ങളുടേയും തലവനാണ് സാത്താൻ (മത്താ. 9:34; 12:24; മർ. 3:22; ലൂക്കൊ. 11:15), ആ "ദൂതന്മാർ" ഒരിക്കൽ ദൈവത്തിന്റെ സന്ദേശവാഹകരായിരുന്നു (*ആഞ്ചെലോയി*; മത്താ. 25:41), അവർ മുഖാന്തരമാണ് അവൻ പ്രവർത്തിക്കുന്നത്. അവൻ ആകാശത്തിലെ അധികാരവും (എഫെ. 2:2), അവൻ അധികാരി അല്ലെങ്കിൽ ഈ ലോകത്തിന്റെ ദൈവമാണ് (യോഹ. 12:31; 2 കൊ. 4:4). സാത്താന്റെ ശക്തികളെ പൗലൊസ്

പറഞ്ഞത്, "വാഴ്ച്ചകളും അധികാരങ്ങളും, അന്ധകാരത്തിന്റെ ലോകാധിപതികളും" എന്നാണ് (എഫെ. 6:12). അത്തരം "അധികാരങ്ങളെയും വാഴ്ച്ചകളെയും" ആണ് ദൈവം യേശു മുഖാന്തരം ജയിച്ചത്.

യേശുവിന്റെ മരണം, ഉയിർപ്പ്, സ്വർഗാരോഹണം എന്നിവ മുഖാന്തരം ദൈവം ശത്രുക്കളെ ആയുധവർഗം വെപ്പിച്ചു-അതായത്, അവൻ "തന്റെ മേൽ അധികാരമുണ്ടെന്നു" കരുതിയിരുന്ന വാഴ്ച്ചകളുടേയും അധികാരങ്ങളുടെയും നിയന്ത്രണത്തിൽനിന്നു കൊലൊസ്യരെ വിടുവിച്ചു. യേശു മൂലം ദൈവം അവരുടെ ബലഹീനതയും അവന്റെ ശക്തിയും വെളിപ്പെടുത്തി. അക്കാരണത്താൽ ക്രിസ്ത്യാനികൾക്ക് ആത്മവിശ്വാസം ഉണ്ടായി. സാത്താന്റെ ആധിപത്യത്തെയും, ലോകത്തിലെ അധികാരികളെയും, ദുഷ്പ്രവൃത്തിക്കാരെയും ക്രിസ്തു മുഖാന്തരം, ജയിക്കുവാൻ കഴിയും.

ലോകത്തെ അതിജീവിച്ച് വിജയിക്കുവാൻ സാധിക്കുന്നത് വിശ്വാസത്താലാണ് (1 യോഹ. 5:4). ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസമാണ് കൊലൊസ്യരെ ദുഷ്ടശക്തികളെ അതിജീവിച്ച് ജയിക്കുവാൻ ഇടയായത്. സ്നാനത്തിൽ അവർ യേശുവിന്റെ ഉയർത്തെഴുന്നേൽപിൽ പങ്കുകാരായാണ് വിജയിക്കുന്നത്. ആർണോൾഡ് നിരീക്ഷിച്ചു:

> ദൈവത്തിന്റെ വ്യാപാരശക്തിയിൽ കൊലൊസ്യർ വിശ്വസിച്ചു കഴിഞ്ഞിരുന്നു (ഗ്രീക്ക് *എനെർജെയിയാസ് ടൗ തെയോൺ*; 2:12)-ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിക്കുവാൻ ആ ശക്തി മതിയായിരുന്നു-ക്രിസ്തുവിനോട് ചേരുവാൻ അവർ സ്നാനം ഏറ്റപ്പോൾ അതുമായി ബന്ധപ്പെട്ടിരുന്നു. അതേ ദൈവത്തിന്റെ/ക്രിസ്തുവിന്റെ ശക്തിയിൽ തുടരുവാനായിരുന്നു ലേഖകന്റെ പ്രോൽസാഹനം, അങ്ങനെ വായനക്കാർക്ക് വിവിധ "അധികാരികളുടെ" പരിശീലനങ്ങൾ, ഉദാഹരണമായി ഭയം നിമിത്തം പരിശീലിച്ചിരുന്ന *സ്തോയിക്കരുടേയും* വാഴ്ച്ചകളുടേയും അധികാരത്താൽ ചെയ്തിരുന്നതിൽനിന്നു മോചനമായി.[61]

### "അവരുടെമേൽ ജയോൽസവം കൊണ്ടാടി, അവരെ പരസ്യമായ കാഴ്ച്ചയാക്കി" (2:15)

യേശു മുഖാന്തരം തന്നെ എതിർക്കുന്നവരുടെ ബലഹീനത തുറന്നു കാട്ടി പരസ്യകാഴ്ച്ചയാക്കി ദൈവം അവരെ ജയിച്ചു. "കാഴ്ച്ചയാക്കി" എന്നതിനാൽ ദൈവം ശരിയായ സ്വഭാവവും, അധികാരികളുടേയും വാഴ്ച്ചകളുടേയും ശക്തിയില്ലായ്മയും, നിസഹായതയും വെളിപ്പെടുത്തി. അങ്ങനെ ചെയ്തതിനാൽ, തന്റെ ശക്തിയുമായുള്ള ബന്ധത്തിൽ അവരുടെ ബലഹീനത അവൻ പരസ്യകാഴ്ച്ചയാക്കി. യേശുവിന്റെ പ്രവൃത്തിയാൽ ദൈവം സാത്താന്റെ പ്രജകളിൽ അവനുണ്ടായിരുന്ന ശക്തി നിഷ്പ്രഭമാക്കി-അത് അവരെ നശിപ്പിച്ചുകൊണ്ടല്ല, എന്നാൽ സർവ്വശക്തനായവന്റെ ബലത്താൽ അവരെ കീഴ്പ്പെടുത്തിക്കൊണ്ടായിരുന്നു.

ഭാവിയെ കാണുവാനോ, അവന്റെ അധീനതയിലുള്ളവരുടെ ഭാവിയെ കാണുവാനോ സാത്താനു കഴിയുകയില്ല. കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ, പൊലൊസ് പറഞ്ഞു, "അത് ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞിരുന്നില്ല; അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസിന്റെ കർത്താവിനെ ക്രൂശിക്കുമായിരുന്നില്ല" (1 കൊ. 2:8). ആദ്യം അവർ ശക്തരാണെന്നു തോന്നി

യിരുന്നെങ്കിലും, അവരുടെ ബലഹീനതകളും നീയന്ത്രണങ്ങളും ലോകത്തിന്റെ മൂലകങ്ങളായി വെളിപ്പെടുത്തി (ഗലാ. 4:9). അവരുടെ പരാജയം പ്രതീക്ഷിച്ച തായിരുന്നില്ല, എന്നാൽ ദൈവം അത് പരസ്യമായ കാഴ്ച്ചയാക്കി.

ഭൂമിയിലെ ദുഷ്ടശക്തികളും സാത്താന്റെ ശക്തികളും വിചാരിച്ചത് അവർക്ക് യേശുവിന്റെ മരണത്താൽ ദൈവത്തെ തോൽപിക്കുവാൻ കഴിയു മെന്നാണ്. യേശുവിനെ ക്രൂശിൽ തറെച്ചതിനാൽ അവർ അവനെ പരാജയപ്പെ ടുത്തി എന്നാണ് വിചാരിച്ചത്. അവർ പ്രതീക്ഷിക്കാത്തതായിരുന്നു അവന്റെ ഉയർത്തെഴുന്നേൽപ്! അവരുടെ അധർമ്മ പ്രവൃത്തികൾ നിമിത്തമായിരുന്നു അവർ പരാജയപ്പെട്ടത്.

ഇവിടെ പറയുന്ന **അവൻ മുഖാന്തരം** (*എൻ ഔട്ടോ*) എന്നത് സൂചിപ്പിക്കു ന്നത് യേശുവിനെയാണ് (ആർഎസ്‌വി; എൻഏഎസ്ബി) അല്ലാതെ "അത്" എന്നോ (കെജെവി; എൻകെജെവി; ടിഎൻഐവി), "ക്രൂശോ" (എൻഐവി) ആയിരിക്കുവാനിടയില്ല. ആ തർജിമകളിലെ കുറിപ്പുകൾ സൂചിപ്പിക്കുന്നത് വ്യാകരണപരമായ രണ്ടു അർത്ഥത്തിനും സാധ്യതയുണ്ട് എന്നാണ്. അപ്പോൾ, സന്ദർഭം അനുസരിച്ചായിരിക്കണം അർത്ഥം തീരുമാനിക്കേണ്ടത്. നേട്ടം കൈവരിച്ചതെല്ലാം യേശുവിന്റെ പ്രവൃത്തികൾ മുഖാന്തരമാണെന്ന് മുൻവാ ക്യങ്ങളിൽ പറഞ്ഞിരിക്കയാണ് (2:9–11, 12, 13), അവൻ മുഖാന്തരമാണ് ദൈവം തുടർച്ചയായി പ്രവർത്തിക്കുന്നത് എന്നാണ് സന്ദർഭം വ്യക്തമാക്കുന്നത്.

**കാഴ്ച്ച** എന്നതിനുള്ള ഗ്രീക്ക് വാക്ക്, *ഡെയിഗ്മാറ്റിസോ*, ബൈബിളി–ല ല്ലാത്ത സാഹിത്യത്തിൽ പരസ്യമായി തരം താഴ്ത്തുന്നതിനായി ഉപയോഗിക്കു ന്നതാണ്, മറിയക്ക് ലോകാപവാദവും, ലജ്ജയും വരുത്തുവാനാഗ്രഹിക്കാതെ ഗൂഢമായി ഉപേക്ഷിപ്പാൻ ആഗ്രഹിച്ചതു പറയുമ്പോഴാണ് ആ വാക്ക് പുതിയ നിയമത്തിൽ വേറെ ഉപയോഗിച്ചിരിക്കുന്നത് (മത്താ. 1:19).

ക്രൂശിലെ യേശുവിന്റെ മരണത്താൽ, അവനെ പരസ്യമായ ലജ്ജിക്കുന്ന കാഴ്ച്ചയാക്കിയെങ്കിലും (എബ്രാ. 12:2), പരാജയം എന്നു തോന്നിച്ചതിനെ ദൈ വം ഉയർത്തെഴുന്നേൽപിലൂടെ വിജയമാക്കി മാറ്റി. മരണത്തിന് അവനെ പി ടിച്ചുവെക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 2:24). യേശുവിനെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവന്ന്, അവന്റെ മരണത്തിനിടയാക്കിയ ദുഷ്ടശക്തികളുടെ വ്യർത്ഥത ദൈവം പുറത്തുകാണിച്ചു.

"വിജയം" (*ത്രിയാംബെയുവോ*) എന്ന വാക്ക്, പുതിയനിയമത്തിൽ വേറെ ഒരു ഭാഗത്ത് മാത്രം കാണുന്നത് 2 കൊരിന്ത്യർ 2:14 ലാണ്. അവിടെ പറയുന്നത് റോമൻ സൈന്യാധിപന്മാരുടെ വിജയത്തെയാണ്.

> റോമൻ വിജയം ആഘോഷിക്കുന്ന ഒരു ശരിയായ ചിത്രമാണ് പൗലൊസ് ഇവിടെ വ്യക്തമാക്കുന്നത്. ഒരു സൈന്യാധിപൻ തന്റെ പടയാളികളുമായി യുദ്ധം ജയിച്ചുവരുമ്പോൾ, മടങ്ങിവരുന്ന സൈന്യം "ജയോല്ലാസ ഘോഷ യാത്രയായിട്ടാണ്" (*ത്രിയാമ്പെയുവോ*) വരുന്നത്. വിജയിയായി–തീർന്ന സൈന്യാധിപൻ വീഥികളിൽകൂടെ വിജയാഘോഷ പ്രദക്ഷിണമാണ് നടത്തുന്നത്, പുറകെ തന്റെ സൈന്യം വിജയഗീതങ്ങൾ ആലപിച്ച് അവ രുടെ വിജയപ്രഖ്യാപനം നടത്തും. പരാജയപ്പെട്ട രാജാവിനേയും അവന്റെ അവശേഷിക്കുന്ന സൈന്യത്തേയും ഒപ്പം അവരുടെ നാശനഷ്ടങ്ങളും എല്ലാവരും കാണത്തക്കവണ്ണം പരസ്യമായ കാഴ്ച്ചയാക്കും.[62]

ദുഷ്ടശക്തികളുടെ പരാജയത്തിനുശേഷം, പൗലൊസ് അവരെ പരാജയപ്പെട്ട് തരംതാഴ്ത്തപ്പെട്ട സൈന്യത്തോട് ഉപമിച്ചാണ് പരസ്യമായ കാഴ്ച്ചയാക്കി എന്നു പറഞ്ഞിരിക്കുന്നത്. റോമൻ സൈന്യാധിപന്മാർ തങ്ങളുടെ വിജയാഘോഷത്തെ തുടർന്നു പ്രവാസികളായി പിടിച്ചെടുത്തവരുടെ വസ്ത്രം ഉരിഞ്ഞ് തരം താഴ്ത്തി വീഥികളിൽകൂടെ പരസ്യമായി നടത്തിക്കൊണ്ടുപോകും. പരാജയപ്പെട്ട ശത്രുക്കളെ നോക്കി പൊതുജനങ്ങൾ ഇനി ഒരിക്കലും അവരെ ഭയപ്പെടേണ്ടതില്ല എന്നു തിരിച്ചറിയും.

യേശു മുഖാന്തരം ദുഷ്ടശക്തികളെ ദൈവം പരാജയപ്പെടുത്തിയ ചിത്രമാണ് നമുക്ക് നൽകുന്നത്. വിജയാഘോഷ പ്രദക്ഷിണത്തിനുശേഷം, അവൻ-വിജയി-അവർ പരാജയപ്പെട്ടതായി പരസ്യമായ കാഴ്ച്ചയാക്കി. ആ അലങ്കാരം പരാജയപ്പെട്ടവരെ ചങ്ങലയിട്ട് റോഡിൽകൂടെ നടത്തിക്കൊണ്ടുപോകുന്നതായി വിചാരിച്ച് അക്ഷരികമായി എടുക്കരുത്. മറിച്ച്, ആ അലങ്കാരം പരാജയപ്പെട്ട ദുഷ്ടശക്തികളെ പുറത്തു കാണിക്കുന്നതാണ്. “എന്നാൽ ഈ വേദഭാഗത്തിന്റെ ആലങ്കാരിക ഉപയോഗത്തിൽ അടങ്ങിയിരിക്കുന്നത് ഉപമാലങ്കാരമാണ്, ഉദാഹരണമായി, വിജയാഘോഷ പ്രദർശനം പോലെ.”[63]

എഫെസ്യർ 4:8 ൽ വേറെ വാക്കുകൾ ഉപയോഗിച്ചുകൊണ്ടാണെന്നു തോന്നുന്നു, പൗലൊസ്, ദുഷ്ടശക്തികളുടെ അതേ പരാജയത്തെ പറ്റി പറയുന്നുണ്ട്. യേശു പിതാവിന്റെ വലത്തുഭാഗത്തേക്ക് ആരോഹണം ചെയ്തപ്പോൾ, സകല അധികാരവും-എല്ലാ നന്മയുടേയും തിന്മയുടേയും-അവന് നൽകി (എഫെ. 1:20–22). അവന്റെ ഉയർപ്പും ആരോഹണവും മൂലം ദുഷ്ടശക്തിയെ അവൻ കീഴ്പ്പെടുത്തി!

## കൂടുതൽ പഠനത്തിന്

### 2:11–13 ലെ പരിഛേദനക്ക് പൂർണ്ണമായും സമാനമാണോ സ്നാനം?

പൗലൊസ് പരിഛേദനയെ 2:11–13 ലെ സ്നാനവുമായി താരതമ്യം ചെയ്തപ്പോൾ, സ്നാനം മുഴുവനായും പരിഛേദനക്ക് സമാനമാണെന്ന് അവൻ പറഞ്ഞോ? ഇല്ല, ഒരർത്ഥത്തിൽ അവൻ ഒരു താരതമ്യം ചെയ്യൽ മാത്രമായിരുന്നു നടത്തിയത്: ഭൗതിക പരിഛേദന അഗ്രചർമ്മം ഛേദിക്കുന്നതുപോലെ, ആത്മിയ പരിഛേദന ആത്മാവിന്റെ മാലിന്യങ്ങളെയാണ് ഛേദിച്ചുകളയുന്നത് (2:13 ന്റെ പരാമർശം നോക്കുക).

രണ്ട് പരിശീലനങ്ങൾ തമ്മിൽ സാമ്യം ഉള്ളതുകൊണ്ട് അവ സമാന്തരമാണെന്ന് പറയുവാൻ സാധ്യമല്ല. പരിഛേദനയിൽനിന്നും വ്യത്യസ്തമായ ഉദ്ദേശമാണ് സ്നാനത്തിനുള്ളത്. ദൈവം അവരുടെ ദൈവമാണെന്നും, കനാൻദേശം വാഗ്ദാനം ചെയ്തത് അവർക്ക് അവകാശമായി ലഭിക്കുമെന്നതിന്റെയും ഉടമ്പടിയുടെ അടയാളമായിരുന്നു യെഹൂദന്മാർക്ക് പരിഛേദന (ഉല്. 17:7, 8). സ്നാനം ആളുകളെ ദൈവമക്കളാക്കുകയും, ആത്മിയമായി അബ്രഹാമിന്റെ മക്കളാക്കുകയും, അങ്ങനെ അവർക്ക് ദൈവം അബ്രഹാമിനു വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ ലഭിക്കുകയും ചെയ്യുന്നു (ഗലാ. 3:16, 29; 1 പത്രൊ. 1:3, 4). പഴയനിയമം മിക്കവാറും ഭൗതിക യാഥാർത്ഥ്യത്തെയാണ് എടുത്തുകാണിക്കുന്നത്, എന്നാൽ പുതിയനിയമം ആത്മിയ യാഥാർത്ഥ്യത്തെയാണ് കാണിക്കുന്നത്.

ആ താരതമ്യങ്ങൾ വെളിപ്പെടുത്തുന്നത് താഴെ കൊടുത്തിരിക്കുന്നതാണ്: *ഭൗതിക* ജനനത്താലാണ് ഒരു യെഹൂദ കുടുംബത്തിലേക്ക് കുട്ടികൾ ജനി

ക്കുന്നത്. ദൈവത്തിന്റെ നിയമമുള്ള ആളുകളാക്കുവാൻ ആൺകുട്ടികളെ പരിഛേദന കഴിക്കുന്നു. ദൈവത്തിന്റെ ആത്മിയ ഭവനത്തിലാകുവാൻ *ആത്മിയ* ജനനത്തിനുവേണ്ടി വെച്ചിരിക്കുന്ന കൽപനയാണ് സ്നാനം. ദൈവമക്കളായതുകൊണ്ട് ക്രിസ്ത്യാനികളെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുകയാണ് (ഗലാ. 4:6).

| **ആശയം** | **പഴയനിയമം (ഭൗതികം)** | **പുതിയ നിയമം (ആത്മികം)** |
|---|---|---|
| 1. ദൈവമക്കൾ ആകുവാൻ ജനിക്കണം: | എബ്രായ ഭവനത്തിൽ ഭൗതികമായ ജനനം (ലേവ്യ. 12:1, 2). | ദൈവത്തിന്റെ ആത്മിയ ഭവനത്തിൽ ആത്മിയ **ജനനം** (യോഹ. 3:5). |
| 2. ജനനത്തിനു ശേഷമാണ് മുദ്ര: | മനുഷ്യരാൽ നടത്തുന്ന **പരിഛേദനയാണ്** മുദ്ര, അത് ആൺകുട്ടിയെ മുദ്രയിടുന്നു (റോമ. 4:11 നോക്കുക). | ദൈവം നൽകുന്ന പരിശുദ്ധാത്മാവിനാൽ മുദ്രയിടുന്നു, അത് ദൈവം ക്രിസ്ത്യാനിയിൽ മുദ്രയിടുന്നു (2 കൊ. 1:22). |
| | അബ്രഹാമിന്റെ സന്തതികൾക്ക് അത് നിയമത്തിന്റെ അടയാളമായിരുന്നു (ഉല്. 17:11). | സ്നാനത്താൽ ദൈവമക്കളാകുന്നവർക്കുള്ള മുദ്രയാണ് പരിശുദ്ധാത്മാവ് (പ്രവൃ. 2:38; ഗലാ. 3:26, 27; 4:6). |

ഭൗതികമായ ജനനവും, തുടർന്നു മനുഷ്യരാൽ നടത്തപ്പെടുന്ന പരിഛേദനയാൽ ലഭിക്കുന്ന മുദ്രയും, സ്നാനത്താൽ ആത്മിയജനനം നടക്കുമ്പോൾ പരിശുദ്ധാത്മാവിനെ ദൈവം ദാനമായും അച്ചാരമായും നൽകി മുദ്രയിടുന്നതും തമ്മിലാണ് താരതമ്യം ചെയ്യുന്നത്. ഇവിടെ സമാനത സ്നാനവും പരിഛേദനയും തമ്മിൽ *അല്ല*. മറിച്ച്, ഒന്നാമത്തെ സമാനത ഭൗതികജനനവും സ്നാനവും തമ്മിലാണ്, എന്നാൽ ര**ണ്ടാ**മത്തെ സമാനത പരിഛേദന എന്ന മുദ്രയും പരിശുദ്ധാത്മാവ് എന്ന മുദ്രയും തമ്മിലാണ്.

സ്നാനവും പരിഛേദനയുമാണ് സമാനതയായി പറയുന്നതെങ്കിൽ, പരിഛേദനയുടെ ഉപദേശവും സ്നാനത്തിന്റെ പ്രായോഗികതയും ഒന്നു തന്നെയായിരിക്കും. അങ്ങനെ വരുമ്പോൾ താഴെ കൊടുത്തിരിക്കുന്നതായിരിക്കണം ശരി:

1. സ്നാനം ആൺമക്കൾക്ക് മാത്രമായിരിക്കണം (ഉല്. 17:10).
2. ആൺമക്കൾ ജനിച്ച് എട്ടാം ദിവസം ആയിരിക്കണം ശിശുക്കളെ സ്നാനം കഴിപ്പിക്കേണ്ടത് (ഉല്. 17:12).
3. പ്രതീക്ഷിക്കാവുന്ന അനുഗ്രഹം കനാൻ ദേശമായിരിക്കും (ഉല്. 17:8), അല്ലാതെ സ്വർഗം ആയിരിക്കുകയില്ല.
4. ഫലം സ്പഷ്ടവും നിലനിൽക്കുന്നതുമായ “നിയമത്തിന്റെ അടയാളം” ആയിരിക്കണം (ഉല്. 17:11).
5. വിലക്ക് വാങ്ങുന്ന ഭൃത്യന്മാരുടെ വിശ്വാസവും ജീവിത

രീതിയും എന്തായാലും, അവർക്ക് സ്നാനം കൊടുക്കണം (ഉല്. 17:13).

6. സ്നാനപ്പെടാത്തവരെ ഛേദിച്ചു കളയണം (ഉല്. 17:14).
7. ശിശുക്കളേക്കാൾ മുതിർന്ന അബ്രഹാമിന്റെ സന്തതികളായാലും യെഹൂദൻ വിലക്കു വാങ്ങിയ ഭൃത്യനായാലും സ്നാനപ്പെടുത്തണം (ഉല്. 17:27).

പരിഛേദനയുടെ അതേ നിബന്ധന തന്നെയാണ് സ്നാനപ്പെടുന്നവർക്കുള്ളതെങ്കിൽ സ്നാനത്തിന്റെ ഉദ്ദേശം പറയേണ്ട ആവശ്യം തന്നെ വരുന്നില്ല. എങ്ങനെയായാലും, ഇന്ന് സ്നാനത്താൽ ദൈവമക്കളാകുവാനിരിക്കുന്നവർ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യണം:

1. ദൈവത്തിന്റെ വചനം കേൾക്കുക (പ്രവൃ. 2:41; 18:8).
2. ക്രിസ്തുവിൽ വിശ്വസിക്കുക (മർ. 16:15, 16; പ്രവൃ. 8:12; 18:8).
3. സ്നാനത്തിനു മുൻപ് മാനസാന്തരപ്പെടുക (പ്രവൃ. 2:38).
4. ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് സ്നാനത്തിൽനിന്നും എഴുന്നേൽക്കുക (റോമ. 6:4).

**നമുക്ക് പാപസംബന്ധമായ സ്വഭാവം ഉണ്ടോ?**

ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫലമായി മനുഷ്യരിൽ “പാപ സ്വഭാവം” ജന്മനാ ലഭിക്കുന്നു എന്ന വേദശാസ്ത്രപരമായ ഊഹം നിലവിലുണ്ട്. നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നതിനാലാണ് ആ പാപസ്വഭാവം മനുഷ്യരിൽ വന്നത് എന്നാണ് അവർ വിശ്വസിക്കുന്നത് (ഉല്. 3:6). എങ്ങനെയായാലും, അത് വേദഭാഗങ്ങളിലില്ല. നന്മതിന്മകളെ കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നാണ് ദൈവം പറഞ്ഞത് (ഉല്. 2:17), അല്ലാതെ പിശാചിനെ പോലെ അവർക്ക് പാപസ്വഭാവം ജന്മനാ ഇല്ല.

ആദാമും ഹവ്വയും സ്വഭാവത്തിൽ അവർ വഷളായില്ല എന്ന് രണ്ട് ബൈബിൾ പ്രസ്താവനകൾ തെളിയിക്കുന്നു. (1) *ഉൽപത്തി* 3:7–10. അവർ ഫലം തിന്നുന്നതിനു മുൻപ്, നഗ്നരായിരുന്നു, പക്ഷെ ലജ്ജ തോന്നിയിരുന്നില്ല (ഉല്. 2:25). തിന്നശേഷം തങ്ങൾ നഗ്നരാണെന്ന് അവർ തിരിച്ചറിഞ്ഞു. മോശമായ ആളുകൾ ചെയ്യുന്നതുപോലെ അവർ നഗ്നത കാണിക്കുകയല്ല ചെയ്തത്, പിന്നെയോ അവർക്ക് ലജ്ജ തോന്നുകയാണുണ്ടായത്; അവർ ഓടി ഒളിക്കുകയും തന്നെത്താൻ നഗ്നത മറെക്കുവാൻ ശ്രമിക്കുകയും ചെയ്തു. അവരുടെ സ്വഭാവം മോശമായെങ്കിൽ, അവരുടെ മനസാക്ഷിയിൽ ലജ്ജ തോന്നി അത് മറക്കുവാൻ ശ്രമിക്കുമായിരുന്നില്ല. (2) *ഉൽപത്തി* 3:22. ദൈവം പറഞ്ഞു, “ഇതാ ഇപ്പോൾ മനുഷ്യൻ നന്മതിന്മകളെ അറിവാന്തക്കവണ്ണം നമ്മിൽ ഒരുത്തനെ പോലെ ആയിത്തീർന്നിരിക്കുന്നു.” ദൈവത്തിനു നന്മതിന്മകളെ അറിയാം എന്നാൽ അവൻ വഷളാകുന്നില്ല. ഒരിക്കൽ ആദാമും ഹവ്വയും നന്മതിന്മകളെ കുറിച്ച് അറിവുള്ളവരായപ്പോൾ, അവർ ധാർമ്മിക തിരഞ്ഞെടുപ്പ് നടത്തുവാൻ തുടങ്ങി. തിന്നുന്നതിനുമുൻപ് അവർ ധാർമ്മിക നിരപരാധിത്വത്തിലായിരുന്നു, തിന്നപ്പോൾ അവർ ധാർമ്മിക പ്രത്യക്ഷതയിലേക്ക് പ്രവേശിച്ചു. അപ്പോൾ മുതൽ അവർ നന്മയും തിന്മയും തിരഞ്ഞെടുക്കുവാൻ

തുടങ്ങി. ഏകദേശം ഉടനെ, അവർ ധാർമ്മികമായി നല്ല തിരഞ്ഞെടുപ്പായ വസ്ത്ര ധാരണത്തിലേക്ക് തിരിഞ്ഞു, അതായത് തിന്മയല്ല, നന്മ ചെയ്യുവാൻ ആഗ്രഹിച്ചു തുടങ്ങി.

ആദാമും ഹവ്വയും അതിനു ശേഷം പാപസ്വഭാവമുള്ളവരായി എന്നു പറയുന്നതിനു പകരം, അവർ *നന്മയുടെ* സ്വഭാവത്തിലേക്ക് വളർന്നു എന്നു തീർച്ചയാക്കാം; കാരണം അവർ *നന്മയെയും തിന്മയെയും* കുറിച്ച് അറിവുള്ളവരായി തീർന്നു. എങ്കിലും, അതിന്റെ ഫലമായി അവരുടെ പിൻഗാമികൾ, ഒരു പ്രായമെത്തുമ്പോൾ നന്മയെയും തിന്മയെയും അറിവുള്ളവരായി തീരുകയാണ് ചെയ്യുന്നത്-എല്ലാവരും (ആവ. 1:39), അതിനെ തുടർന്നു ഭൗതികമായ മരണം നേരിട്ടുകൊണ്ടിരിക്കുന്നു. ആദാമിന്റെയും ഹവ്വയുടെയും പാപത്തിന്റെ കുറ്റം നമ്മിൽ വരുന്നില്ല, എന്നാൽ അതിന്റെ അനന്തരഫലം നമ്മിൽ വരുന്നതിനാൽ നാം മരിക്കുന്നു (1 കൊ. 15:22), നാം ധാർമ്മികമായി തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നു (യെശ. 7:16).

കൊലൊസ്യർ 2:11 ലെ "ക്രിസ്തുവിന്റെ പരിഛേദന" അവകാശമാക്കിയ പാപസ്വഭാവത്തെ നീക്കം ചെയ്യുന്നതിനല്ല, കാരണം മനുഷ്യരിൽ അത്തരം പാപസ്വഭാവം അവകാശമാക്കുന്നില്ല. മറിച്ച്, ആത്മിയ പരിഛേദന ജഡാഭിലാഷത്താലും തെറ്റായ ധാർമ്മികവും ആത്മികവുമായ, വളർത്തിയെടുത്ത മാലിന്യം നീക്കുവാനാണ്.

എല്ലാവരും പാപം ചെയ്തു, എന്നു പറയുമ്പോൾ, "എല്ലാവരും" എന്ന് റോമർ 3:9, 19, 23-ൽ പറഞ്ഞിരിക്കുന്നത്, നാം ചർച്ച ചെയ്ത എല്ലാവരുമാണ്. "എല്ലാവരും" എന്നു പറയുന്നത് പാപം ചെയ്യുവാൻ കഴിയുന്ന പാപം ചെയ്ത എല്ലാവരുമാണ്, അല്ലാതെ പാപം ചെയ്യുവാൻ എല്ലാവർക്കും കഴിവു വന്നു എന്നല്ല (യോഹ. 9:41). ശിശുക്കൾക്കും പ്രായമായ ചിലർക്കും മാനസികമായി തെറ്റും ശരിയും തിരിച്ചറിയുവാൻ കഴിയുന്നില്ല. ദൈവരാജ്യം ശിശുക്കൾക്കുള്ളതാണ് (മത്താ. 19:14); അതുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവർക്ക് വീണ്ടും ജനിക്കേണ്ട ആവശ്യമില്ല (യോഹ. 3:5).

ജീവിതത്തിൽ ധാർമ്മിക പക്വത വന്ന എല്ലാവരും പാപം ചെയ്തു എന്നാണ് പൗലൊസ് എഴുതിയത് (റോമ. 3:23), അവർക്ക് "ക്രിസ്തുവിന്റെ പരിഛേദന" ആവശ്യവുമാണ്. മനസിലാക്കുവാൻ കഴിവുള്ളവർക്കും, ജഡികമായ ഇഛയാൽ പാപം ചെയ്തവർക്കുമാണ് പാപം നീങ്ങി കിട്ടേണ്ടത്, അത് അവർ "ക്രിസ്തുവിന്റെ പരിഛേദന" ഏൽക്കുമ്പോൾ സംഭവിക്കുകയും ചെയ്യും.

റോമർ 7:18-23 തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടാണ്, ആളുകൾ പാരമ്പര്യമായി പാപസ്വഭാവമുള്ളവരാണെന്ന് പഠിപ്പിക്കുന്നത്. താൻ പാപം ചെയ്യുവാനിടയായത് പാരമ്പര്യ പാപസ്വഭാവം നിമിത്തമാണെന്ന് പൗലൊസ് പഠിപ്പിച്ചില്ല. മറിച്ച്, അവൻ പറഞ്ഞു, "ആകയാൽ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രെ" (റോമ. 7:17). ഗ്രീക്കിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഘടന, ("അല്ല ... എന്നാൽ" ആണ്, "മി ... അല്ലാ" അല്ലെങ്കിൽ ഔ ... അല്ലാ) എന്ന ഘടന പുതിയനിയമത്തിൽ പല പ്രാവശ്യം കാണാം (യോഹ. 6:27; 1 തിമൊ. 5:23; 1 പത്രൊ. 3:3, 4). ആ വാചകത്തിന്റെ അവസാന ഭാഗത്തിനാണ് ഊന്നൽ, എന്നാൽ ഒന്നാം ഭാഗത്തെ മാറ്റി നിർത്തുന്നുമില്ല. പൗലൊസ് പറഞ്ഞത്, "അത് ഞാൻ വെറുതെ ചെയ്യുകയല്ല, എന്നിൽ വസിക്കുന്ന പാപമാണ് ചെയ്യുന്നത്."

പാപം ചെയ്തതായി പൗലൊസ് സമ്മതിക്കുന്നു; എങ്ങനെയായാലും,

പാപം ചെയ്യുവാൻ അവന് ആഗ്രഹമില്ലായിരുന്നു (റോമ. 7:15–21). അവനു വഷളായ സ്വഭാവം ഉണ്ടായിരുന്നുവെങ്കിൽ, തിന്മ ചെയ്യുവാൻ അവൻ ആഗ്രഹിക്കുമായിരുന്നു. പാപസ്വഭാവമല്ല അവനെക്കൊണ്ട് *പാപം* ചെയ്യിച്ചത്, പിന്നെയോ അവനിൽ വസിച്ച പാപമായിരുന്നു കാരണം. മുൻപ് റോമർ 6:16 ൽ പൗലൊസ്, പാപത്തിനു കീഴ്പ്പെടുത്തുന്ന സ്വഭാവം ഉണ്ടെന്ന് പറഞ്ഞിരിക്കുന്നു, യേശുവും അത് പറഞ്ഞിരുന്നു (യോഹ. 8:34) പത്രൊസും പറഞ്ഞിരിക്കുന്നു (2 പത്രൊ. 2:19). എല്ലാവരും തങ്ങളുടെ ജീവിതത്തിൽ പാപത്തെ ഇഷ്ടപ്പെടുന്നതിനാൽ, എല്ലാവരും പാപവുമായി പോരാടുകയാണ്–പക്ഷെ പാപസ്വഭാവവുമായിട്ടല്ല.

## "ജഡം" *(സാർക്സ്)* അർത്ഥമാക്കുന്നത് "പാപസ്വഭാവം ആണോ"?

ഗ്രീക്ക് പുതിയനിയമത്തിൽ, ഏകദേശം 150 പ്രാവശ്യം *സാർക്സിന്റെ* വിവിധ രൂപങ്ങൾ കാണാം. ആ മിക്ക വേദഭാഗങ്ങളിലും, അർത്ഥം "പാപസ്വഭാവം" എന്നായിരിക്കുവാൻ സാധ്യതയില്ല. ഉദാഹരണത്തിന് യേശു *സാർക്സ്* ആയി, "ജഡം" (യോഹ. 1:14); അവന്റെ ജഡം നമ്മുടെ ജീവന്റെ അപ്പമാണ് (യോഹ. 6:51), ജീവൻ ഉണ്ടാകുവാൻ (ആത്മിയമായി) നാം അത് ഭക്ഷിക്കണം (യോഹ. 6:53–56). യേശുവിന്റെ "ജഡം" ദ്രവത്വം കണ്ടില്ല (പ്രവൃ. 2:31). "ജഡം" സംബന്ധിച്ച് പിതാക്കന്മാരിൽനിന്നു ദാവീദിന്റെ സന്തതിയായിട്ടാണ് അവൻ വന്നത് (റോമ. 1:3; 9:5). ദൈവം "ജഡത്തിൽ" വെളിപ്പെട്ടവനായിരുന്നു യേശു (1 തിമൊ. 3:16), ജഡത്തെ മരണത്തിനു ഏൽപിച്ചുകൊടുത്തു (1 പത്രൊ. 3:18). ഈ വാക്യങ്ങളിൽ "പാപസ്വഭാവം" യോജിക്കുന്നതല്ല.

സാർക്സ് ഒരു വ്യക്തിയുമായുള്ള ബന്ധത്തിൽ ഉപയോഗിക്കുമ്പോൾ, അയാളുടെ ശരീരം വിശുദ്ധിക്കോ അശുദ്ധിക്കോ ഉപയോഗിക്കാം, അതിനർത്ഥം "ജഡികമായ ഇഛകൾ" നല്ലതോ മോശമായതോ ആകാം. സന്ദർഭമനുസരിച്ച് വേണം നാം അർത്ഥം എടുക്കുവാൻ (പ്രവൃ. 2:26; റോമ. 8:7). ആളുകൾ ധാർമ്മിക തീരുമാനങ്ങൾ എടുക്കുമ്പോൾ, പൊതുവിൽ മോശമായി തീരുന്നു; അതുകൊണ്ട് അർത്ഥം പലപ്പോഴും ക്രിയാത്മകമാകുന്നതിനേക്കാൾ നിഷേധമാകുന്നു.

പ്രധാനപ്പെട്ട ഗ്രീക്ക് ലെക്സിക്കനോ, ഡിക്ഷ്ണറിയോ, അല്ലെങ്കിൽ എൻസൈക്ലോപീഡിയയോ *സാർക്സ്* എന്ന വാക്ക് "പാപസ്വഭാവം" എന്നു നിർവ്വചിച്ചിട്ടില്ല. "പാപസ്വഭാവം" എന്നതിനു ഏറ്റവും അടുത്തു പറയാവുന്നത് "പാപേഛകൾ" എന്നാണ്. റോമർ 7:5-ൽ, ആ സന്ദർഭത്തിൽ പോലും, പാപസംബന്ധമായ "ജഡം" (*സാർക്സ്*) എന്നു പൗലൊസ് പറഞ്ഞിട്ടില്ല, എന്നാൽ "പാപേഛകൾ" (*പാത്തേമാറ്റ*) എന്നാണ് പറഞ്ഞത്. "ജഡം" അല്ല, "ന്യായ" പ്രമാണമാണ് പാപേഛകൾ ശരീരത്തിന്റെ അവയവങ്ങളിൽ ഉണർത്തുന്നത്.

സാർക്സുമായുള്ള ബന്ധത്തിൽ മനുഷ്യരുടെ ഇഛകളെ ലെക്സിക്കൻ നിർവ്വചിച്ചിരിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ്: "[ജഡം] പാപത്തിനു കീഴ്പ്പെട്ടതിനാൽ, എവിടെയെല്ലാം ജഡം ഉണ്ടോ, അവിടെയെല്ലാം [അതുപോലെ], പാപത്തിന്റെ എല്ലാ രൂപങ്ങളും അവതരിക്കുന്നു, *സാർക്സിൽ* ഒരു നന്മയും വസിക്കുന്നില്ല."[64] പാപസംബന്ധമായ ജഡം എന്നു തർജിമ ചെയ്യുന്നതായിരിക്കും നല്ലത്, പക്ഷെ ഒരിടത്തും "പാപസ്വഭാവം" എന്ന് ഉപയോഗിച്ചിട്ടില്ല.

*സാർക്സിനെ* ചർച്ച ചെയ്ത് ചുരുക്കി, എഡുവും സ്കിീസറും എഴു

തി, “ജഡം ഭൗതികമായ മറ്റു വസ്തുക്കളുമായോ സഹജമായവയുമായോ (ജന്മസിദ്ധമായ) മോശമായ പ്രത്യേകിച്ച് അപകടകരമായത്. അത് മനുഷ്യൻ വളർത്തിയെടുക്കുമ്പോഴാണ് അപകടകരമാകുന്നത്.”[65]

മെക്ഡൊണാൾഡ് ശരിയായി നിരീക്ഷിച്ചു,

> എങ്കിലും, “ജഡം”-*സാർക്സ്*-എന്നത് ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന്റെ ബലഹീനതയെ പറയുന്ന ഒന്നു മാത്രമല്ല. ജഡം ദ്രവമയമാണ്, എന്നത് വാസ്തവമാണ് (1 കൊ. 15:53; കെജെവി) മരിക്കുന്നതുമാണ് (2 കൊ. 10:2). എങ്കിലും, പൗലൊസ് നൽകുന്നത് *സാർക്സിന്റെ* ക്രിയാത്മകമായ ആശയത്തെയാണ്. ആകയാൽ ജഡം അതിൽ തന്നെ പാപസ്വഭാവം ഇല്ലായ്കയാൽ, പാപത്തിനു അവസരം ഒരുക്കുന്നത് മനുഷ്യന്റെ സ്വഭാവത്തിലെ ഒരു വശമാണ്. അത് പാപത്തിനു പ്രവർത്തിക്കുവാനുള്ള തയ്യാറെടുപ്പ് നടത്തുന്നു. *സാർക്സ്* ആണ് മനുഷ്യരിൽ സംഘട്ടനങ്ങൾ ഉണ്ടാക്കുന്നതും, ബന്ധിപ്പിക്കുന്നതും. നോസ്റ്റിക്സുകാർ പറയുന്ന വസ്തുക്കളിലെ ആവശ്യമായ ദോഷത്തെ കുറിച്ചല്ല പൗലൊസ് പഠിപ്പിക്കുന്നത്, ജഡത്തിൽ എങ്ങനെയോ തിന്മ പ്രവേശിക്കുന്നു എന്നാണ് പൗലൊസ് പറയുന്നത്, അതാണ് “ജഡത്തിന്റെ പ്രവൃത്തികൾ” ചെയ്യിക്കുന്നത് (ഒ. വാ. ഗലാ. 5:19; മുതലായവ).[66]

മനുഷ്യർ തങ്ങളുടെ ബലഹീനത നിമിത്തം പാപത്തിനിരയായി തീരുന്നു, നാം പാപസ്വഭാവത്താൽ, ദോഷത്തിന് നിർബന്ധിതരാവുകയല്ല. യോശുവ വളരെ വർഷങ്ങൾക്ക് മുൻപ് വെല്ലുവിളിച്ചു (യോശു. 24:15), ആരെ സേവിക്കേണമെന്നു നാം തിരഞ്ഞെടുക്കണം.

**ശിശുക്കളെ സ്നാനപ്പെടുത്തേണമോ?**

ശിശുക്കളെ സ്നാനപ്പെടുത്തണം എന്നതിനു “തെളിവായി” എടുക്കുന്ന വേദഭാഗമാണ് കൊലൊസ്യർ 2:11, 12. ശിശുക്കളെ എന്തുകൊണ്ട് സ്നാനം കഴിപ്പിക്കണം എന്ന് ചിന്തിച്ച്, വില്യം ഹെൻഡ്രിക്സൺ എഴുതി,

> ഇവിടെ ഞാൻ പറയുന്നത് വ്യക്തമായ വിവക്ഷ മാത്രമാണ്. ഉപരിതല അന്തരം എന്തെന്നാൽ, *അക്ഷരികമായ* പരിഛേദനയും, *കൈകൊണ്ടല്ലാത്ത പരിഛേദനയുമാണ്.* അതിനെ ഹൃദയപരിഛേദനയായിട്ടാണ് വിവരിച്ചിരിക്കുന്നത്. എന്നാൽ വിവക്ഷിച്ചിരിക്കുന്നത് വ്യക്തമാണ്. അതുകൊണ്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയാണ്: “ആകയാൽ സ്നാനം പരിഛേദനയുടെ സ്ഥാനത്ത് വരുന്നതിനാൽ (കൊലൊ. 2:11-13), കുട്ടികൾ ദൈവരാജ്യത്തിന്റേയും നിയമത്തിന്റേയും അവകാശികളാകുവാൻ സ്നാനം ഏൽക്കണം” (*ഫോം ഫോർ ദ ബാപ്റ്റിസം ഓഫ് ഇൻഫന്റ്സ് ഇൻ സാൾട്ടർഹിംനൽ ഓഫ് ദ റിഫോമ്ഡ് ചർച്ച്*, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്, 1959, പേജ്. 86). ദൈവം അബ്രഹാമിനോട് ഉടമ്പടി ചെയ്തപ്പോൾ, അതിൽ കുട്ടികളും ഉൾപ്പെട്ടിരുന്നു (ഉല്. 17:1-14). ആ ഉടമ്പടി, അതിന്റെ ആത്മിയ വശങ്ങൾ, പുതിയനിയമകാലത്തും തുടരുന്നു (പ്രവൃ. 2:38, 39; റോമ. 4:9-12; ഗലാ. 3:7, 8, 29). ആകയാൽ കുട്ടികളും ഉൾപ്പെട്ടിരിക്കയാൽ, അവർക്കും അടയാളം പുതിയനിയമ കാലത്തു

ആവശ്യമാണ് എന്ന് പൗലൊസ് സ്നാനത്തെ കുറിച്ച് കൊലൊ. 2:11, 12–ൽ പറയുമ്പോൾ സൂചിപ്പിക്കുന്നു.[67]

പ്രവൃത്തികൾ 2:39 ലെ "മക്കൾ" എന്നത് ശിശുക്കളല്ല, മറിച്ച് സന്തതികളാണ്. പത്രൊസ് ശിശുക്കളെയാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ, *ബ്രെഫോസ്* എന്ന വാക്കോ ("ശിശു") അല്ലെങ്കിൽ, *പെയിഡിയോൻ* ("ചെറിയ കുട്ടി") എന്ന വാക്കോ ഉപയോഗിക്കുമായിരുന്നു. പത്രൊസ് ഉപയോഗിച്ചത് *ടെക്നോൺ* ആണ്, അതിന്റെ അർത്ഥം "പിൻഗാമി" അല്ലെങ്കിൽ "സന്തതി" യിസ്രായേൽ മക്കളുടെ പിൻഗാമികളായ സന്തതികൾക്ക് പാപമോചനവും പരിശുദ്ധാത്മ ദാനവും വാഗ്ദാനം ചെയ്തിരിക്കുന്നു. സ്നാനപ്പെടുന്നതിനു മുൻപ് മാനസാന്തരപ്പെടുന്നവർക്കാണ് ആ അനുഗ്രഹങ്ങൾ (പ്രവൃ. 2:38). പരിശുദ്ധാത്മാവ് ശിശുക്കൾക്ക് വാഗ്ദാനം ചെയ്തിട്ടില്ല.

കൊലൊസ്യർ 2:11–13 ശിശുക്കൾക്ക് സ്നാനം കൊടുക്കുവാൻ പറയുന്നില്ല. നേരെ മറിച്ച്, ഈ വേദഭാഗം ശിശുക്കളെ ഒഴിച്ചുനിർത്തിയിരിക്കുകയാണ്. സ്നാനത്തിന്റെ ആത്മിക പരിഛേദനയാൽ, ജഡികമായ ഇഛകൾ നീങ്ങിപോകുന്നു; പക്ഷെ ശിശുക്കൾക്ക് ജഡിക ഇഛകളില്ല, അവർക്ക് ജഡിക പ്രവൃത്തി ചെയ്യുവാനും കഴിയുകയില്ല (ഗലാ. 5:19–21). അവരുടെ പ്രാരംഭ നിരപരാധിത്വ കാലയളവിൽ അവർക്ക് നന്മതിന്മകളെ കുറിച്ചുള്ള അറിവില്ലായിരുന്നു (ആവ. 1:39). ആ ധാർമ്മിക അന്ധത നിമിത്തം അവരിൽ ക്ഷമിക്കപ്പെടുവാൻ പാപമില്ല (യോഹ. 9:41). അക്കാരണത്താൽ അവർ പാപത്തിൽ മരിച്ചവരുമല്ല. അവർക്ക് ജീവിക്കേണ്ട ആവശ്യമില്ല (കൊലൊ. 2:13). കൂടാതെ, ദുഷിച്ച ആഗ്രഹങ്ങൾനിമിത്തമാണ് പാപത്തിൽ മരിക്കുന്നത് (യാക്കൊ. 1:13–15). അവർ പാപത്തിൽ മരിക്കാതിരുന്നതുകൊണ്ട് ജീവിച്ചില്ലായിരുന്നു (കൊലൊ. 2:13), "ദൈവത്തിന്റെ വ്യാപാരശക്തിയിൽ വിശ്വസിക്കുവാൻ" അവർക്ക് കഴിയുകയില്ല, അത് സ്നാനവുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടതാണ് (കൊലൊ. 2:12).

സ്നാനത്തിനു മുൻപ് ആവശ്യപ്പെടുന്നത് ഒന്നും ചെയ്യുവാൻ ശിശുക്കൾക്ക് കഴിയുകയില്ല. സ്നാനമേൽക്കുന്നവരെ ആദ്യം സുവിശേഷം കേൾപ്പിക്കണം (മർ. 16:15, 16), വചനം കൈക്കൊള്ളണം (പ്രവൃ. 2:41; 18:8); വിശ്വസിക്കുക (മർ. 16:15, 16; പ്രവൃ. 8:12; 18:8); മാനസാന്തരപ്പെടുക (പ്രവൃ. 2:38); യേശു ദൈവപുത്രനാണെന്ന അവരുടെ വിശ്വാസം ഏറ്റുപറയുക (റോമ. 10:9, 10; 1 തിമൊ. 6:12).

സ്നാനമേറ്റവരുടെ രേഖ പറയുന്നത് അവർ സ്ത്രീപുരുഷന്മാരാണ്, അല്ലാതെ ശിശുക്കളായിരുന്നില്ല എന്നാണ് (പ്രവൃ. 8:12). അവർ നല്ല മനസാക്ഷിക്കായി ദൈവത്തോട് അപേക്ഷിക്കുന്ന ആളുകളാണ് (1 പത്രൊ. 3:21). ശിശുക്കൾക്ക് അക്കാര്യങ്ങളൊന്നും ചെയ്യുവാൻ സാധ്യമല്ലായ്കയാൽ, അവർ സ്നാനത്തിനു യോഗ്യരല്ല.

കുടുംബം സ്നാനം ഏറ്റപ്പോൾ, അതിൽ കുട്ടികളും ഉൾപ്പെട്ടിരുന്നു എന്നാണ് ശിശുസ്നാനം അനുകൂലിക്കുന്നവർ അവകാശപ്പെടുന്നത്. എല്ലാ കുടുംബത്തിലും കുട്ടികളുണ്ടാകുമെന്നാണ് അവർ അനുമാനിക്കുന്നത്. രേഖപ്പെടുത്തിയ കുടുംബ സ്നാനത്തിലൊന്നും കുട്ടികളില്ലായിരുന്നു എന്ന് സന്ദർഭം വ്യക്തമാക്കുന്നു.

(1) പ്രവൃത്തികൾ 2:36–41. യിസ്രായേൽഗൃഹത്തോട് *മാനസാന്തരപ്പെട്ടു* സ്നാനം ഏൽക്കുവാനാണ് ആവശ്യപ്പെട്ടത്. എന്തു ചെയ്യേണം എന്ന ചോദ്യ

ത്തിനു മറുപടി ആയിട്ടാണ് അത് പറഞ്ഞത്. സ്നാനമേറ്റവർ വചനം കൈക്കൊണ്ടിരുന്നു. ശിശുക്കൾക്ക് അത്തരം കാര്യങ്ങൾ ചെയ്യുവാൻ സാധ്യമല്ലാത്തതു കൊണ്ട്, അവരിൽ ശിശുക്കൾ ഉൾപ്പെട്ടിരുന്നില്ല.

(2) പ്രവൃത്തികൾ 10. ദൈവത്തെ ഭയപ്പെട്ടിരുന്ന കൊർന്നെല്ല്യോസിന്റെ ഭവനക്കാർ പത്രൊസിന്റെ സന്ദേശം കേൾക്കുവാനിരുന്നു. പാപങ്ങൾ ക്ഷമിച്ചുകിട്ടുവാൻ അവരോട് വിശ്വസിക്കുവാൻ പറഞ്ഞു. അവർ വചനം കേൾക്കുകയും കൈക്കൊള്ളുകയും ചെയ്തു (11:1). പിന്നെ അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കുകയും, അവർ അന്യഭാഷയിൽ സംസാരിക്കുകയും ചെയ്തു. പിന്നെ അവർ പത്രൊസിനോട് കുറച്ചു ദിവസം അവരോടൊപ്പം താമസിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. അത്തരം പ്രസ്താവനകൾ നടത്തുവാൻ ശിശുക്കൾക്ക് കഴിയുകയില്ല.

(3) പ്രവൃത്തികൾ 16:14, 15. ലുദിയയുടെ കുടംബത്തിൽ ഒരുപക്ഷെ ശിശുക്കൾ ഉൾപ്പെട്ടിരിക്കുവാൻ സാധ്യതയില്ല, കാരണം ലുദിയ അവളുടെ "കുടുംബത്തെ" കുറിച്ച് "ഞങ്ങളുടെ വീട്" എന്നു പറയുന്നതിനു പകരം, "എന്റെ വീട്" എന്നാണ് പറഞ്ഞിരിക്കുന്നത്. അത് സൂചിപ്പിക്കുന്നത് അവൾക്ക് ഭർത്താവില്ലായിരുന്നു എന്നാണ്. എങ്ങനെയായാലും, അവളുടെ വീട്ടിൽ ഭൃത്യമാരും അടിമകളും ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ട്.

(4) പ്രവൃത്തികൾ 16:23-34. രക്ഷിക്കപ്പെടുവാൻ കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാണ് ഫിലിപ്പിയയിലെ കാരാഗൃഹ പ്രമാണിയോട് പൗലൊസും ശിലാസും പറഞ്ഞത്. പിന്നെ അവർ അവനോടും അവന്റെ വീട്ടിലുള്ളവരോടും ദൈവവചനം അറിയിച്ചു-തീർച്ചയായും കർത്താവിന്റെ ഉപദേശത്തിൽ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നതും അടങ്ങിയിരുന്നു (മർ. 16:15, 16). അതിനെ തുടർന്ന്, കാരാഗൃഹപ്രമാണിയും അവന്റെ വീട്ടിലുള്ളവരും വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്തു. പിന്നെ അവർ സന്തോഷിച്ചു. പൗലൊസ് ശിശുക്കളോട് ദൈവവചനം സംസാരിച്ചിരിക്കുകയില്ല, അവർക്ക് വിശ്വസിക്കുവാനും കഴിയുകയില്ല-എങ്കിലും ആ "വീട്ടിലുള്ള എല്ലാവരോടും" അവൻ ദൈവവചനം അറിയിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്.

(5) പ്രവൃത്തികൾ 18:8. ക്രിസ്പോസ് (പൗലൊസ് വ്യക്തിപരമായി സ്നാനപ്പെടുത്തിയ ആൾ; 1 കൊ. 1:14) അവനും അവന്റെ കുടുംബവും കർത്താവിനെ കുറിച്ചു കേട്ടു, വിശ്വസിച്ചു. ശിശുക്കൾക്ക് വിശ്വസിക്കുവാനുള്ള കഴിവില്ല.

(6) 1 കൊരിന്ത്യർ 1:16. സ്തെഫാനൊസിന്റെ കുടുംബത്തെയും പൗലൊസ് സ്നാനപ്പെടുത്തിയതായി പറഞ്ഞിരിക്കുന്നു. അവിടെയും ശിശുക്കളെ ഉൾപ്പെടുത്തിയിട്ടില്ല, കാരണം, അവന്റെ ഭവനം "വിശുദ്ധന്മാരുടെ ശുശ്രൂഷക്ക് തങ്ങളെത്തന്നെ ഏൽപിച്ചിരുന്നു" (1 കൊ. 16:15).

പ്രാരംഭ സഭയിൽ ശിശുക്കളെ സ്നാനപ്പെടുത്തിയതായ ഉദാഹരണങ്ങൾ ബൈബബിളിൽ ഇല്ല. സ്നാനത്തിനു മുൻപ് ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ശിശുക്കൾക്ക് ഒഴിവായിരിക്കുന്നതിനാൽ, അവർക്ക് സ്നാനപ്പെടേണ്ട ആവശ്യമില്ല.

## പ്രായോഗികത

### ക്രിസ്തു നമ്മിൽ

അന്യോന്യം ബന്ധപ്പെട്ടിരിക്കുന്ന വിധത്തിലാണ് ക്രിസ്ത്യാനികളിൽ

ക്രിസ്തു വസിക്കുന്നു എന്ന പ്രാധാന്യം വെളിപ്പെടുത്തുന്നത്. ക്രിസ്തു മുഖാന്തരമുള്ള ദൈവത്തിന്റെ പദ്ധതി ക്രിസ്ത്യാനികൾ മനസിലാക്കിയിരിക്കണം (2:2). നാം ക്രിസ്തുവിൽ നടക്കണം (2:6), നാം ക്രിസ്തുവിനോടുകൂടെ ജീവിക്കുമ്പോൾ (2:13) വളർച്ചക്കായി നാം ക്രിസ്തുവിനെ തലയായി സ്വീകരിക്കുന്നു (2:19). യേശുവിന്റെ വചനം നമ്മിൽ വസിക്കണം (3:16). ക്രിസ്തുവിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധങ്ങൾ: "കർത്താവിൽ ഉചിതമാകുംവണ്ണം" വേണം ഭാര്യമാർ ഭർത്താക്കന്മാരോട് ബന്ധപ്പെടുവാൻ (3:18); മക്കൾ അമ്മയപ്പന്മാരെ അനുസരിക്കുന്നത് "കർത്താവിന്നു പ്രസാദ-കരമാണ്" (3:20); ദാസന്മാർ തങ്ങളുടെ യജമാനന്മാരെ അനുസരിക്കേണ്ടത്, "കർത്താവിന്റെ ഭയത്തിൽ" ആയിരിക്കണം (3:22). യജമാനന്മാർ, തങ്ങൾക്ക് "ഒരു യജമാനൻ സ്വർഗത്തിൽ ഉണ്ട്" എന്നോർത്തുകൊണ്ടായിരിക്കണം ദാസന്മാരോട് പെരുമാറുവാൻ (4:1). ഓരോ സേവനവും ക്രിസ്തുവിന് എന്നപോലെ, ഹൃദയംഗമമായിരിക്കണം (3:23).

### മാനുഷിക തത്വങ്ങളെ പിന്തുടരുവാൻ തുനിയരുത് (2:8)

വാസ്തവത്തിലുള്ള പരിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും ഉറവിടം യേശു ആണെന്ന് നാം ഓർക്കണം. മാനുഷികമായ സമ്പ്രദായങ്ങൾ വഞ്ചനാത്മകമാണ്. ക്രിസ്ത്യാനികൾ മനുഷ്യരുടെ ചിന്തയാൽ മലിനപ്പെടുത്തുന്ന മനുഷ്യരുടെ ജ്ഞാനത്തിലേക്കും വിവേകത്തിലേക്കും തിരിഞ്ഞാൽ, ആത്മാക്കളെ തൃപ്തിപ്പെടുത്തിയ ജീവജലത്തിൽനിന്നു വിട്ടുതിരിയുകയായിരിക്കും ഫലം. യിസ്രായേൽ തന്നിൽനിന്നും, ജീവിപ്പിക്കുന്ന നീരുറവയിൽനിന്ന് വെള്ളമില്ലാത്ത കിണറുകളെ കുഴിച്ച് അകന്നു പോയതായി ദൈവം യിരെമ്യാവിനോട് പറഞ്ഞു (യിരെ. 2:13).

നല്ല വിളവു പുറപ്പെടുവിക്കുന്നതിനു തടസമായിരിക്കുന്ന മുള്ളും കളയും വയലിൽനിന്നു നീക്കണം. ശുദ്ധമായ നീരുറവയിലേക്ക് മാലിന്യം ഒഴുകുന്നതുപോലെയായിരിക്കും അത്, അല്ലെങ്കിൽ രോഗപ്രതിരോധനത്തിനുള്ള മരുന്നിൽ വിഷം കലരുന്നതുപോലെ ആയിരിക്കും അത്. ക്രിസ്ത്യാനികൾ അവന്റെ നിർമ്മലമായ ഉപദേശം മാത്രമെ സ്വീകരിക്കാവു. അതിനു മാത്രമെ നമ്മെ രക്ഷിക്കുവാൻ കഴിയു.

### യേശുവിനു പൂർണ്ണ ദൈവികത്വമുണ്ട് (2:9)

പിതാവിനേക്കാൾ ഒട്ടും കുറഞ്ഞ പ്രകൃതമല്ല യേശുവിന്റേത്. അവൻ സകല മനുഷ്യരേക്കാളും ശ്രേഷ്ഠനാണ്. അക്കാരണത്താൽ, അവന്ന് മനുഷ്യർ ഏറ്റവും വലിയ ആദരവും ബഹുമാനവും കൊടുക്കണം. അവൻ ആരാധനക്ക് യോഗ്യനാണ്. ഇരുപത്തി-നാല് മൂപ്പന്മാരും കുഞ്ഞാടായ യേശുവിന്റെ മുൻപിൽ വീണു (വെളി. 5:8) സകല സ്വർഗീയ സൈന്യവും അവനും പിതാവിനും ആരാധ്യമായ ആദരവ് പ്രകടിപ്പിച്ചു (വെളി. 5:11–14). അവനെ ആരാധിക്കുവാനാണ് ദൂതന്മാരെയും പ്രബോധിപ്പിച്ചത് (എബ്രാ. 1:6).

ദൈവം ആയതുകൊണ്ട്, അവന് മനുഷ്യരുടേതായ പരിമിതികൾ ഇല്ലായിരുന്നു. അവന്നു സകല അധികാരവും ശക്തിയും ഉണ്ടായിരുന്നു (മത്താ. 28:18), അവന്റെ സാന്നിധ്യമാണ് പ്രപഞ്ചത്തെയും അവന്റെ സകല അനുയായികളെയും നിലനിർത്തുന്നത് (മത്താ. 28:20; സങ്കീ. 139:7–12)

**നമ്മുടെ ആവശ്യങ്ങൾക്ക് യേശു മതിയായവനാണ് (2:10)**

തികവുള്ള യേശുവിന് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയും. അതിനായി ദൈവം അവസാനമായി ചെയ്ത പ്രവൃത്തി യേശുവിനെ ക്രൂശിൽ മരിക്കുവാൻ അനുവദിക്കുക എന്നതായിരുന്നു (എബ്രാ. 5:8, 9). അവന്റെ ജീവിതം, മരണം, ഉയർത്തെഴുന്നേൽപ് എന്നിവ എല്ലാ ആളുകളേയും അനുഗ്രഹിക്കേണ്ടതായിരുന്നു. അവയിൽ ദൈവത്തോടുള്ള നിരപ്പും ഉൾപ്പെടുന്നു (2 കൊ. 5:18–20; കൊലൊ. 1:20–22), പാപമോചനവും (മത്താ. 26:28), നീതിയും (2 കൊ. 5:21) ആത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റും (ഫിലി. 4:19). "കർത്താവ് എനിക്കു തുണ" എന്നു ക്രിസ്ത്യാനികൾക്ക് ധൈര്യമായി പറയാം (എബ്രാ. 13:6). "ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു (എബ്രാ. 13:5).

തന്നെ അനുഗമിക്കുന്നവരെ സംരക്ഷിക്കുവാൻ അവനു കഴിവുള്ളതിനാൽ, ക്രിസ്ത്യാനികൾ അവനിൽ പൂർണ്ണരാകുന്നു. മുൻപെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്താ. 6:33). നീതിയോടെ ജീവിക്കുന്നവർക്ക് ദൈവം ഒരു നന്മക്കും മുട്ട് വരുത്തുകയില്ല (സങ്കീ. 84:11).

**യേശു നമുക്ക് നൽകിയിരിക്കുന്നു (2:11–13)**

നമുക്ക് ആവശ്യമുള്ളതെല്ലാം യേശു നൽകിയിരിക്കയാലാണ്, നാം ക്രിസ്തുവിൽ പൂർണ്ണരാകുന്നത്. നമുക്ക് ആത്മികമായ പരിഛേദനയും, പുതിയജീവനും പാപമോചനവും നൽകുന്നു.

(1) *ആത്മിക പരിഛേദന.* എല്ലാവരും പാപം ചെയ്തു (റോമ. 3:23), അതുകൊണ്ട്, ക്രിസ്ത്യാനികളാകുന്നതിനുമുൻപ് എല്ലാവരും പാപത്താൽ മലിനപ്പെട്ടിരുന്നു. ഒരു വ്യക്തി ക്രിസ്തുവിനോട് അനുസരണത്താൽ പ്രതികരിക്കുമ്പോൾ, യേശു അവനെ സകല ആത്മികമായ മാലിന്യവും പോക്കി ശുദ്ധീകരിക്കുന്നു. ശാരീരിക പരിഛേദനയാൽ അഗ്ര ചർമ്മം ഛേദിക്കുന്നതുപോലെ, ക്രിസ്ത്യാനിയാകുമ്പോൾ, ആത്മികപരിഛേദനയാൽ പാപസംബന്ധമായ പരിശീലനങ്ങൾ അവനിൽ പിന്നീട് വരാതിരിക്കുന്നു. യഥാർത്ഥ ക്രിസ്ത്യാനിയാകുമ്പോൾ, ആ വ്യക്തിയിൽ ഒരു പൂർണ്ണമായ മാറ്റം ഉണ്ടാകുന്നു; അവന്റെ പാപജീവിതം പിന്നെ പാപത്തെ സേവിക്കുന്നതു നിർത്തി ക്രിസ്തുവിനെ സേവിക്കുവാൻ തുടങ്ങുന്നു.

(2) *ജീവന്റെ പുതുക്കം.* ക്രിസ്ത്യാനിയാകുന്നതിനു മുൻപ്, ഒരു വ്യക്തി പാപത്തിൽ മരിച്ചിരുന്നു. ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസം മൂലം, സ്നാനം ഏൽക്കുമ്പോൾ അയാൾ ആത്മിയമായി ജീവിക്കുന്നു. കഴിഞ്ഞകാല ജീവിതത്തിലെ മോശമായ പെരുമാറ്റവും, പരിശീലനവും അവസാനിപ്പിച്ച്, ജീവന്റെ പുതുക്കത്തിന് തുടക്കം കുറിക്കുന്നു (റോമ. 6:4). യേശുവിന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും പങ്കാളിയായാൽ മാത്രമെ ക്രിസ്തുവിലുള്ള പുതിയ ജീവിതം ഫലവത്താകയുള്ളു. അഴുക്കുള്ള ഒരു പുഴുവിൽനിന്ന് മനോഹരമായ ഒരു ചിത്രശലഭം പുറത്തു വരുന്നതുപോലെ, ക്രിസ്ത്യാനിയാകുന്ന ഒരാൾക്ക് രൂപാന്തരം (റോമ. 12:2) സംഭവിക്കുന്നു.

(3) *പാപമോചനം.* ഒരാൾ പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ദൈവം അയാളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിക്കുന്നു. അവ പിന്നെ അവൻ ഓർമ്മിക്കുകയില്ല (എബ്രാ. 8:12). പാപം ക്ഷമിച്ചു കിട്ടിയ

ആളിൽ കഴിഞ്ഞകാല പാപങ്ങൾ ഒരിക്കലും അയാളെ വേദനിപ്പിക്കുകയും നിഷ്ക്രിയമാക്കുകയും ചെയ്യുന്ന വിധത്തിൽ കുറ്റം-വിധിക്കുകയില്ല. പൗലൊസ് അത് ഇങ്ങനെ പറഞ്ഞിരിക്കുന്നു: “ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരുപിക്കുന്നില്ല, ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു” (ഫിലി. 3:13, 14). ഒരു വ്യക്തിയെ വലിയ സമർപ്പണത്തിലേക്ക് നയിക്കുന്ന ഒന്നാണ് പാപക്ഷമാപണം തിരിച്ചറിയൽ, ഒരു ക്രിസ്ത്യാനി വെളിച്ചത്തിൽ നടക്കണം (1 യോഹ. 1:7). അയാളിൽ പിന്നെ പാപം വന്നാൽ, അത് ഏറ്റുപറയണം (പ്രവൃ. 8:22; 1 യോഹ. 1:9).

യേശു നമ്മുടെ എല്ലാമാണ്. അവൻ ദൈവമാണ്. അവനിൽ നമ്മെ പൂർണ്ണരാക്കുന്നു, കാരണം അവൻ നമ്മുടെ ആത്മികമായ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നു.

**യേശു ന്യായപ്രമാണത്തെ നീക്കി (2:14, 15)**

യേശു ന്യായപ്രമാണത്തെ നീക്കം ചെയ്തു (2:14) കാരണം അത് പാപങ്ങളെ പൂർണ്ണമായി നീക്കുവാൻ കഴിയാത്ത വിധം ബലഹീനവും നിഷ്പ്രയോജനവുമായിരുന്നു (റോമ. 8:3; എബ്രാ. 7:18, 19). ന്യായപ്രമാണം ലംഘിന്നവരെ അത് ശാപഗ്രസ്തരാക്കിയിരുന്നു (ഗലാ. 3:10). എല്ലാവരും പാപം ചെയ്തിരുന്നതുകൊണ്ട് എല്ലാവരും ശപിക്കപ്പെട്ടവരായി തീർന്നിരുന്നു. (റോമ. 3:23). ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു ക്രിസ്തു നമ്മെ വീണ്ടെടുത്തു (ഗലാ. 3:13).

പഴയനിയമം കരുണ കൂടാതെയുള്ളതായിരുന്നുവെങ്കിൽ (എബ്രാ. 10:28), പുതിയനിയമം കരുണാധിക്യപ്രകാരം ഉള്ളതാണ് (എബ്രാ. 8:12). ന്യായപ്രമാണം മുഖാന്തരം കൃപ ലഭിച്ചിരുന്നില്ല (ഗലാ. 5:4), എന്നാൽ കൃപയും സത്യവും പുതിയ നിയമത്തിൽ ലഭ്യമാക്കി (യോഹ. 1:14, 16, 17). ന്യായപ്രമാണം, അതിൻ കീഴിലുള്ളവർക്ക് മരണമാണ് കൊണ്ടുവന്നത് (2 കൊ. 3:7). ആത്മികമായ ജീവൻ ക്രിസ്തുമുഖാന്തരം മാത്രമാണ് വരുന്നത് (യോഹ. 14:6; 1 യോഹ. 5:11, 12).

ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചവരെല്ലാം ശിക്ഷാവിധിയിലായിരുന്നു (2 കൊ. 3:9 നോക്കുക) നീതിയില്ലാതെയുമായിരുന്നു ജീവിച്ചത് (ഗലാ. 2:21; 3:21). യേശുവിലാകുന്നവർ അവൻ മുഖാന്തരം നീതിമാന്മാരാകുന്നു (റോമ. 5:21; 2 കൊ. 5:21).

സാത്താന് ആളുകളിൽ അധികാരമുള്ളത് അവരുടെ പാപം നിമിത്തം ആണ് (എബ്രാ. 2:14). ന്യായപ്രമാണം നീക്കുകയും, പാപങ്ങൾ മോചിച്ചുതരികയും ചെയ്തു യേശു സാത്താനെയും അവന്റെ ദുഷ്ടശക്തിയെയും അവൻ തോൽപിച്ചു. ക്രിസ്ത്യാനികൾക്ക് ക്രിസ്തു മുഖാന്തരം ജയം ലഭിക്കുന്നു (1 കൊ. 15:56, 57).

---

കുറിപ്പുകൾ

[1]ആ അനുഗ്രഹങ്ങളെ പറഞ്ഞിരിക്കുന്ന വാക്യങ്ങളാണ്, റോമർ 3:24; 8:1, 39;

1 കൊരിന്ത്യർ 1:2, 4 (2 തിമൊ. 1:9 നോക്കുക); 2 കൊരിന്ത്യർ. 5:17, 19, 21; എഫെസ്യർ 1:7; 2:13; കൊലൊസ്യർ 1:14; 2 തിമൊഥെയോസ് 2:10; 1 യോഹന്നാൻ 5:11. [2]1 കൊ. 11:3; എഫെ. 1:22; 4:15; 5:23; കൊലൊ. 1:18. [3]റാൽഫ് പി. മാർട്ടിൻ, *കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ, ന്യൂ* സെഞ്ചുറി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലി യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 82. [4]ഇബിഡ്, 81. [5]*സാർക്സ്* "ജഡം" എന്ന വാക്ക് കെജെവി 147 പ്രാവശ്യം തർജിമ ചെയ്തിരിക്കുന്നത് "പ്രാകൃതം" എന്നും രണ്ട് പ്രാവശ്യം "പ്രാകൃതമായ" എന്നും ഒരു പ്രാവശ്യം "ജഡികമായ" എന്നു മാണ്. [6]എച്ച് സി. ജി. മൗൾ, *ദ മെസേജ് ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രി ഡ്ജ്: യൂണിവേഴ്സിറ്റി പ്രസ് 1893; 1902), 103. [7]ഇബിഡ്. [8]ആർ.സി. ലൂക്കാസ്, *ദ മെസേജ് ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*: *ഫുൾണെസ് ആന്റ് ഫ്രീഡം*, ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്,: ഇന്റർ വാഴ്സിറ്റി പ്രസ്, 1980), 102. [9]ഹേയ്, 94–95. [10]കാർസൺ, *കൊലൊഷ്യൻസ്,* 67.

[11]ആ വാക്കുകൾ *സൺതാപ്റ്റോ* എന്നും ("കൂടെ അടക്കപ്പെട്ടു"; വാ. 12); *സുനേ ജെയിറോ* ("കൂടെ ഉയർക്കുകയും"; വാ. 12); *സുസൂപോയിയെയോ* എന്നുമാണ് ("കൂടെ ജീവിക്കുകയും"; വാ. 13). റോമർ. 6:5, 8; ഫിലി. 3:10; കൊലൊ. 3:1; 2 തിമൊ. 2:11 മായി താരതമ്യം ചെയ്യുക. [12]ജോൺ ഈ. ബർക്ക്ഹാർട്ട്, *വർഷിപ്* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1982), 131. [13]വില്യം ഹെൻഡ്രിക്സൺ, *എക്സ്പൊസിഷൻ ഓഫ് കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ*, ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പി ഡ്സ്, മൈക്ക്: ബേക്കർ ബുക്ക് ഹൗസ്, 1964), 117, എൻ. 87. [14]*അമേരിക്കൻ ഹെറി റ്റേജ് ഡിക്ഷ്ണറി*, 3ഡ്. എഡി. (2001), എസ്. വി. "ബ്റൈസ്." [15]ഏണെസ്റ്റ് ക്ലെയിൻ, *ഏ കോമ്പ്രഹെൻസിവ് എറ്റിമോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ഇംഗ്ലീഷ് ലാംഗേജ്* (ആംസ്റ്റർഡാം: എൽസ്വിയർ പബ്ലിഷിങ് കമ്പനി., 1966), 1:147. [16]ലാഴ്സ് ഹാർട്ട്മാൻ, "ബാപ്റ്റിസം" ഇൻ ദ ആങ്കർ ബൈബിൾ ഡിക്ഷ്ണറി, എഡി. ഡേവിഡ് നോവേൽ ഫ്രീമാൻ (ന്യൂ യോർക്ക്: ഡബിൾഡേ, 1992), 1:583. [17]മാസ്സി എച്ച്.ഷെഫേർഡ്, ജൂനി യർ. *എൻസൈക്ലോപീഡിയ ഇന്റർ നാഷ്ണൽ* (ഡാൻബറി കോൻ: ലെക്സിക്കൻ പബ്ലിക്കേഷൻസ്, 1981), 378. [18]ജെ. ബി. ലൈറ്റ്ഫുട്ട്, *നോട്ട്സ് ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് സെന്റ് പോൾ: 1 ആന്റ് 2 തെസ്സലൊനീക്യർ, 1 കൊരിന്ത്യർ 1–7, റോമർ, 1–7, എഫെസ്യർ, 1:1–14,* തോർനാപ്പിൾ കമെന്ററീസ് (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1895; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്: ബേക്കർ ബുക്ക് ഹൗസ്, 1980), 296. [19]റോബർട്ട് ജി. ബാച്ചർ ആന്റ് യൂജിൻ ഏ. നിഡാ, ഏ *ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോ ൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ,* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യൂയോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 57. [20]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി* (കൊളൊറാഡോ സ്പ്രിങ്സ്, കൊളൊ.: ചാരിയറ്റ് വിക്ടർ പബ്ലിഷിങ്, കുക്ക് കമ്മൂ ണിക്കേഷൻസ്, 1989), 2:127.

[21]ജെയിംസ് ഡി. ജി.ഡൺ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, ദ ന്യൂ ഇന്റർനാഷ്ണൽ ഗ്രീക്ക് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1996), 156. [22]ആൽബ്രെറ്റ് ഒയേപ്കെ, *ബാപ്റ്റോ ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റെൽ, ട്രാൻസ്. ആന്റ് എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 1:539. [23]ബാർക്ലേ എം. ന്യൂമാൻ ആന്റ് യൂജിൻ ഏ. നിഡ, *ഏ ട്രാൻസ്ലേറ്റേഴ്സ്*

*ഹാന്റ് ബുക്ക് ഓൺ പോൾസ് ലെറ്റർ ടു റോമൻസ്* (ന്യു യോർക്ക്.: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റിസ്, 1973), 53. [24]ഏ. എസ്.പീക്കെ, *എപ്പിസ്റ്റിൽ ടു ദ കൊലൊഷ്യൻസ്,* ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്, എഡി. ഡബ്ലിയു. എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ന്യു യോർക്ക്: ജോർജ് എച്ച്. ഡൊറാൻ കമ്പനി., 1897), 526. [25]സി. ജി. വിൽകെ ആന്റ് വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്,* ട്രാൻസ്. ആന്റ് റെവ. ജോസെഫ് എച്ച്. തേയർ (എഡിൻബറോ: ടി & ടി ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 513. [26]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 2ഡ് എഡി. ട്രാൻസ്. വില്യം എഫ്. ആമ്ഡ് ആന്റ് എഫ്. വിൽബർഗ് ജിഞ്ച്റിച്ച്, റെവ. ആൻ ആഗ.എഫ്. വിൽബർ, ജിഞ്ച്റിച്ച് ആന്റ് ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1979), 663. [27]ബാവർ (2000), 819. [28]ജെ. ബി. ലൈറ്റ്ഫുട്ട്, *സെന്റ് പേൾസ് എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ,* റെവ. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1916), 185; ആന്റ് കാർസൺ, *കൊലൊഷ്യൻസ്,* 67 നോക്കുക. ഒബ്ജെക്ടിവ് ജെനെറ്റിവ് കാണുന്ന മറ്റു വാക്യങ്ങൾ, മർ. 11:22; റോമ. 3:22, 26; ഗലാ. 2:16, 20; 3:22; എഫെ. 3:12; ഫിലി. 1:27; 3:9; 2 തെസ്സ. 2:13. [29]മാർവിൻ ആർ. വിൻസെന്റ്, *വേർഡ് സ്റ്റഡീസ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1946), 3:168. [30]അതേ വാക്ക് എഫെസ്യർ 1:19; 3:7; 4:16 ലും; *ഫിലിപ്പിയർ* 3:21; *കൊലൊസ്സ്യർ* 1:29; 2 *തെസ്സലൊനീക്യർ* 2:9, 11.

[31]ജെ. ഇതെൽ ജോൺസ്, *ദ ന്യു ബൈബിൾ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 1048. [32]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസലോണിയൻസ്*, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 140. [33]ഹെർബർട്ട് എം. കാർസൺ, *സ്റ്റാൻഡ് പെർഫെക്ട് ഇൻ വിസ്ഡം* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 110. [34]ലേവിസ് ബി. രാഡ്ഫോർഡ്, *ദ എപ്പിസ്റ്റിൽ ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ*, വെസ്റ്റ്മിനിസ്റ്റർ കമെന്ററീസ് (ലണ്ടൻ: മെതുയെൻ ആന്റ് കമ്പനി., 1931), 232. [35]റാൽഫ് പി. മാർട്ടിൻ, *കൊലൊഷ്യൻസ്; ദ ചർച്ചസ് ലോർഡ് ആന്റ് ദ ക്രിസ്റ്റ്യൻ ലിബർട്ടി* (എക്സെറ്റെർ. ഇംഗ്ലണ്ട്: പാറ്റർമോസ്റ്റർ പ്രസ്, 1972), 87. [36]ബ്രാച്ചർ ആന്റ് നിഡാ, 58. [37]ജി ആർ. ബീസ്ലേ-മുറേ, *ബാപ്റ്റിസം ഇൻ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1962), 154. [38]കാൾ ബ്രാൺ, *"ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ കൊലൊഷ്യൻസ്," ഇൻ ഏ കമെന്ററി ഓൺ ദ ഹോളി സ്ക്രിപ്ച്ചേഴ്സ്: ക്രിട്ടിക്കൽ, ഡോക്ട്രിനൽ, ആന്റ് ഹൊമിലെറ്റിക്കൽ, വിത്ത് സ്പെഷ്യൽ റെഫറൻസ് ടു മിനിസ്റ്റേഴ്സ് ആന്റ് സ്റ്റൂഡൻസ്,* ട്രാൻസ്. ആന്റ് എം. ബി. റിഡിൽ, എഡി. ജോൺ പീറ്റർ ലാഞ്ചെ (എഡിൻബറോ: ടി&ടി ക്ലാർക്, 1870), 7:46. [39]എഡ്വേർഡ് സ്ക്വീസെർ, *ദ ലെറ്റർ ടു ദ കൊലൊഷ്യൻസ്*: ഏ കമെന്ററി ട്രാൻസ്. ആൻഡ്രൂ ചെസ്റ്റർ (സൂറിച്ച്: ബെൻസിജർ വെർലാഗ്, 1976; റീപ്രിന്റ്, മിന്നപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982), 146. [40]ജെ. ഗ്രെഷാം മാചെൻ, *ന്യു ടെസ്റ്റമെന്റ് ഗ്രീക്ക് ഫോർ ബിഗിനേഴ്സ്* (ടൊറോൻടോ: കൊളിയർ-മാക്മില്ലൻ, 1951), 12.

[41]റോമ. 5:15-18, 20; 11:11, 12; 2 കൊ. 5:19; ഗലാ. 6:1; എഫെ. 1:7; 2:1, 5. [42]ബാവർ (2000), 770. [43]ഇബിഡ്., 954. [44]പീറ്റർ ടി. ഓബ്രിയെൻ, *കൊലൊഷ്യൻസ്, ഫിലെമോൻ,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 44 (വാക്കോ, ടെക്സ്.: വേർഡ് ബുക്ക്സ്, 1982), 119. [45]ബ്രാച്ചർ ആന്റ് നിഡാ, 60. [46]ബാവർ (2000), 290. [47]ഇബിഡ്., 1083. [48]ഇബി

ഡ്., 254. [49]ഇ. കെ. സിംസൺ ആന്റ് എഫ്. എഫ്.ബ്രൂസ്, *കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ് ആന്റ് ദ കൊലൊാഷ്യൻസ്*, ദ ന്യൂ ഇന്റർനാഷ്ണൽ *കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 238. [50]ഹെൻഡ്രിക്സൺ, 120–21.

[51]ഇബിഡ്., 121, എൻ. 90. [52]കാർസൺ, *കൊലൊാഷ്യൻസ്*, 69. [53]നോക്കുക, പുറ. 34:22–25; ലേവ്യ. 10:9; 11:1–40; സംഖ്യ. 10:10; 29:6; ആവ. 5:12–15; 2 ദിന. 8:13. [54]ലൈറ്റ്ഫുട്ട്, *കൊലൊാഷ്യൻസ്*, 189. [55]കാഴ്സൺ, *കൊലൊാഷ്യൻസ്,* 69. [56]ബാവർ (2000), 344. [57]ഇബിഡ്., 28–29. [58]എച്ച്. ഡെർമോട് മെക്ഡൊണാൾഡ്, *കമെന്ററി ഓൺ കൊലൊാഷ്യൻസ് & ഫിലെമോൻ* (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1980), 86. [59]ഇബിഡ്. [60]ക്ലിന്റൺ ഈ. ആർണോൾഡ്, *ദ കൊലൊാഷ്യൻ സിങ്ക്രെറ്റിസം* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1996), 279.

[61]ഇബിഡ്., 302. [62]ഇബിഡ്., 281. [63]ബ്രാച്ചർ ആന്റ് നിഡാ, 63. [64]ബാവർ (2000), 915. [65]എഡ്വേർഡ് സ്ക്വീസർ, "*സാർക്സ്,*" *ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യുടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് ഫ്രെഡറിച്ച്, ട്രാൻസ്. ആന്റ് എഡി. ജെഫ്രി ഡബ്ലിയു.ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1971), 7:135. [66]മെക്ഡോണാൾഡ്, 102. [67]ഹെൻഡ്രിക്സൺ, 116, എൻ. 86.